14-ാം പഞ്ചവത്സര പദ്ധതി 2022-27

2024-25 വാർഷിക പദ്ധതി

വികസന രേഖ

ആമുഖം

ബഹുമാന്യരെ,

വികസിത നവകേരളം എന്ന കാഴ്ചപ്പാടോടെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സവിശേഷതകളും ജനകീയ വികസന ക്ഷേമ പ്രശ്നങ്ങളും പരിഗണിച്ചു കൊണ്ട് പുതിയ കാലത്തിനനസരിച്ച് പൊന്നാനിയിലെ നഗരജനതയുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് ഊന്നൽ നൽകി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ഒരു പ്രാദേശിക ഭരണകൂടം എന്ന നിലയിൽ ഇക്കഴിഞ്ഞ 3 വർഷങ്ങളായി നഗരസഭ ഭരണസമിതി ശ്രമിച്ചു വരുന്നത്.

ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും പാർപ്പിടം ,കുടിവെള്ളം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമ മേഖലകളിൽ വലിയ മുന്നേറ്റം നടത്തുവാൻ ജനകീയാസൂത്രണപദ്ധതികളിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉല്പാദനമേഖലയിൽ പ്രതീക്ഷിച്ചത്ര പുരോഗതി കൈവരിക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. എന്നത് വരുംവർഷങ്ങളിൽ അതീവപരിഗണനയോടെ കാര്യക്ഷമവും പ്രായോഗികവുമായ രീതിയിൽ ഇടപെടേണ്ടതിന്റെ പ്രസക്തി നമ്മെ ഓർമ്മിപ്പിക്കുന്നു .

സമകാലിക സാമൂഹ്യപ്രശ്നങ്ങളായി മാറികൊണ്ടിരിക്കുന്ന മാലിന്യനിർമ്മാർജ്ജനം, അതിദാരിദ്ര്യ ലഘൂകരണം , ഭിന്നശേഷിക്കാർ, വയോജനങ്ങൾ, കുട്ടികൾ എന്നിവരുടെ ക്ഷേമപദ്ധതികൾ, ആസക്തിയായി പടരുന്ന ലഹരിഉപയോഗം, ഭൂരഹിതരുടെ പാർപ്പിടപ്രശ്നം, സന്തോഷഭരിതമായ പൊതുഇടങ്ങളൊരുക്കൽ തുടങ്ങിയ മേഖലകളിൽ അതീവപരിഗണനയോടെ കാര്യക്ഷമമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് വരുംവർഷങ്ങളിൽ ഭരണസമിതി ശ്രമിക്കുന്നത്. നിളയോരപാതയും, ടൂറിസം ബ്രിഡ്ജും, ഹാർബറും ബിയ്യം കായലും , ദേശീയപാതയും , തീരദേശറോഡും ഉൾപ്പെടെ മാറികൊണ്ടിരിക്കുന്ന പൊന്നാനിയിൽ ടൂറിസം വികസനരംഗത്ത് വലിയ സാധ്യതകൾ തുറക്കപ്പെടുകയാണ്. ടൂറിസം വികസനസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട്, കാലത്തിനനുസരിച്ച മാറ്റങ്ങൾ സൃഷ്ടിക്കാൻ നമുക്കാവണം.

പൊന്നാനിയുടെ സർവ്വതോൻമുഖമായ വികസനത്തിന് തുടക്കം കുറിക്കാൻ കഴിയുന്ന പദ്ധതികളും പരിപാടികളുമാണ് 2024-25 വാർഷികപദ്ധതിയിൽ ലക്ഷ്യം വെയ്ക്കുന്നത്. നഗരസഭയ്ക്ക് ലഭിക്കാവുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ, എം.എൽ.എ-എം.പി-പ്രാദേശിക വികസനഫണ്ടുകൾ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ വിനിയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജനപക്ഷ വികസനക്ഷേമപ്രവർത്തനങ്ങളിൽ ഊന്നൽ നൽകികൊണ്ടാണ് നാടറിഞ്ഞ നഗരഭരണത്തിന്റെ നാലാമത് വാർഷികപദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ആയത് പരിശോധിച്ച് പുതിയ കാലത്തിന്റെ വികസനപ്രശ്നങ്ങൾ പരിഗണിച്ച് പരിഹരിക്കുന്നതിന് കൂട്ടായ്മയോടെ നമുക്ക് ഒന്നിച്ചു നിൽക്കാം.

സ്നേഹാദരങ്ങളോടെ,

ശിവദാസൻ ആറ്റുപുറത്ത്,

ചെയർമാൻ,

പൊന്നാനി നഗരസഭ

പൊതുവിവരങ്ങൾ

നഗരസഭ രൂപീകരണം	: 1977 നവംബർ 15
നഗരസഭ വിപുലീകരണം	: 2000 ഒക്ടോബർ 2 (ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്ത് കൂട്ടിച്ചേർത്തു)
ജനസംഖ്യ	: 90442 (2011 ലെസെൻസസ്) ▪ സ്ത്രീകൾ - 47785 ▪ പുരുഷൻമാർ - 42657
വിസ്തീർണ്ണം	: 23.32 ച.കി.മീ
ഗ്രേഡ്	: I
വാർഡുകൾ	: 51
പട്ടികജാതി സംവരണവാർഡുകൾ	: 3
പട്ടികജാതി സ്ത്രീസംവരണവാർഡുകൾ	: 2
വനിതാസംവരണവാർഡുകൾ	: 26
ജില്ല	: മലപ്പുറം
താലൂക്ക്	: പൊന്നാനി
പാർലമെന്റ് മണ്ഡലം	: പൊന്നാനി
എം.പി.	: **ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ**
നിയമസഭാമണ്ഡലം	: പൊന്നാനി
എം.എൽ.എ	: **ശ്രീ. പി. നന്ദകുമാർ**
ഉൾപ്പെടുന്ന വില്ലേജുകൾ	: പൊന്നാനി നഗരം, ഈഴുവത്തിരുത്തി
അതിരുകൾ	
കിഴക്ക്	: കാലടി, എടപ്പാൾ ഗ്രാമപഞ്ചായത്തുകൾ
പടിഞ്ഞാറ്	: അറബിക്കടൽ
തെക്ക്	: കാഞ്ഞിരമുക്ക്, ബിയ്യംകായൽ, പുതുപൊന്നാനിപ്പുഴ
വടക്ക്	: ഭാരതപ്പുഴ
പ്രധാന വ്യവസായം	: മത്സ്യബന്ധനം, കയർ

പൊന്നാനി നഗരസഭ

ഭരണസമിതി

ചെയർമാൻ	: ശ്രീ. ശിവദാസൻ ആറ്റുപുറത്ത്
വൈസ് ചെയർപേഴ്സൺ	: ശ്രീമതി. ബിന്ദുസിദ്ധാർത്ഥൻ
ചെയർപേഴ്സൺ, വികസനകാര്യ സ്ഥിരംസമിതി	: ശ്രീമതി അജീന ജബ്ബാർ
ചെയർമാൻ, ക്ഷേമകാര്യ സ്ഥിരംസമിതി	: ശ്രീ. രജീഷ് ഊപ്പാല
ചെയർപേഴ്സൺ, ആരോഗ്യകാര്യ സ്ഥിരംസമിതി	: ശ്രീമതി. ഷീന.വി.എ
ചെയർമാൻ, മരാമത്ത്കാര്യ സ്ഥിരംസമിതി	: ശ്രീ. ഒ.ഒ.ഷംസു
ചെയർമാൻ, വിദ്യഭ്യാസകലാകായികകാര്യ സ്ഥിരംസമിതി	: ശ്രീ. ടി. മുഹമ്മദ് ബഷീർ
സെക്രട്ടറി	: ശ്രീ. സജിറൂൺ എസ്
മുനിസിപ്പൽ എഞ്ചിനീയർ	: ശ്രീ. രഘു.പി
ക്ലീൻ സിറ്റി മാനേജർ	: ശ്രീ. ദിലീപ്കുമാർ കെ
സൂപ്രണ്ട് (ജനറൽ വിഭാഗം)	: ശ്രീ. അഭിലാഷ് എം പി
സൂപ്രണ്ട് (റവന്യൂ വിഭാഗം)	: ശ്രീ. ഷോബിച്ചൻ കെ ജെ

പൊന്നാനി നഗരസഭ

ആസൂത്രണസമിതി അംഗങ്ങൾ

അദ്ധ്യക്ഷൻ : **ശിവദാസ് ആറ്റുപുറം (നഗരസഭ ചെയർമാൻ)**

ഉപാദ്ധ്യക്ഷൻ : **ശ്രീ സി പി മുഹമ്മദ് കുഞ്ഞി**

അംഗങ്ങൾ

1. ശ്രീമതി ബിന്ദു സിദ്ധാർത്ഥൻ – വൈസ് ചെയർപേഴ്സൺ
2. ശ്രീ മുഹമ്മദ് ബഷീർ ടി – ചെയർമാൻ, വിദ്യഭ്യാസകാര്യ സ്ഥിരംസമിതി
3. ശ്രീ രജീഷ് ഊപ്പാല – ചെയർമാൻ, ക്ഷേമകാര്യകാര്യ സ്ഥിരംസമിതി
4. ശ്രീമതി ഷീന വി എ – ചെയർപേഴ്സൺ, ആരോഗ്യകാര്യസ്ഥിരംസമിതി
5. ശ്രീമതി അജീന ജബ്ബാർ – ചെയർപേഴ്സൺ,വികസനകാര്യസ്ഥിരംസമിതി
6. ശ്രീ ഒ ഒ ഷംസു – ചെയർമാൻ, മരാമത്ത് സ്ഥിരംസമിതി
7. ശ്രീ സൈഫുള്ള – റിട്ട. എഞ്ചിനിയർ (ഇറിഗേഷൻ വകുപ്പ്)
8. ശ്രീ പി.കെ.എം മുഹമ്മദ് ഇഖ്ബാൽ – ഡയറക്ടർ (മൈനോരിറ്റി കോച്ചിംഗ് സെന്റർ)
9. ശ്രീ ടി അഹമ്മദ്കുട്ടി – ഇലക്ട്രിക്കൽ എഞ്ചിനിയർ
10. ശ്രീ ബാബുരാജ് – മുൻ നഗരസഭ കൗൺസിലർ
11. ഡോ.സിജിൻ – മെഡിക്കൽ ഓഫീസർ (ആയുർവേദം)
12. പ്രൊ. ഇമ്പിച്ചികോയ കെ – റിട്ട. അസോസിയേറ്റ് പ്രൊഫസർ

വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികൾ 2024–25

ക്രമ നമ്പ	വർക്കിംഗ് ഗ്രൂപ്പ്	ചെയർമാൻ	വൈസ് ചെയർമാൻ	കൺവീനർ
1	കൃഷിയും അനുബന്ധമേഖലയും	ശ്രീമതി .ഷാലി	ശ്രീമതി.സുഹ്റ വി.വി	ശ്രീ. പ്രദീപ്.പി (അഗ്രികൾച്ചർ ഓഫീസർ , പൊന്നാനി)
2	മൃഗസംരക്ഷണവും,ക്ഷീരവികസനവും	ശ്രീ. ഷാഹുൽ ഹമീദ്	ശ്രീമതി. ധന്യ പതിയാരത്ത്	ശ്രീ. അനിൽകുമാർ (സീനിയർ വെറ്റിറിനറി സർജൻ, ഈശ്വരമംഗലം പോളിക്ലിനിക്ക്)
3	പ്രാദേശികസാമ്പത്തിക വികസനം	ശ്രീ.ആയിഷ	ശ്രീ. അബ്ദുറഹിമാൻ	ശ്രീ. നിധിൻ പി (ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ)
4	ദാരിദ്ര്യ ലഘൂകരണം	ശ്രീമതി. റീന പ്രകാശൻ	ശ്രീമതി. ഒ.വി ഹസീന	ശ്രീ. മോഹനൻ.പി.പി (മെമ്പർസെക്രട്ടറി, പൊന്നാനി നഗരസഭ)
5	സാമൂഹ്യനീതി	ശ്രീമതി. നസീമ ഫിറോസ്	ശ്രീ. അബ്ദുൾ റഷീദ് മർവ്വ	ശ്രീമതി രശ്മി (ഐ.സി.ഡി.എസ് സൂപ്പർവൈസർ)
6	ജൻഡർ വികസനവും, കുട്ടികളുടെ വികസനവും	ശ്രീമതി. ആയിഷ അബ്ദു	ശ്രീമതി. പി.ഇന്ദിര	ശ്രീമതി നീന (ഐ.സി.ഡി.എസ് സൂപ്പർവൈസർ)
7	പട്ടികജാതി വികസനം	ശ്രീമതി. ബിൻസി	ശ്രീ. കെ.സി താമി	ശ്രീ . റിയാസ്.എ.കെ (പട്ടികജാതി വികസന ഓഫീസർ,)
8	ആരോഗ്യം	ശ്രീമതി. സുധ	ശ്രീ. മുഹമ്മദ് കുട്ടി മാസ്റ്റർ	ഡോ.സുരേഷ്കുമാർ.എ (സൂപ്രണ്ട് ,ഇമ്പിച്ചിബാവ മെമ്മോറിയൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി)
9	വിദ്യഭ്യാസം,കല,സംസ്കാരം, കായികം,യുവജനകാര്യം	ശ്രീ.വി.പി സുരേഷ്	ശ്രീ. ഹബീബ് റഹ്മാൻ കെ വി	ശ്രീ. വി കെ പ്രശാന്ത് (പ്രിൻസിപ്പാൾ, തൃക്കാവ് ഗവ.ഹയർസെക്കണ്ടറി സ്കൂൾ)
10	പൊതുമരാമത്ത് , ഊർജ്ജം	ശ്രീ.അബ്ദുൾ സലാം	ശ്രീ. സൈഫുള്ള	ശ്രീ. രഘു.പി (മുനിസിപ്പൽ എഞ്ചിനീയർ)
11	പാർപ്പിടം	ശ്രീ. പ്രബീഷ്	ശ്രീ. മഷൂദ്	ശ്രീ. മോഹനൻ.പി.പി (മെമ്പർസെക്രട്ടറി, പൊന്നാനി നഗരസഭ)
12	കുടിവെള്ളം	ശ്രീ. ഷാഫി	ശ്രീ. കെ.ദിവാകരൻ	ശ്രീ. രഘു.പി (മുനിസിപ്പൽ എഞ്ചിനീയർ)
13	പൊതുഭരണവും, ധനകാര്യവും	ശ്രീ. അശോകൻ വെള്ളാനി	ശ്രീ. എ രാമകൃഷ്ണൻ	ശ്രീ. സജിറൂൻ എസ് (നഗരസഭ സെക്രട്ടറി)
14	നഗരാസൂത്രണം	ശ്രീ. അബ്ദുൾ ലത്തീഫ്	ശ്രീ. ടി.ദാമോദരൻ	ശ്രീ. രഘു.പി (മുനിസിപ്പൽ എഞ്ചിനീയർ)
15	ശുചിത്വം, മാലിന്യസംസ്കരണം	ശ്രീ. മഞ്ചേരി ഇഖ്ബാൽ	ശ്രീ. ബാലകൃഷ്ണൻ തേറയിൽ	ശ്രീ. ദിലീപ്കുമാർ.കെ (ക്ലീൻസിറ്റി മാനേജർ)
16	മത്സ്യബന്ധനം	ശ്രീ. സൈഫു പൂളക്കൽ	ശ്രീ. എം.എ.ഹമീദ്	ശ്രീമതി.അമൃതഗോപൻ (ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ,പൊന്നാനി)
17	ജൈവവൈവിധ്യ പരിപാലനം, പരിസ്ഥിതിസംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ദുരന്തനിവാരണം	ശ്രീ.ശിവദാസ് ആറ്റുപുറം (നഗരസഭ ചെയർമാൻ)	ശ്രീമതി.ഇ.കെ.സീനത്ത്	ശ്രീ. സജിറൂൻ.എസ് (നഗരസഭ സെക്രട്ടറി)

വികസനസ്ഥിതി അവസ്ഥാവിശകലനം

പൊന്നാനിയുടെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകൾ

പൗരാണിക കാലം മുതൽക്കേ ചരിത്രത്തിൽ സ്ഥാനംപിടിച്ച പശ്ചിമതീരത്തെ തുറമുഖ പട്ടണങ്ങളിലൊന്നാണ് പൊന്നാനി. പൊന്നാനി എന്ന സ്ഥലനാമത്തിന്റെ പിന്നിലുള്ള ഐതിഹ്യങ്ങൾ ഒട്ടേറെയാണ്. അതി പ്രാചീന തുറമുഖപട്ടണമായ ഇവിടെ പൗരാണിക കാലം മുതൽ അറബികളും പേർഷ്യക്കാരും മറ്റു വിദേശികളും വ്യാപാരത്തിനായി വരികയും പൊൻനാണയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ പൊൻനാണയങ്ങളുടെ നാട് പിന്നീട് പൊന്നാനി എന്നറിയപ്പെട്ടു. ഇവിടുത്തെ ക്ഷേത്രങ്ങളിൽ പൊന്നാനയെ നടയിരുത്തിയിരുന്നതുമൂലമാണ് പൊന്നാനിയെന്നും പൊന്നൻ എന്ന നാടുവാഴി ഭരിച്ച ദേശമായതുകൊണ്ടാണ് ഈ പേര് വന്നതെന്നും പറയപ്പടുന്നു. വാനിയെന്ന തമിഴ് പദത്തിനുള്ള അർത്ഥങ്ങളിൽ ഒന്നാണ് പുഴ. കൈരളിയുടെ സംസ്ക്കാരം രൂപപ്പെടുന്നതിൽ സുപ്രധാന സ്ഥാനമുള്ള മലയാളിയുടെ നദിയായ നിളയിൽ അഴിമുഖത്തുവെച്ച് ആതവനാടിൽ നിന്ന് ഒഴുകിയെത്തുന്ന തിരൂർ, പൊന്നാനി പുഴ പതിക്കുന്ന ഈ ദ്വീവാനി (ദ്വിവേണി) സംഗമം അസ്തമയ സൂര്യന്റെ പൊൻകിരണങ്ങൾ ഏറ്റ് പൊൻപുഴയായി മാറുന്നു. പൊൻവർണ്ണമാകുന്ന പൊൻ വാനി അങ്ങനെ പൊന്നാനിയായി മാറി എന്നതാണ് മറ്റൊരു ഐതിഹ്യം.

പറങ്കിപ്പടയുടെ പേടിസ്വപ്നവും, സാമൂതിരിയുടെ നാവികപ്പടത്തലവൻമാരുമായിരുന്ന കോട്ടക്കൽ കുഞ്ഞാലിമരക്കാർ പല നിലയ്ക്കും പൊന്നാനിയുമായി ബന്ധമുള്ളവരായിരുന്നു. കൊച്ചിയിൽ വേരുകളുണ്ടായിരുന്ന ഇവർ കുറേക്കാലം കുടുംബസമേതം പാർത്തിരുന്നത് പൊന്നാനിയിലായിരുന്നു. 1507-ൽ അൽമേഡ എന്ന പറങ്കിപ്പടനായകൻ ഈ നഗരം ചുട്ടെരിച്ചതിനെ തുടർന്നാണ് മരയ്ക്കാർ കുടുംബം പൊന്നാനി വിട്ടുതാമസിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. 1766-ൽ ഹൈദരലിയുടെ കടന്നാക്രമണത്തോടെ, സാമൂതിരി ഭരണം അവസാനിച്ചു. തുടർന്ന് പൊന്നാനി മൈസൂർ സുൽത്താൻമാരുടെ ഭരണത്തിൻ കീഴിലായി. 1790-92-ൽ ടിപ്പുസുൽത്താൻ മൈസൂരിൽ നിന്നും കൊച്ചിയിലേക്ക് പടയെ അയച്ചിരുന്നു. അവർ പൊന്നാനി വഴിയാണ് സഞ്ചരിച്ചത്. ഈ വഴിയാണ് ആദ്യകാലത്ത് "ടിപ്പുസുൽത്താൻ റോഡ്" എന്നും ഇപ്പോൾ പുതുപൊന്നാനി റോഡ് എന്നും അറിയപ്പെടുന്നത്. ടിപ്പുവിന്റെ പതനത്തെതുടർന്ന് ബ്രിട്ടീഷ് ആധിപത്യത്തിലമർന്ന പൊന്നാനി, ഹ്രസ്വകാലം ബോംബെ പ്രോവിൻസിന്റെ ഭാഗമായിരുന്നു. പിന്നീട് ഒന്നര നൂറ്റാണ്ടിലേറെക്കാലം മദ്രാസ് പ്രോവിൻസിലെ മലബാർ ജില്ലയിലാണ് പൊന്നാനി ഉൾപ്പെട്ടിരുന്നത്. 1861-ൽ ചാവക്കാട്, കൂറ്റനാട്, വെട്ടത്തുനാട് എന്നീ താലൂക്കുകളുടെ വിവിധ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പൊന്നാനി താലൂക്ക് രൂപീകരിക്കുന്നതുവരെ പൊന്നാനി, കൂറ്റനാട് താലൂക്കിന്റെ ആസ്ഥാനമായിരുന്നു. 1901 വരെ പൊന്നാനി മുൻസിഫ് കോടതിയുടെ പേര് കൂറ്റനാട് മുൻസിഫ് കോടതി എന്നായിരുന്നു. 1907-ലാണ് പൊന്നാനി പഞ്ചായത്ത് രൂപീകൃതമാവുന്നത്. 1977 നവംബർ 15-നാണ് പൊന്നാനി നഗരസഭ രൂപീകൃതമായത്.

കേരളത്തിലെ പ്രകൃതിദത്തമായ തുറമുഖങ്ങളിലൊന്നാണ് പൊന്നാനി തുറമുഖം. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകൾക്ക് ഏറെ ആശ്രയിക്കാവുന്നതും, കിഴക്ക് കോയമ്പത്തൂർ വരെയുള്ള പ്രദേശങ്ങൾക്ക് ഏറ്റവും അടുത്തുള്ളതുമായ ഏക തുറമുഖം പൊന്നാനിയാണ്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ തുറമുഖത്ത് വൻതോതിലുള്ള കയറ്റുമതി നടന്നിരുന്നു. പൊന്നാനി തുറമുഖത്ത് അറബികളും, ബ്രിട്ടീഷുകാർ ഉൾപ്പെടെ മറ്റ് യൂറോപ്യൻമാരും മലബാറുമായി വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. 1960-കളിൽ പോലും കപ്പലുകൾ വന്നടുത്തിരുന്ന ഈ തുറമുഖത്ത് 1970-കളുടെ പകുതി വരെ പത്തേമാരികൾ പാതാറിൽ വന്നടുക്കുകയും ചരക്കുകളുടെ കയറ്റിറക്ക് നടക്കുകയും ചെയ്തിരുന്നു. പ്രാചീനകാലം മുതൽ ഇവിടെ തഴച്ചുവളരുകയും, ഈ അടുത്തകാലംവരെ നിലനിൽക്കുകയും ചെയ്തിരുന്ന "ഉരു" നിർമ്മാണ വ്യവസായം, ഇന്നൊരു മധുരിക്കുന്ന ഓർമ്മ മാത്രമായി അവശേഷിക്കുന്നു. ഈ പ്രദേശത്തുനിന്നും, ഒട്ടനവധി പേർ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. 1921-ൽ മലബാർ കലാപത്തിന് ആരംഭം കുറിച്ച ഖിലാഫത്ത് പ്രവർത്തകരുടെ ഒരു സമ്മേളനം പൊന്നാനിയിൽ വെച്ച് നടക്കുകയുണ്ടായി. 1939-ൽ പൊന്നാനിയിൽ നടന്ന ബീഡിതൊഴിലാളി സമരം ഈ നാട്ടിൽ നടന്ന ആദ്യകാല തൊഴിലാളി സമരങ്ങളായിരുന്നു. ബിലാൽ മസ്ജിദ്, തഖ്വാ മസ്ജിദ് തുടങ്ങിയ മുസ്ലിം പള്ളികൾ. മാഞ്ഞാഭഗവതി ക്ഷേത്രം, വേട്ടയ്ക്കൊരുമകൻ ക്ഷേത്രം തുടങ്ങിയവയാണ് ഈ നഗരപ്രദേശത്തെ പ്രധാന ആരാധനാലയങ്ങൾ.

കൈരളിയുടെ മക്ക എന്നറിയപ്പെടുന്ന പൊന്നാനി നഗരസഭയുടെ ഭൂപ്രദേശം നൂറ്റാണ്ടുകൾക്ക് മുൻപ് കടലിൽ നിന്നും വീണ്ടെടുത്ത കടൽപ്രദേശമാണെന്ന് വിശ്വസിക്കപ്പെടുന്നു. ഈ തീരസമതലപ്രദേശത്ത് വനമോ ചതുപ്പോ പാറയോ കുന്നുകളോ ഇല്ല. കൂടുതലും മണലും ചളിമണ്ണും കലർന്നതുമായ പ്രദേശമാണ് ഇവിടെയുള്ളത്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഈ പ്രദേശത്തെ കടലോരം, പുഴയോരം, കനാൽതീരം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്.

നഗരസഭയിലെ കടലോരത്ത് സ്ഥിതി ചെയ്യുന്ന വാർഡുകൾ പൂർണ്ണമായും മണൽപ്രദേശമാണ്. വർഷങ്ങൾക്ക് മുൻപ് വളരെ വീതിയേറിയ കടൽത്തീരമുണ്ടായിരുന്നു. നിരന്തരമായ കടലാക്രമണം കാരണം വളരെയേറെ കര നഷ്ടപ്പട്ടിട്ടുണ്ട്. നഗരസഭയുടെ ചില വാർഡുകൾ കാഞ്ഞിരമുക്ക് പുഴയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. പുഴയോരങ്ങളിൽ ചളിമണ്ണും മണലും കലർന്ന മണ്ണാണ് കാണപ്പെടുന്നത്. അതുകൊണ്ട് ഈ പ്രദേശത്ത് പുളിവെള്ളം കയറുന്നതും കൃഷി നശിക്കുന്നതും പതിവാണ്. നഗരസഭയെ രണ്ടായി വിഭജിച്ചുകൊണ്ടാണ് കനോലി കനാൽ ഒഴുകുന്നത്. ചളിമണ്ണും മണലും കലർന്ന മണ്ണാണ് ഇവിടെയുള്ളത്. ഇടത്തോടുകളിലൂടെ പുളിവെള്ളം കയറുന്ന പ്രശ്നം ഇവിടെയും കാണാറുണ്ട്.

പൊന്നാനിയുടെ വടക്ക് ഭാരതപ്പുഴയും തെക്ക് പൂക്കൈതപ്പുഴയും കിഴക്ക് കനോലി കനാലും പടിഞ്ഞാറ് അറബിക്കടലും അതിരിട്ട പൊന്നാനി നഗരവും സൗത്തും ഉൾപ്പെട്ട പ്രദേശം ആറിലധികം കിലോമീറ്റർ നീളവും അരക്കിലോമീറ്റർ വീതിയുമുള്ള ഒരു കൊച്ചു ദ്വീപാണ്. 19 ജുമാസ്ജിദുകളടക്കം 49 പള്ളികളുണ്ട്. വലിയപള്ളിയും വിളക്കത്തിരിക്കലും പൊന്നാനിയുടെ മറ്റൊരു സവിശേഷതയാണ്. വലിയ പള്ളിയുടെ കിഴക്ക് കനോലികനാലിന് കുറുകെയുള്ള പാലം കടന്ന് ചെന്നാൽ പള്ളിയുടെ മറുഭാഗത്ത് കാണുന്ന തൃക്കാവ് ദുർഗ്ഗാഭഗവതിക്ഷേത്രം ചരിത്രപ്രസിദ്ധമായ പ്രദേശത്തെ ഏറ്റവും പ്രമുഖമായ ക്ഷേത്രമാണ്. ദേശദിനകൂത്താൽ പ്രശസ്തമായ കണ്ടകുറുമ്പക്കാവ് ക്ഷേത്രവും സ്ഥിതിചെയ്യുന്നത് പൊന്നാനിയിലാണ്. സെന്റ് ആന്റണീസ് ചർച്ചും, മാർത്തോമക്കാരുടെ ചർച്ചും പൊന്നാനിയിൽ സ്ഥിതി ചെയ്യുന്നു.

തമിഴ്നാട്ടിലെ ആനമല നിരകളിലെ 1964 മീറ്റർ ഉയരത്തിലുള്ള തിരുമൂർത്തി ശൃംഗത്തിൽ നിന്ന് ഉത്ഭവിച്ച് സഹ്യന്റെ തെളിനീരായി പ്രവഹിച്ച് രൂപപ്പെടുന്ന ഭാരതപ്പുഴ പൊന്നാനി അഴിമുഖത്ത് വെച്ച് അറബിക്കടലിൽ ലയിക്കുന്നു. ചരിത്രമെഴുതിയ കടവ് എന്ന് വിശേഷിപ്പിക്കുന്ന പള്ളക്കടവ് ഭാരതപ്പുഴയിലെ ഏറ്റവും വീതി കൂടിയ കടവാണ്. പുഴയുടെയും, കടലിന്റെയും ഇളം തെന്നലേറ്റ് നൂറ്റാണ്ടുകളുടെ സ്മരണകളുമായി ഇവിടെ തലയുയർത്തി നിൽക്കുന്ന തോട്ടുങ്ങൽ ജുമുഅത്ത്പള്ളി പൊന്നാനിയിൽ ഇപ്പോൾ നിലവിലുള്ള പള്ളികളിൽ ഏറ്റവും ആദ്യം നിർമ്മിച്ച പള്ളിയാണ്.

പൊന്നാനി താലൂക്കിന്റെയും തൃശ്ശൂർ ജില്ലയുടെയും അതിർത്തി പ്രദേശമായ വെട്ടിക്കടവ് – ഒതളൂർ എന്നിവിടങ്ങളിൽ നിന്ന് രണ്ട് കൈവഴികളായി കോൾമേഖലയിലൂടെ ഒഴുകിയെത്തുന്ന പൂക്കൈതപ്പുഴ, ജില്ലയിലെ പ്രമുഖ വിനോദസഞ്ചാരകേന്ദ്രമായ ബിയ്യം കായലുമായി സംഗമിച്ച് പുതുപൊന്നാനി മുനമ്പം അഴിമുഖത്ത് ലയിക്കുന്നു. ഈ പ്രദേശത്തെ മിക്ക വീടുകളുടെയും ചാരെ ഓലമേഞ്ഞ ഷെഡ്ഡുകൾ കെട്ടി പുലർച്ചെ മുതൽ ചിമ്മിനി വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ആരംഭിക്കുന്ന കയർപിരി മൂവന്തിയോളം നീണ്ടു നിൽക്കുമായിരുന്നു. ഇവിടെ നിന്ന് വിദേശവിപണിയിലേക്ക് പറങ്കികളുടെ കാലത്തുതന്നെ കയർ കയറ്റുമതി ആരംഭിച്ചിരുന്നുവെന്നതാണ് ചരിത്രം. അക്കാലത്ത് കയർപണി വ്യാപകവും ഉപജീവന മാർഗ്ഗവുമായിരുന്നു. കുടിയേറിപാർത്ത നായാടി വിഭാഗം കയർകൊണ്ട് ഉറി, വടം മുതലായവ നിർമ്മിച്ചും, പതിറ്റാണ്ടുകൾക്ക് മുമ്പ് ആന്ധ്രയിൽ നിന്ന് പൂർവ്വീകർ എത്തി കോട്ടത്തറയിൽ വാസം ഉറപ്പിച്ച കുംഭാരൻമാർ മൺപാത്രം നിർമ്മിച്ചും കുലത്തൊഴിൽ ഉപജീവനമാക്കി താമസിച്ചുവരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഒട്ടനവധി പേർ ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. 1921-ൽ മലബാർകലാപത്തിൽ ആരംഭം കുറിച്ച ഖിലാഫത്ത് പ്രവർത്തകരുടെ ഒരു സമ്മേളനം പൊന്നാനിയിൽ വെച്ച് നടക്കുകയുണ്ടായി. 1939 ൽ പൊന്നാനിയിൽ നടന്ന ഐതിഹാസിക ബീഡിത്തൊഴിലാളി സമരം ചരിത്രത്തിൽ ഇടം നേടി.

ഇന്ന് കാണുന്ന പൊന്നാനി നൂറ്റാണ്ടുകൾക്ക് മുമ്പ് കടൽ ആയിരുന്നു എന്നാണ് വിശ്വസിച്ചുവരുന്നു. നിരന്തരം കടൽക്ഷോഭം അനുഭവപ്പെടുന്ന പ്രദേശംകൂടിയാണ് പൊന്നാനി. വർഷം തോറും കിഴക്ക് പടിഞ്ഞാറൻ മൺസൂൺകാലത്ത് കടൽ പ്രക്ഷുബ്ദമായി കടലോരങ്ങളിൽ ദുരന്തം വിതക്കാറുണ്ട്. 1924 ലെ വെള്ളപ്പൊക്കം പൊന്നാനിയെ ബാധിച്ചു. 2004-ൽ ഉണ്ടായ സുനാമി പൊന്നാനിയെ ബാധിച്ചില്ല. 2017-ലുണ്ടായ ഓഖി ചുഴലിക്കാറ്റ്, 2021-ലെ ടൗട്ടെ ന്യൂനമർദ്ദവും, കടൽക്ഷോഭവും പൊന്നാനിയുടെ തീരപ്രദേശത്ത് കനത്ത നാശമാണുണ്ടാക്കിയത്. 2018-ൽ കേരളം കണ്ട നൂറ്റാണ്ടിലെ മഹാപ്രളയം ആഗസ്റ്റ് 14 ന് രാത്രി പൊന്നാനിയിൽ വെള്ളപ്പൊക്കത്തിന് കാരണമായി. ഭാരതപ്പുഴ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് കനത്ത നാശനഷ്ടമാണ് ആദ്യപ്രളയം സൃഷ്ടിച്ചത്. മഹാചുഴലിക്കറ്റിനെ തുടർന്ന് കടൽ വീണ്ടും പ്രക്ഷുബ്തമായി. 2019-ലെ പ്രളയം 2018-ലെ അപേക്ഷിച്ച്, ആസൂത്രണ മികവോടെ അതിജീവിക്കാൻ പൊന്നാനിക്കായി. കോവിഡ്മഹാമാരിയെ ജനകീയകൂട്ടായ്മയോടെ പ്രതിരോധിക്കാനും, കോവിഡ് ബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പതിമൂന്നാംപഞ്ചവത്സരപദ്ധതി – അവലോകനം

കഴിഞ്ഞ അഞ്ചുവർഷത്തെ നന്മപൂക്കുന്ന നഗരഭരണം, പൊന്നാനിയുടെ നഗരസഭാഭരണ ചരിത്രത്തിലെ വേറിട്ട ഒരു കാലഘട്ടമായിരുന്നു. സുസ്ഥിരവികസനത്തിന്റെ അടിസ്ഥാന ശിലകൾ പാകി, വൈവിദ്ധ്യമാർന്ന പദ്ധതികൾ വിവിധ മേഖലകളിൽ നടപ്പിലാക്കിയ കഴിഞ്ഞ ഭരണസമിതിയുടെ തുടർച്ചകളിലൂടെ മുന്നോട്ട് പോകാൻ നഗരസഭയ്ക്ക് കഴിഞ്ഞു. സംസ്ഥാനസർക്കാരിന്റെ പദ്ധതിമാർഗ്ഗനിദേശങ്ങൾ പാലിച്ച് വ്യത്യസ്ത മേഖലകളിൽ നവീന പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ട് പോകാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. സാമ്പത്തികമായ പരിമിതികൾ ഉള്ളതിനാൽ ബഹുവർഷപദ്ധതികളായി, വലിയ പദ്ധതികളെ പുന:ക്രമീകരിക്കുക അനിവാര്യമാണ്.

ഇതോടൊപ്പം പ്രധാനപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും പോയ കാലത്തെ നഗരസഭയ്ക്ക് കഴിഞ്ഞു. പൊതുഭരണനവീകരണവുമായി ബന്ധപ്പെട്ട് നഗരസഭ തുടക്കം കുറിച്ച എക്സ്പ്രസ് കൗണ്ടർ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധ പിടിച്ചുപറ്റി. അവശ്യസർട്ടിഫിക്കറ്റുകൾ കാലതാമസമില്ലാതെ ജനങ്ങൾക്ക് നൽകുന്ന ഈ പദ്ധതി വിവിധമേഖലകളിലേക്ക് വിപുലീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നു.

ജനസാന്ദ്രതയേറിയ നമ്മുടെ നഗരത്തിൽ ഭാവിയെ മുന്നിൽകണ്ട് സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ സംസ്ഥാനസർക്കാരിന്റെ സഹായത്തോടെയുള്ള നഗരസഭയിൽ ശ്രമങ്ങൾ മുന്നോട്ട്പോകുകയാണ്. അതിനാവശ്യമായ ഡി.പി.ആറും, അനുബന്ധനടപടികളും പൂർത്തീകരിച്ചുവരുന്നു. കിഫ്ബി വഴി ഒരു കോടി നാൽപ്പത്തൊന്ന് ലക്ഷം രൂപ ചെലവിൽ ആധുനിക മത്സ്യമാർക്കറ്റ് നഗരസഭയിൽ ആരംഭിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട മെയിന്റനൻസ്, വായ്പ തിരിച്ചടവ് കരാറുകൾ കൗൺസിൽ അംഗീകാരത്തോടെ പൂർത്തീകരിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം മാതൃശിശുആശുപത്രിക്ക് മാത്രമായി ഒരു STP ആരംഭിക്കാനുള്ള ശ്രമവും നഗരസഭ തുടരുകയാണ്.

കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത്പ്രവർത്തികളിൽ എൺപത് ശതമാനവും പൂർത്തികരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നഗരസഭ ഭരണസമിതി കൊല്ലൻപടിയിലെ മാലിന്യകേന്ദ്രം കവിമുറ്റം ജെറിയാട്രിക് പാർക്കായി വികസിപ്പിച്ചതുപോലെ, ഈ വർഷം പൊന്നാനികടലോരത്ത് അതിമനോഹരമായ കടൽമുറ്റം സാംസ്കാരികപാർക്ക് നാടിന് സമർപ്പിക്കാനും കഴിഞ്ഞ പദ്ധതികാലത്ത് കഴിഞ്ഞു. 162 ചെറുതും വലുതുമായ കോൺക്രീറ്റ്റോഡുകളും, നടപ്പാതകളും നവീകരിക്കുന്നതിന് 858 ലക്ഷവും, 15 റോഡുകളുടെ നവീകരണത്തിനും, റീടാറിങ്ങിനുമായി 111 ലക്ഷവും, 7 അംഗനവാടികളുടെ വിവിധ നവീകരണ പ്രവർത്തികൾക്ക് 51 ലക്ഷം രൂപയും, 6 ചെറിയ നടപ്പാലങ്ങളും, കൾവർട്ടുകളും നവീകരിക്കുന്നതിന് 6 ലക്ഷവും, 10 ഡ്രൈനേജുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 118 ലക്ഷവും, 9 സ്കൂളുകളിലെ വിവിധ നവീകരണപ്രവർത്തനങ്ങൾക്ക് 55 ലക്ഷം രൂപയും നഗരസഭ ചെലവഴിച്ചു.

അഭിമാനത്തോടെ എടുത്ത് പറയാവുന്ന മറ്റൊരു കാര്യം, സ്വന്തമായി സ്ഥലമില്ലാത്ത നാല് അങ്കണവാടികൾക്ക് സുമനസ്സുകളിൽ നിന്ന് സൗജന്യമായി 13 സെന്റ് സ്ഥലം ലഭ്യമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു എന്നതാണ്.

വിശപ്പുരഹിതനഗരം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു ജനകീയ ഹോട്ടലാണ് നഗരസഭയ്ക്കുണ്ടായിരുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മിനി സിവിൽ സ്റ്റേഷനിലും, ചന്തപ്പടി പെട്രോൾപമ്പിനടുത്തും പുതിയ രണ്ട് ജനകീയ ഹോട്ടലുകൾ കൂടി നഗരസഭ ആരംഭിച്ച വിവരം അഭിമാനപൂർവ്വം രേഖപ്പെടുത്തട്ടെ. തൊഴിലാളികൾക്കും, ദിവസവരുമാനക്കാർക്കും 20 രൂപക്ക് ഉച്ചയൂണൽകുന്ന ഈ പദ്ധതി അഭിമാനകരമായി നടപ്പിലാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ഥിരസംവിധാനത്തോടെ അർബൻ കിയോസ്ക്ക് നഗരസഭാ കോമ്പൗണ്ടിൽ ആരംഭിച്ചു. വ്യത്യസ്തമായ ചെറുകിടവനിതാസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകി.

ഭിന്നശേഷിക്കാർക്ക് വേണ്ടി ക്യാമ്പ് സംഘടിപ്പിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ 30 പേർക്ക് സി.പി.ചെയർ, എയർബെഡ്, വീൽചെയർ , വാക്കറുകൾ എന്നിവ നൽകാനും നഗരസഭയ്ക്ക് കഴിഞ്ഞു. ചലന–കേൾവി–എം.ആർ വൈകല്യങ്ങൾ ഉള്ളവർക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. ഭിന്നശേഷിവിഭാഗത്തിൽപെട്ടവിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ 306 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയത്. നഗരസഭയുടെ കീഴിലുള്ള ബഡ്സ് റീഹബിലിറ്റേഷൻ സെന്റർ അടക്കമുള്ള സ്പെഷ്യൽസ്കൂളുകളിലെ പഠിതാക്കളും, സാധാരണവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ

വിദ്യാർത്ഥികളുമാണ് ഗുണഭോക്താക്കൾ. 70 ലക്ഷം രൂപ മാറ്റി വെച്ച പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞു.

ഭിന്നശേഷിവിദ്യാർത്ഥികൾക്ക് വേണ്ടി കാലിക്കറ്റ്യൂണിവേഴ്സിറ്റി ഇൻഫോർമേഷൻ സെന്ററിന്റെ സഹായത്തോടെ നഗരസഭയുടെ നൂതനാവിഷ്കൃത പദ്ധതിയാണ് അനുയാത്ര. കമ്മ്യൂണിറ്റി ഡിസേബിലിറ്റി മാനേജ്മെന്റ് സെന്റർ എന്ന പേരിലാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടി ഫിസിയോതെറാപ്പി, സ്പീച്ച്തെറാപ്പി, റിഹാബിലിറ്റേഷൻ സൈക്കോളജി സേവനങ്ങളാണ് അനുയാത്രയുടെ ഭാഗമായി നഗരസഭ നടത്തുന്നത്. 150-ലധികം കുട്ടികൾ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സെന്റർ നിലവിൽ അഭിമുഖീകരിക്കുന്നസ്ഥലപരിമിതിയെ നഗരസഭ മറികടക്കേണ്ടതുണ്ട്.

പട്ടികജാതിവിഭാഗത്തിൽപെട്ടവരുടെ വിദ്യഭ്യാസ, തൊഴിൽമേഖലയിലെ ക്ഷേമത്തിനായി ധനസഹായം നൽകാൻ നഗരസഭയ്ക്ക് കഴിഞ്ഞു. പട്ടികജാതിവിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായമായി 15 ലക്ഷം രൂപയാണ് നഗരസഭ വകയിരുത്തിയത്.

ഡിപ്ലോമ, ഡിഗ്രി, പി.ജി വിദ്യാർത്ഥികൾക്കാണ് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നത്. 45 വിദ്യാർത്ഥികൾക്കായി 10 ലക്ഷം രൂപയാണ് നഗരസഭ ചെലവഴിക്കുന്നത്. വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരാൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ 5 പേർക്ക് 5 ലക്ഷം രൂപ നഗരസഭ ഈ വാർഷിക പദ്ധതിയിൽ നൽകുകയുണ്ടായി.

പട്ടികജാതിവിഭാഗത്തിന്റെ ഭവനപുനരുദ്ധാരണത്തിനായി ഒരു ലക്ഷം രൂപയാണ് നാം ഇത്തവണ നൽകിയത്. 43 ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വെച്ച് 43 ലക്ഷം രൂപയാണ് നാം ഇതിന് വേണ്ടി മാറ്റിവെച്ചത്.

പട്ടികജാതിവിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ലാപ്ടോപ്പുകൾ വിതരണം ചെയ്തു. വിവിധവാർഡുകളിലുള്ള 24 ബിരുദ, ബിരുദാനന്തര അവസാനവർഷവിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തത്. പദ്ധതിയ്ക്കായി 6,72000 രൂപയാണ് നഗരസഭ ചെലവഴിച്ചിട്ടുള്ളത്.

സംസ്ഥാനലൈബ്രറികൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നഗരസഭാ പ്രദേശത്തെ എല്ലാ വായനശാലകളിലും ഒരു ഇംഗ്ലീഷ് ദിനപത്രം ഉൾപ്പെടെ മൂന്ന് ദിനപത്രങ്ങളും, രണ്ട് ആഴ്ചപ്പതിപ്പുകളും , തൊഴിൽവാർത്തയും വിതരണം ചെയ്യുന്ന പദ്ധതി നഗരസഭ ആരംഭിച്ചിരിക്കുന്നു. ഐ.എസ്.എൽ ഫുട്ബോൾ മത്സരത്തിന്റെ ഫൈനൽ ഗോവയിലെ ജഹർലനെഹ്റുസ്റ്റേഡിയത്തിൽ നടക്കുമ്പോൾ, പൊന്നാനിയിലെ ഫുട്ബോൾപ്രേമികൾക്കായി എ.വി ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ4K HD ബിഗ്സ്ക്രീനിൽ മത്സരത്തിന്റെ തത്സമയലൈവ് സ്ട്രീമിങ് നഗരസഭ സംഘടിപ്പിച്ചു. കേരളത്തിൽ തന്നെ ഒരു നഗരസഭ ഇത്തരത്തിൽ മത്സരത്തിന്റെ ഫാൻപാർക്ക് സംഘടിപ്പിച്ചത് കായികപ്രേമികളുടെ പ്രശംസ പിടിച്ചു പറ്റി.

കോവിഡിന്റെ കെടുതി അടങ്ങി പെട്ടെന്ന് വിദ്യാലയങ്ങൾ തുറക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ എല്ലാ സ്കൂളുകളിലേക്കും സാനിറ്റൈസറും, തെർമൽ സ്കാനറുകളും യുദ്ധകാലാടിസ്ഥാനത്തിൽ നഗരസഭ ലഭ്യമാക്കുകയുണ്ടായി. തൃക്കാവ് ഗവ: ഹയർസെക്കന്ററി സ്കൂളിൽപ്ലസ്വണ്ണിന് സർക്കാർ അധികബാച്ച് അനുവദിച്ചത്, സ്ഥലപരിമിതി നിലനിൽക്കുമ്പോഴും നഗരസഭ ഏറ്റെടുക്കുകയും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

കാർഷികമേഖലയിലെ പദ്ധതികളിൽ തെങ്ങിന് ജൈവവളവും, പച്ചക്കറിവികസന പദ്ധതിയിൽ ഗ്രോബാഗും വിത്തും, വളവും , ഗ്രോബാഗിൽ ഇഞ്ചിയും, കുരുമുളകും, സമഗ്ര നെൽകൃഷി വികസനപദ്ധതിയായ പൊന്നാര്യൻ കൊയ്യും പൊന്നാനിക്ക് വേണ്ടി 6.70 ലക്ഷം രൂപയാണ് നൽകിയത്. വീട്ടുമുറ്റകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ഗ്രോബാഗിൽ ഇഞ്ചി, മഞ്ഞൾ, കുറ്റി കുരുമുളക് തൈകളുടെ വിതരണം സംഘടിപ്പിച്ചു. നഗരസഭയിലെ 1000 ഗുണഭോക്താക്കൾക്കായി 10 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.സമഗ്ര പച്ചക്കറികൃഷി വികസനപദ്ധതിപ്രകാരം വിത്ത്, വളം, കീടനാശിനി, കൂലിച്ചെലവ് എന്നിവ നൽകി

ആട് വളർത്തൽ പദ്ധതിയിൽ 51 പേർക്ക് രണ്ടാടിനെ വീതം നൽകി. ക്ഷീരകർഷകരെ സഹായിക്കുന്നതിന് വേണ്ടി നാം ആവിഷ്കരിച്ച പദ്ധതിയാണ് കറവപശുക്കൾക്കായുള്ള കാലിത്തീറ്റ. നഗരസഭയിലെ വിവിധവാർഡുകളിലെ 125 ക്ഷീരകർഷകരാണ് പദ്ധതി ഗുണഭോക്താക്കൾ. ഒരു ഗുണഭോക്താവിന് രണ്ട് ചാക്ക് കാലിത്തീറ്റ വീതമാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. പത്ത്ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരുത്തിയത്.ഇത് പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞു.

തെരുവ്നായ്ക്കളുടെ ആക്രമണം സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നേരിടുന്ന വെല്ലുവിളിയാണ്. നിലവിലുള്ള നിയമപ്രകാരം തെരുവ് നായ്ക്കളെ കൊല്ലാൻ കഴിയില്ല.തെരുവ്നായ്ക്കളെ പിടിച്ച് പേവിഷബാധക്കെതിരെയുള്ള വാക്സിൻ നൽകി, കുത്തിവെപ്പെടുത്ത നായ്ക്കളെ മൈക്രോചിപ്പ് ഘടിപ്പിക്കുന്ന പദ്ധതിക്ക് രാജ്യത്താദ്യം തുടക്കം കുറിച്ച നഗരസഭയായി പൊന്നാനി മാറി. കേരള കാർഷികസർവ്വകലാശാലയുടെ സ്റ്റാർട്ടപ്പ് സംരഭവും, എറണാകുളം കുടുംബശ്രീജില്ലാമിഷന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ ശ്രദ്ധ മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ ആന്റ് വെറ്ററിനറി സർവ്വീസ് എന്ന വനിതാ സ്വയംതൊഴിൽ സംരംഭയൂണിറ്റിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. തെരുവ്നായ്ക്കളെ വന്ധ്യംകരിക്കുന്ന

എ.ബി.സി ഏ.ആർ പദ്ധതി ഹൈക്കോടതി വിധിയെ തുടർന്ന് നിർത്തലാക്കിയ സാഹചര്യത്തിലാണ് നഗരസഭ ഈ പദ്ധതി നടപ്പിലാക്കിയത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഡിഗ്രി, പി.ജി, ഡിപ്ലോമ വിദ്യാർഥികളായ 75 പേർക്ക് ലാപ്ടോപ്പ് വിതരണത്തിന് പണം വകയിരുത്തിയിട്ടുണ്ട്. 3337500/- രൂപയാണ് പദ്ധതിക്കായി മാറ്റി വെച്ചത്. മത്സ്യതൊഴിലാളികൾക്ക് ഉപജീവനത്തിനായി ചെറുവള്ളം - ഡിങ്കി - വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി. 30 പേർക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുന്നത്. 12 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.

ഭവനനിർമ്മാണമേഖലയിൽ ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽചരിത്രപരമായ പുരോഗതിയാണ് നഗരസഭ നേടിയെടുത്തത്. നഗരസഭയുടെ പി.എം.എ.വൈ-ലൈഫ് വിഭാഗം 7 ഡി.പി.ആറുകളിലായി 1387 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 1253 പേർക്ക് ആദ്യഗഡു നൽകി ഭവനനിർമ്മാണം ആരംഭിച്ചവരാണ്. ഇതുവരെയായി 1047 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു നാല് ലക്ഷം രൂപ കൈപ്പറ്റി. കേന്ദ്രസംസ്ഥാനവിഹിതമായി 207 കോടി രൂപയാണ് നാളിത് വരെയായി ലഭിച്ചിട്ടുള്ളത്. KURDFC മുഖേന നഗരസഭ വിഹിതമായി 16,93 രൂപയാണ് നാളിതുവരെയായി വകയിരുത്തിയുട്ടുള്ളത്. 2021-2022 സാമ്പത്തിക വർഷത്തിൽകേന്ദ്രസംസ്ഥാനവിഹിതമായി 5000000/- രൂപ ലഭിക്കുകയും 11420000/- രൂപ കേന്ദ്രസംസ്ഥാനവിഹിതമായി ചിലവഴിക്കുകയും ചെയ്തു. 73367478/- രൂപ നഗരസഭവിഹിതമായി കണ്ടെത്തുകയും ആയതിൽ 3040000/-രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കഴിഞ്ഞ വാർഷികപദ്ധതിയിൽ ഒരു വാർഡിൽ നിന്നും 357 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 20000/- രൂപ വീതം നൽകി. 120 ലക്ഷം രൂപയാണ് നമ്മൾ ഇതിന് വേണ്ടി മാറ്റിവെച്ചത്. 400 പേർക്ക് 1500 രൂപ പ്രകാരം പുരകെട്ടി മേയൽ ധനസഹായം നൽകി കൊണ്ടിരിക്കുന്നു.

ഭൗതിക - സാമ്പത്തിക നേട്ടങ്ങൾ

കൃഷി

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിലെ വിവിധ വാർഷിക പദ്ധതികളിലുൾപ്പെടുത്തി കാർഷിക മേഖലയിൽ ഒട്ടേറെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. നെൽകൃഷിവികസനത്തിനത്തിനായി പൊന്നാര്യൻ കൊയ്യും പൊന്നാനി എന്ന പദ്ധതിയിലുൾപ്പെടുത്തി നെൽകർഷകർക്ക് വിത്തും വളവും നൽകി. തെങ്ങുകൃഷിവികസനത്തിനായി എല്ലാ വാർഷിക പദ്ധതിയിലുമുൾപ്പെടുത്തി സമഗ്രതെങ്ങുകൃഷിവികസനം നടപ്പിലാക്കി. ഇതിന്റെ ഭാഗമായി കുറിയഇനം തെങ്ങിൻതൈകളും ജൈവവളവും വിതരണം ചെയ്തു. ഔഷധവാഴ, ഒട്ടുമാവിൻതൈ വിതരണം, കുറ്റികുരുമുളക് നൽകൽ എന്നിവയും കാർഷികമേഖലയുടെ വികസനം മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതികളാണ്. ഈ മേഖലയുടെ വികസനത്തിന് മേൽപറഞ്ഞ പദ്ധതികൾക്കല്ലാം തന്നെ വലിയ ശതമാനം സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്. നാളികേര വികസനത്തിനായി കിണർ നിർമ്മിച്ചു നൽകൽ, പമ്പ് സെറ്റ് വിതരണം, തെങ്ങുകയറൽ യന്ത്രം വിതരണം ചെയ്യൽ എന്നിവയും നഗരസഭ നടപ്പിലാക്കിയിരുന്നു. പച്ചക്കറി കൃഷി വികസനത്തിനായി വിത്തും വളവും വിതരണം ചെയ്തു.

2017-18 വാർഷികപദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പൊൻചാമ്പ വിളയും പൊന്നാനി എന്ന പ്രോജക്ട് ശ്രദ്ധേയമായ മറ്റൊരു പദ്ധതിയായിരുന്നു. യന്ത്രവത്കരണം, പച്ചക്കറികൃഷി വികസനം, പമ്പ് സെറ്റ് വിതരണം, പച്ചക്കറി വിപണനകേന്ദ്രം ആരംഭിക്കൽ , ഔഷധവാഴകൃഷിവികസനം, വനിത ഗ്രൂപ്പുകൾക്ക് ഗ്രോബാഗ് നൽകൽ എന്നീ പ്രോജക്ടുകളും നടപ്പാക്കുക വഴി കാർഷികമേഖലയിൽ വലിയൊരു മാറ്റമുണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2018-19 വാർഷികപദ്ധതിയിലുൾപ്പെടുത്തി മുകളിൽ പറഞ്ഞ എല്ലാ പദ്ധതികളും വളരെ വിജയകരമായി നടപ്പാക്കികൊണ്ടിരിക്കുന്നു. എന്നിരുന്നാലും സംസ്ഥാനത്തെ ആകെ ശ്രദ്ധയാകർഷിച്ച നഗരസഭയുടെ ഈ വർഷത്തെ കാർഷികമേഖലയിലെ ഏറ്റവും ആകർഷണീയമായ പ്രോജക്ടാണ് ഗ്രീൻ റോയൽറ്റി. നെൽവയലുകളും കാവും കുളവും കണ്ടവും അതിന്റെ വിപണിമൂല്യത്തെ പരിഗണിക്കാതെ വരും തലമുറകൾക്കായി സംരക്ഷിച്ചുപോന്നവർക്ക് സമൂഹം തിരിച്ചുകൊടുക്കാൻ ബാധ്യതപ്പെട്ട അവകാശധനം നൽകുക എന്ന ആശയമാണ് ഈ പ്രോജക്ട് വഴി നഗരസഭ മുന്നോട്ട് വെച്ചത്. വയലുകളും കുളങ്ങളും നികത്തിയും കണ്ടൽക്കാടുകൾ വെട്ടി നിരത്തിയും നിർമ്മാണപ്രവൃത്തികൾ നടത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന ഈ കാലഘട്ടത്തിൽ ഈ പ്രോജക്ടിന് വളരെയധികം പ്രസക്തിയുണ്ട്. ഈ വാർഷികപദ്ധതിയിലുൾപ്പെടുത്തികൊണ്ട് തന്നെ വിവിധ അംഗനവാടികൾക്കും സ്കൂളുകൾക്കും പച്ചക്കറി കൃഷി നടത്തുന്നതിനുള്ള ഗ്രോ ബാഗുകൾ വിതരണം ചെയ്യുക വഴി വിദ്യാർത്ഥി സമൂഹത്തെ പോലും കാർഷികവൃത്തികളിലേർപ്പെടുന്നതിന് നഗരസഭയ്ക്ക് സാധിച്ചു.

മത്സ്യബന്ധനം

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ മത്സ്യതൊഴിലാളികൾക്കായി പുതിയ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിനായി പല വാർഷിക പദ്ധതികളിലുൾപ്പെടുത്തി നല്ലൊരു ശതമാനം തുക ചിലവഴിച്ചിട്ടുണ്ട്. മത്സ്യബന്ധനതൊഴിലാളികൾക്ക് ഡിങ്കി, ഗിൽനെറ്റ് എന്നിവ വിതരണം ചെയ്തു. മത്സ്യതൊഴിലാളി കുടുംബത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പഠനോപകരണങ്ങൾ , സൈക്കിൾ എന്നിവ നൽകി. കൂടാതെ മത്സ്യബന്ധന തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണമായ ലൈഫ് ജാക്കറ്റിന്റെ വിതരണവും നിർവ്വഹിച്ചു. ഈ പദ്ധതികളെല്ലാം തന്നെ നിർദ്ധനരായ ഈ ജനവിഭാഗത്തിന് വളരെയധികം ഉപകാരപ്രദമായവയാണ്.

പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ മത്സ്യതൊഴിലാളി വിഭാഗത്തിൽ ഉണ്ടെന്ന് മനസിലാക്കുകയും അവർക്കൊരു കൈതാങ്ങ് നൽകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2018–19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ മറ്റൊരു പ്രധാനപ്പെട്ട പ്രോജക്ടാണ് മത്സ്യതൊഴിലാളി വിഭാഗത്തിൽപെട്ട ഡിഗ്രി,പി.ജി.,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പദ്ധതി. ഈ വിഭാഗത്തിൽ പെട്ട ഏകദേശം നൂറ്റി അമ്പതോളം വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നത്. 2017–18 ൽ നഗരസഭ നൽകിയ ഡിങ്കികൾ ഈ മേഖലയിൽ പെട്ട നിരവധി ആളുകൾക്ക് മുഖ്യ ഉപജീവനമാർഗമായി മാറ്റാൻ കഴിഞ്ഞു എന്നതിന്റെ പാശ്ചാത്തലത്തിൽ 2018–19ലും മുപ്പതോളം ഗുണഭോക്താക്കൾക്ക് ഇത്തരത്തിലുള്ള ഫൈബർ ബോട്ടുകൾ നൽകുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണം

ക്ഷീരകർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളിലുൾപ്പെടുത്തി ആട് വളർത്തൽ , കിടാരി വളർത്തൽ എന്നീ പദ്ധതികളും ധാതുലവണമിശ്രിതം നൽകൽ, തൊഴുത്ത് നിർമ്മാണം, വളക്കുഴി നിർമ്മാണം എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. മുട്ടക്കോഴി വളർത്തൽ പദ്ധതിയിലുൾപ്പെടുത്തി നിരവധി ആളുകൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുക വഴി മുട്ട ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ മൃഗസംരക്ഷണമേഖലയിലേക്ക് ഒട്ടേറെ ആളുകളെ ആകർഷിക്കുന്നതിനും ക്ഷീരകർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഈശ്വരമംഗലം വെറ്റിനറി പോളിക്ലിനിക്ക്, ഉറൂബ് നഗർ വെറ്റിനറി ഡിസ്പെൻസറി എന്നിവകളിലേക്ക് മരുന്ന് വാങ്ങൽ, ഫർണിച്ചർ വാങ്ങൽ , ഉപകരണങ്ങൾ എന്നീ പ്രോജക്ടുകൾ നടപ്പാക്കുക വഴി ടി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു.

വിദ്യാഭ്യാസം

നഗരസഭയിലെ സർക്കാർ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നഗരസഭ നടപ്പാക്കികൊണ്ടിരിക്കുന്നത്. 2017–18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്വന്തമായി സ്ഥലമില്ലാത്ത 3 വിദ്യാലയങ്ങൾക്ക് സ്ഥലമേറ്റെടുക്കുക വഴി ആസ്തികൾ സൃഷ്ടിക്കുന്നതിനും ഇത് വഴി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് അടിത്തറ പാകുന്നതിനും നഗരസഭയ്ക്ക് സാധിച്ചു. വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനം മുന്നിൽ കണ്ടുകൊണ്ട് ഒട്ടേറെ പദ്ധതികൾ നഗരസഭ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതികാലത്തും, 2018–19 വാർഷികപദ്ധതിയിലുൾപ്പെടുത്തിയും നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ വാർഷികപദ്ധതികളിലും വിജയഭേരി പദ്ധതി നടപ്പിലാക്കി. പ്ലസ് ടു വിദ്യാർത്ഥികളുടെ വിദ്യഭ്യാസ നിലവാരം ഉയർത്തുന്നതിനും വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി. വിദ്യാർത്ഥികൾക്കായി കായിക പരിശീലനവും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം, വിദ്യാലയങ്ങളിലേക്ക് സ്പോർട്സ് ഉപകരണങ്ങളും മെഡിക്കൽ കിറ്റും വാങ്ങി നൽകൽ , ലൈബ്രറികളിലേക്ക് പുസ്തകം നൽകൽ എന്നിവ വിജയകരമായി നടപ്പിലാക്കി. സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പല പദ്ധതികളും നടപ്പിലാക്കാനും ഉദ്ദേശിച്ച നേട്ടം കൈവരിക്കാനും കഴിഞ്ഞു.

2016–17, 2017–18, 2018–19 എന്നീ വർഷങ്ങളിലായി നടപ്പിലാക്കിയ സ്ലേറ്റ് & പെൻസിൽ പദ്ധതി പ്രകാരം ഓരോ വിഷയത്തിലും വിദഗ്ധരായ അധ്യാപകരെ ഉപയോഗിച്ച് പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക വഴി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗഹൃദ ഫർണിച്ചർ, സ്കൂളുകൾക്ക് ഫസ്റ്റ് എയ്ഡ് ബോക്സ് നൽകൽ , കടവനാട് ജി.എഫ്.യു.പി സ്കൂൾ 7 ക്ലാസ്മുറികൾ സ്മാർട്ട് ക്ലാസാക്കുക, കടവനാട് ജി.എഫ്.യു.പി സ്കൂൾ പ്രീപ്രൈമറി ക്ലാസുകൾക്ക് ഉപകരണവും ഫർണിച്ചറും വാങ്ങൽ, മൾട്ടിമീഡിയ കമ്പ്യൂട്ടർ ലാബ്, സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ , ഗവ.എൽ.പി, യു.പി ക്ലാസുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കുക വഴി സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിവിധ സ്കൂളുകളിലെ പഠനസാഹചര്യം അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിനും സാധിച്ചു.

2018–19 വാർഷിക പദ്ധതികൾ ഉൾപ്പെടുത്തി ഒട്ടേറെ നൂതനപ്രോജക്ടുകളാണ് നഗരസഭ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. വീ വിത്ത് യു എന്ന പ്രോജക്ട് പ്രകാരം നഗരസഭയിലെ മുഴുവൻ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ ഹാജർ നില , പഠനനിലവാരം മുതലായവ രേഖപ്പെടുന്നതിനും ഈ വിവരങ്ങൾ രക്ഷാകർത്താക്കളിലേക്ക് ഓൺലൈനായി എത്തിക്കുന്നതിനും നഗരസഭയുടെ കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിന് നഗരസഭയ്ക്ക് കഴിയുന്നത്തിനുതകുന്ന രീതിയിലുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടാലന്റ് ലാബ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളിലെ പ്രതിഭകളെ കണ്ടെത്തി അതാത് മേഖലയിൽ വിദഗ്ധരായ ആളുകളെ ഉപയോഗിച്ച് പരിശീലനം നടത്തുന്നതിനും, പാത്ത് ഫൈൻഡർ എന്ന പദ്ധതി പ്രകാരം പ്ലസ് ടുവിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നടത്തുന്നതിനുമുള്ള പ്രവൃത്തികളും നടത്തിവരുന്നു. 2017–18ൽ നടപ്പാക്കി വിജയിച്ച "ഹാപ്പി ഡേയ്സ്" എന്ന പേരിൽ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി

നാപ്കിൻ വിതരണം ചെയ്യുന്ന പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നു. ക്ലാസ് ന്യൂസ് , സർക്കാർ സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ എന്നിവയും ഈ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പ്രോജക്ടുകളാണ്.

ആരോഗ്യം, കുടിവെള്ളം, ശുചിത്വം

പൊന്നാനി താലൂക്ക് ആശുപത്രി , ആയുർവേദ ആശുപത്രി, ആയുർവേദ ഡിസ്പെൻസറി, ഈഴുവത്തിരുത്തി പ്രാഥമികാരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പൻസറി എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ നിലവിലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ,ബെയ്ലിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിന് ക്ലീൻകേരള കമ്പനിക്ക് തുക നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ഹരിതകേരളമിഷന്റെ ഭാഗമായി നീലംതോട് ശുചീകരിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ കനോലി കനാലിന്റെ രൂപീകരണത്തിനും, ജൈവവൈവിധ്യം വീണ്ടെടുക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു
ഡയാലിസിസ് സെന്ററിലേക്കും മരുന്ന് ലഭ്യമാക്കാനും കിടപ്പിലായ രോഗികളുടെ പരിചരണം മെച്ചപ്പെടുത്താനും കഴിഞ്ഞുവെന്നത് മറ്റൊരു നേട്ടം. പരിരക്ഷ പദ്ധതി ഫലപ്രദമായി നടത്തികൊണ്ടുപോകാനും ആശുപത്രിയിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ , കിടപ്പിലായ വൃദ്ധരായ രോഗികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനും കഴിഞ്ഞുവെന്നതാണ് മറ്റൊരു നേട്ടം. ആയുർവേദ ആശുപത്രി, ഈഴുവത്തിരുത്തി പ്രാഥമികാരോഗ്യ കേന്ദ്രം, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലെ ഭൗതികസാഹചര്യങ്ങളും മെച്ചപ്പെട്ടു. വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റും പൈപ്പ് കമ്പോസ്റ്റുകളും പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലത്ത് നഗരസഭ നൽകുകയുണ്ടായി.
നഗരസഭയിലെ കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി തുക മാറ്റി വെച്ചു. ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത ബി.പി.എൽ കുടുംബങ്ങൾക്ക് 4000/- രൂപ നൽകി. 2017-18 , 2018-19ൽ ഇത് 5000/ രൂപയായി വർദ്ധിപ്പിച്ചു. ഇത്തരത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്താനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്ക് യോഗപരിശീലനം , പ്രമേഹമെത്തും മുമ്പെ (ബോധവത്കരണപരിപാടി) , ഡയാലിസിസ് സെന്ററിന് ധനസഹായം നൽകൽ മുതലായ പ്രോജക്ടുകളും 2018-19ൽ നടപ്പാക്കിവരുന്നു.വയോജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായ വയോമിത്രം പദ്ധതിയും കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്നു.
നടപ്പ് വർഷം ഗാർഹികമാലിന്യ സംസ്കരണസംവിധാനങ്ങളായ ബയോഡൈജസ്റ്റർ പോട്ട് , ബക്കറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവയും ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളതും വിതരണത്തിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ദാരിദ്ര്യലഘൂകരണം, ചേരി നിർമ്മാർജ്ജനം

ഭവന രഹിതർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഇ.എം.എസ് ഭവന പദ്ധതി, ജവഹർലാൽ നെഹ്റു ഭവന പദ്ധതി എന്നിവയിലൂടെ കഴിഞ്ഞു. ഈ പദ്ധതികൾക്കായി വലിയ ശതമാനം തുക നഗരസഭ ചെലവഴിച്ചു. വീട് പുനരുദ്ധാരണം (എസ്.സി, ജനറൽ), ഓലപ്പുര നവീകരണം എന്നിവക്കായും ധനസഹായം അനുവദിക്കുകയും ഈ മേഖലയിൽ നേട്ടം കൈവരിക്കുകയും ചെയ്തു. പി.എം.എ.വൈ പദ്ധതിയിലും ലൈഫ് പദ്ധതിയിലും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായി കോടിക്കണക്കിന് രൂപ ധനസഹായം നൽകി. ലൈഫ് മിഷനിലുൾപ്പെടുത്തി പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

സാമൂഹ്യക്ഷേമം, വനിത ശിശുവികസനം

60 കഴിഞ്ഞ വയോജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്ന വയോമിത്രം പദ്ധതി കാര്യക്ഷമമായി നടപ്പാക്കി കൊണ്ടിരിക്കുന്നു. അങ്കണവാടികളുടെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിനും 11 അംഗനവാടികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും സാധിച്ചു. സ്വന്തമായി കെട്ടിടമില്ലാത്ത 5 അംഗനവാടികളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ജനുവരിയിൽ തുറന്ന് പ്രവർത്തിക്കതക്ക രീതിയിൽ മറ്റ് 5 അംഗനവാടികളുടെ നിർമ്മാണപ്രവർത്തികൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 അംഗനവാടികൾക്ക് കൂടി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വാർഡ് ഏഴിൽ നഗരസഭയ്ക്ക് പകൽവീട് നടത്തിപ്പിനായി സൗജന്യമായി ലഭിച്ച കെട്ടിടത്തിൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കി അടിയന്തിരമായി പകൽവീട് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ബഡ്സ് സ്കൂളിലേക്ക് തൊഴിലുപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങി നൽകുക വഴി കുട്ടികളുടെ മാനസികവളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിന് ഭിന്നശേഷി കലോൽസവം സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. വനിതകൾക്ക് ഉൽപാദനമേഖലയിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പിലാക്കി. വികലാംഗരായിട്ടുള്ള വ്യക്തികൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ, വികലാംഗർക്ക് മുച്ചക്രവാഹനം നൽകൽ എന്നീ പദ്ധതികൾ ഈ മേഖലയിൽ നിർവ്വഹണം പൂർത്തിയായവയാണ്. 2018-19 വാർഷികപദ്ധതിയിൽ ജനിതകവൈകല്യമുള്ള കുട്ടികൾക്കായി നടത്തുന്ന ബിഹേവിയർ ആൻഡ് സ്പീച്ച് തെറാപ്പി പദ്ധതി ഈ വിഭാഗത്തിൽപെട്ട വ്യക്തികൾക്ക് വളരെയധികം ആശ്വാസം നൽകുന്ന ഒന്നാണ്.സാമൂഹ്യസുരക്ഷാമിഷന്റെ അനുയാത്ര എന്ന പദ്ധതിയുമായി സംയോജിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2017–18ൽ നടപ്പാക്കിയ ബഡ്സ് സ്കൂളിന് ഉച്ചഭക്ഷണം നൽകൽ എന്ന പദ്ധതി വളരെ വിജയകരമായി തുടർന്നുകൊണ്ടിരിക്കുന്നു. അങ്കണവാടികൾ വഴി അനുപൂരകപോഷകാഹാരം നൽകുന്നതിനും ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും മുൻവാർഷികപദ്ധതികളിലും നടപ്പുവാർഷികപദ്ധതിയിലും സാധിച്ചു. കൂടാതെ ഐ.സി.ഡി.എസ് ഓഫീസിന്റെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കാനും വിവിധ അംഗനവാടികൾക്ക് ബേബി ബെഡ്ഡുകൾ , സാൾട്ടർ സ്കെയിൽ എന്നിവ വിതരണം ചെയ്യുന്നതിനും സാധിച്ചു.

പശ്ചാത്തലവികസനം, ഊർജ്ജം

വിവിധ വാർഡുകളിലെ നിരവധി റോഡുകളിലെ കോൺക്രീറ്റിംഗ്, റീടാറിംഗ് , അങ്കണവാടികളുടെയും സർക്കാർ സ്കൂളുകളുടെയും മെയിന്റനൻസും നവീകരണവും , ഈശ്വരമംഗലം–കുറ്റിക്കാട് ശ്മശാനം നവീകരണം എന്നിവ നടത്തി. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് തുക ചെലവഴിക്കുകയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് തുക മാറ്റി വെക്കുകയും ചെയ്തു. ഈശ്വരമംഗലം ക്രിമിറ്റോറിയം ചൂള പുനരുദ്ധാരണം നടപ്പുവർഷം ചെയ്ത ശ്രദ്ധേയമായ മറ്റൊരു പദ്ധതിയാണ്. ഭിന്നശേഷിക്കാർക്ക് ഒരു കൈതാങ്ങ് എന്ന നിലയിൽ നഗരസഭ നടപ്പാക്കികൊണ്ടിരിക്കുന്ന മറ്റൊരു പദ്ധതിയാണ് സ്നേഹപാത.

പട്ടികജാതി വികസനം

പ്രത്യേക ഘടക പദ്ധതി പ്രകാരം സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരും നിർദ്ധനരുമായ ജനവിഭാഗത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു. ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും ധനസഹായം നൽകി. ഭൂരഹിതരായ ആളുകൾക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകി. പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം, അർഹരായ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സകോളർഷിപ്പ്, പഠനോപകരണങ്ങൾ, ലാപ്ടോപ്പ് , സൈക്കിൾ എന്നിവ നൽകി. 60 വയസ്സ് പൂർത്തിയായവർക്ക് കട്ടിൽ, വിദ്യാർത്ഥികൾക്ക് പഠനമുറി എന്നിവയും ഈ വർഷം നടപ്പിലാക്കിയ പദ്ധതികളാണ്. സെക്യൂരിറ്റി ഗാർഡ് പരിശീലനം, യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം , പ്രീക്രൂട്ട്മെന്റ് ട്രെയിനിംഗ് തുടങ്ങിയ പദ്ധതികളുടെ ഗുണഫലവും ഈ വിഭാഗത്തിന് നൽകാൻ നടപ്പുവർഷം കഴിഞ്ഞു.

60 വയസ് പൂർത്തീകരിച്ച എസ്.സി വിഭാഗത്തിൽപെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി 2017–18 , 2018–19 എന്നീ വർഷങ്ങളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതിവിഭാഗത്തിൽപെട്ട യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ എന്ന പദ്ധതി പ്രകാരം ചെണ്ട, ഇലത്താളം മുതലായ വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും വിതരണക്കാരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

പുരാതന തുറമുഖ നഗരമായ പൊന്നാനി, പ്രൗഢഗംഭീരമായ സാംസ്കാരിക പെരുമകൊണ്ട് മാത്രമല്ല, സമ്പുഷ്ടമായ ഭൂപ്രകൃതികൊണ്ടും പ്രസിദ്ധമാണ്. ഇരുകരകളിലെയും സാംസ്കാരിക പൈതൃകങ്ങളെ തഴുകിയൊഴുകി പൊന്നാനിലെത്തി അറബി കടലിൽ സംഗമിക്കുന്ന നിളയിൽ തുടങ്ങി ബിയ്യം കായൽ, നിരവധി തോടുകൾ, അനേകം കൈതോടുകൾ, കൈവഴികൾ, കുളങ്ങൾ, വയലുകൾ എന്നിവയെല്ലാം കൊണ്ടും സമൃദ്ധമാണ് പൊന്നാനി.

മണ്ണിനെ മറന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കുപരി മണ്ണിനേയും പ്രകൃതിയേയും ചേർത്തുപിടിക്കുന്ന പദ്ധതികളും പരിപാടികളുമാണ് പൊന്നാനി നഗരസഭ ഭരണ സമിതി നേതൃത്വം നലകിയത്.

ഇടശ്ശേരിയുടെ പൂതപ്പാട്ടിൽ അമ്മ ഉണ്ണിയെ തേടിയലഞ്ഞ വിസ്മൃതിയിലാണ്ട കൊയ്തൊഴിഞ്ഞ നെൽപാടങ്ങളിൽ പലതും **പൊന്നാര്യൻ കൊയ്യുന്ന പൊന്നാനി** പദ്ധതിയിലൂടെ തിരിച്ചുപിടിക്കാൻ നഗരസഭയ്ക്ക് സാധിച്ചു.

കാവും കുളവും വയലുകളും കണ്ടൽകാടുകളും സംരക്ഷിക്കുന്നവർക്ക് **'ഗ്രീൻ റോയൽറ്റി"** പദ്ധതിയിലൂടെ ഹരിതവകാശധനം നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ പ്രാദേശിക ഭരണകൂടമാകാനും പൊന്നാനിക്കായത് ഇത്തരം കാഴ്ചപ്പാടുകളിൽ നിന്നാണ്. പൂർണ്ണമായും പ്രകൃതിയോടിണങ്ങി ജീവിക്കുന്ന വീടുകളെ "ഹരിതഭവന"മായി ഉയർത്തി ധനസഹായം നൽകുന്ന നൂതന പദ്ധതിക്ക് സംസ്ഥാനത്ത് ആദ്യമായി രൂപംനൽകാനും പൊന്നാനിക്കായത് ഇത്തരം കാഴ്ചപാടുകളുടെ തുടർച്ചയായി തന്നെയാണ്.

സംസ്ഥാന സർക്കാറിനെ എത്ര പ്രശംസിച്ചാലും മതിവരാത്ത, ഹരിതകേരള മിഷൻ നിലവിൽ വന്നതോടെ പൊന്നാനി നഗരസഭയുടെ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും പിന്തുണയും വർദ്ധിക്കുകയുണ്ടായി.

കാറ്റിൽ കടപുഴകി വീണുപോയ വലിയ പേരാലിനെ കടയോടെ എടുത്ത് കൊണ്ട് പോയി, മറ്റൊരിടത്ത് പുനർജന്മം നൽകാനായി എന്ന ആത്മവിശ്വാസത്തിലാണ് നഗരസഭ. കൃഷി, ശുചിത്വ–മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നീ അടിസ്ഥാന മേഖലകളിൽ പൊന്നാനി നഗരസഭ രൂപീകരിച്ച് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പരിപാടികളുടെ വിതരണം താഴെ ചേർക്കുന്നു.

2023–24 വാർഷിക പദ്ധതികാലത്ത് നഗരസഭ നടപ്പിലാക്കിയ വിവിധങ്ങളായ പദ്ധതികളുടേയും പരിപാടികളുടേയും സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

ഹരിത കർമ്മസേനക്ക് നൂറു ശതമാനം യൂസർ ഫീ ശേഖരണം ജനപ്രതിനിധിയെ നഗരസഭ ആദരിച്ചു

വീടുകളിൽ നിന്നും സമ്പൂർണ്ണ അജൈവ മാലിന്യ ശേഖരണം ഉറപ്പുവരുത്തി നൂറു ശതമാനം യൂസർ ഫീ ശേഖരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ പൊന്നാനി നഗരസഭയിലെ 29-ാം വാർഡ് (ഉറൂബ് നഗർ) വാർഡ് കൗൺസിലറും നഗരസഭ ആരോഗ്യ കാര്യ സ്ഥിരം സമിതി ചെയർപേഴ്സണുമായ ശ്രീമതി. ഷീന സുദേശനെ നഗരസഭ കൗൺസിൽ യോഗം ആദരിച്ചു..



പൊന്നാനി നഗരസഭ - "വലിച്ചെറിയൽ മുക്ത കേരളം"

"വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം" കാമ്പയിന്റെ ഭാഗമായി വിവിധ ജനകീയ കർമ്മ സമിതികളുടെ ജനറൽ ബോഡി യോഗം ചേർന്നു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് എല്ലാ വാർഡുകളും മാലിന്യമുക്തമാക്കുന്നതിന് എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും, "വലിച്ചെറിയൽ മുക്ത കേരളം" കാമ്പയിൻ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർ ,വാർഡ് സാനിട്ടേഷൻ സമിതിയംഗങ്ങൾ, സന്നദ്ധ യുവജന സംഘടകൾ എന്നിവരുടെ കൂട്ടായ്മയോടു കൂടി വാർഡുകളിൽ വീടുകൾ കേന്ദ്രീകരിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തി.



പൊന്നാനി നഗരസഭ - ശുചിത്വ ബാലോത്സവം

പൊന്നാനി നഗരസഭയുടെയും കുടുംബശ്രീയുടേയും സംയുക്താഭിമുഖ്യത്തിൽ ശുചിത്വ ബാലോത്സവം സംഘടിപ്പിച്ചു. നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു. വിവിധ തീരദേശ വാർഡുകളിൽ നിന്നായി നൂറോളംകുട്ടികൾപങ്കെടുത്തു. വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ, എന്നിവ സംബന്ധിച്ച് I RTC റീജിയണൽ കോ - ഓർഡിനേറ്റർ ജയ് സോമനാഥ്, നിഖിൽ, ഹെൽത്ത് ഇൻസ്പെക്ടർ ആരിഷ് എന്നിവർ പാട്ടും പറച്ചിലുമായി ക്ലാസ്സെടുത്തു.



സർക്കാർ വിദ്യാലയങ്ങൾക്കുള്ള പാചകപാത്രങ്ങൾ, പ്രഷർ കുക്കർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം

പൊന്നാനി നഗരസഭ വാർഷിക പദ്ധതി പ്രകാരം വിവിധ സർക്കാർ വിദ്യാലയങ്ങൾക്കുള്ള പാചകപാത്രങ്ങൾ, പ്രഷർകുക്കർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം . നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു.



പൊന്നാനി നഗരസഭ പ്രവേശനോൽസവം

പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള മുനിസിപ്പൽ തല പ്രവേശനോൽസവം ജി. എഫ്. യു. പി. കടവനാട് സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു.



ജി.എം.എൽ.പി സ്കൂളിന് ഹൈടെക്ക് കെട്ടിടം

പാർശ്വവൽക്കരിക്കപ്പെട്ട മൽസ്യതൊഴിലാളി ജനതയുടെ പുതുതലമുറക്കായി ആധുനിക സൗകര്യങ്ങളോടെ പൊന്നാനി ടൗൺ ജി. എം. എൽ. പി. സ്കൂൾ കെട്ടിടം ബഹു. കേരള കായിക-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി . ശ്രീ.വി.അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. 1924 മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട പൊന്നാനിയിലെ ഏറ്റവും പഴക്കംവന്ന വിദ്യാലയങ്ങളിലൊന്നാണ് ടൗൺ ജി.എം.എൽ. പി. സ്ക്കൂൾ. പതിറ്റാണ്ടുകളായി ശോചനീയവസ്ഥയിൽ ആയിരുന്ന പഴയ കെട്ടിടം പൂർണ്ണമായി പൊളിച്ചു മാറ്റി. പൊന്നാനി നഗരസഭയുടെ Pmj vk പദ്ധതിയിൽ ഉൾപ്പെടുത്തി 1.32 കോടി രൂപ ചെലവഴിച്ചാണ് ആധുനിക സൗകര്യങ്ങളോടെ മൂന്ന് നിലയിൽ ഉള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.



ലോക പരിസ്ഥിതി ദിനത്തിൽ വീട്ടമ്മമാർക്കും സ്കൂളുകൾക്കും തൈകൾ വിതരണം നടത്തി പൊന്നാനി നഗരസഭ

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, ഹരിത കർമ്മ സേനാംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, വനിത സംഘടനകൾക്കും നഗരസഭ പരിധിയിലെ സ്കൂളിലേക്കും നഗര സഭയുടെ നേതൃത്വത്തിൽ തൈകൾ വിതരണം ചെയ്തു.





വലിച്ചെറിയൽ മുക്തം നവകേരളം - ഹരിതസഭ

വലിച്ചെറിയൽ മുക്തം നവകേരളത്തിന്റെ ഭാഗമായി പൊന്നാനി നഗരസഭ സംഘടിപ്പിച്ച ഹരിത സഭ പൊന്നാനി നഗരസഭ ചെയർമാൻ ശ്രീ. ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു.നഗരസഭ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ മൂന്നു ഘട്ടങ്ങളായി ജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കി, 2024 മാർച്ച് 31 ന് സമ്പൂർണ്ണ മാലിന്യമുക്ത നഗരസഭയായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ഹരിതസഭ തീരുമാനിച്ചു.

നഗരസഭയിലെ മുഴുവൻ വീടുകളിലും ജൈവമാലിന്യം സംസ്ക്കരിക്കുന്നതിന് ആവശ്യമായ വിവിധ തരത്തിലുള്ള മാലിന്യസംസ്കരണ ഉപാധികൾ നഗരസഭ 2022 - 23 പദ്ധതിയുടെ ഭാഗമായി തന്നെ വിതരണം ചെയ്തിട്ടുള്ളതാണെങ്കിലും എല്ലാ വീടുകളിലും സംസ്ക്കരണോപാധികൾ എല്ലാ വീടുകളിലും ഉപയോഗിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അവരെ കൂടി ഇതിന്റെ ഭാഗമാക്കുന്നതിനും അജൈവ മാലിന്യങ്ങൾ ഹരിത സേനകൾ വീടുകളിലെത്തി ശേഖരിക്കുന്നതിന് യൂസർ ഫീ നൽകി സഹകരിക്കണമെന്നും സഭയിലൂടെ ആവശ്യപ്പെട്ടു.



കടവനാട് ഹെൽത്ത് & വെൽനെസ്സ് സെന്ററർ ഉദ്ഘാടനം ചെയ്തു

പൊന്നാനി നഗരസഭയിലെ കടവനാട് സ്വന്തമായി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ ഹെൽത്ത്&വെൽനെസ്സ് സെന്റർ ബഹു. ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജ്ജ് ഓൺലൈനിലൂടെ ഉദ്ഘാടനം നിർവ്വഹിച്ചു. കടവനാട് പ്രദേശത്ത് സാധാരണക്കാരും കയർ തൊഴിലാളികളും തിങ്ങിനിറഞ്ഞ് താമസിക്കുന്ന ഭാഗമാണ്. ഇവരുടെ ഏറെ കാലത്തെ ആഗ്രഹമാണ് സ്വന്തമായി കടവനാട് പ്രദേശത്ത് ഒരു ആരോഗ്യ കേന്ദ്രം ഉണ്ടാവുകയെന്നത്. ആ സ്വപ്നമാണ് ഇതിലൂടെ പൂവണിഞ്ഞത്. അഞ്ച് വാർഡുകൾ ഉൾപ്പെടുന്ന കടവനാട് പ്രദേശവും പള്ളപ്രം പുതുപൊന്നാനി പ്രദേശത്തുകാർക്ക് കൂടി ഉപകാരപ്രദമാകുന്ന സെന്ററായി ഇതു മാറും. പൊന്നാനി താലൂക്ക് ഹോസ്പിറ്റലിനെയാണ് ഈ പ്രദേശത്തുകാർ ആശ്രയിച്ചിരുന്നത്. പടുന്ന വളപ്പിൽ വേലായുധൻ, പ്രേമ എന്നവരുടെ സ്മരണാർത്ഥം പടുന്നവളപ്പിൽ ദിവാകരനും കുടുംബവുമാണ് അഞ്ച് സെന്റ് സ്ഥലം നഗരസഭക്ക് വിട്ടു നൽകിയത്. എം.എൽ.എ. പി. നന്ദകുമാർ നഗരസഭയുടെ ഉപഹാരം കുടുംബത്തിന് നൽകി. ഡോക്ടർ,സ്റ്റാഫ് നഴ്സ്, ഫാർമസ്സിറ്റ്, ജെ.പി.എച്ച്.എൻ എന്നിവരുടെ സേവനം സെൻററിലൂടെ സാദ്ധ്യമാക്കുന്നു. കൂടാതെ ടെലിമെഡിസിൻ സംവിധാനം കൂടി രോഗികൾക്ക് സെന്ററിൽ സജ്ജമാക്കിയിട്ടുണ്ട്.



കിരണം 2023 - നഗരസഭ കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ - രക്ഷാകർത്തൃ സംഗമം

പൊന്നാനി നഗരസഭയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ശുശ്രൂഷ പരിചരണ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന CDMC സെന്ററിലെ ഗുണഭോക്താക്കളുടെ രക്ഷാകർതൃ സംഗമം - 'കിരണം 2023 ' സംഘടിപ്പിച്ചു.ഭി ന്നശേഷി സൗഹൃദ നഗരസഭയുടെ ഭാഗമായി "അനുയാത്ര" പദ്ധതിയിലൂടെയാണ് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുരുന്നുകൾക്ക് ചികിൽസാ കേന്ദ്രം ആരംഭിച്ചത്. സംസ്ഥാനത്തിന് തന്നെ മാതൃകപരമായ രീതിയിൽ പ്രവർത്തിക്കുന്ന സെന്ററിൽ നഗരസഭയ്ക്ക് പുറത്തും അകത്തു മുള്ള വിവിധങ്ങളായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുരുന്നുകളും ചികിൽസ തേടുന്നുണ്ട്.സൈക്കോ തെറാപ്പി, സ്പീച്ച് തെറാപ്പി , ഫിസിയോ തെറാപ്പി മികവാർന്ന ചികിത്സാ പരിചരണമാണ് നൽകിവരുന്നത്. രക്ഷാകർത്തൃ സംഗമത്തിൽ തങ്ങളുടെ അനുഭവങ്ങൾ പങ്ക് വെച്ച് ചികിൽസ ലഭിച്ചതിന് ശേഷം അവരുടെ കുഞ്ഞുങ്ങൾക്ക് വന്ന വലിയ മാറ്റത്തിൽ വാചാലരാവുകയും സംതൃപ്തിയോടെസന്തോഷമറിയിക്കുകയും ചെയ്തു. ദൂരെ സ്ഥലങ്ങളിൽ നിന്നും ഈ സെന്ററിലേക്ക് ചികിൽസ തേടി എത്തുന്നവർ നിരവധിയാണ്. വിവിധ തെറാപ്പികൾ, രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം, മോട്ടിവേഷൻ ക്ലാസ്സുകൾ എന്നിവ ചികിൽസയുടെ ഭാഗമായി സെന്ററിൽ നിന്നും നൽകി വരുന്നു.



സിഡിഎംസി സെന്ററിൽ രക്ഷാകർതൃ സംഗമം

സിഡിഎംസി സെന്ററിലെ ഗുണഭോക്താക്കളുടെ രക്ഷാകർതൃ സംഗമം നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനംചെയ്യുന്നു

പൊന്നാനി

പൊന്നാനി നഗരസഭയുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികളുടെ പരിചരണ കേന്ദ്രമായി പ്രവർത്തിക്കുന്ന സിഡിഎംസി സെന്ററിൽ രക്ഷാകർതൃ സംഗമം സംഘടിപ്പിച്ചു. നഗരസഭയ്ക്ക് അകത്തും പുറത്തുമുള്ള 180 കുട്ടികൾക്കാണ് സെന്ററിൽ വിവിധ തെറാപ്പികൾ നൽകുന്നത്. സംഗമത്തിൽ രക്ഷിതാക്കൾ അനുഭവങ്ങൾ പങ്കുവച്ചു. മാസ് ഓഡിറ്റോറിയത്തിൽ നടന്ന സംഗമം നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനംചെയ്തു. വൈസ് ചെയർപേഴ്സൺ ബിന്ദു സിദ്ധാർത്ഥൻ അധ്യക്ഷയായി. കേന്ദ്രത്തിലെ ജീവനക്കാരായ സമീർ, ദിവ്യ എന്നിവർ സംസാരിച്ചു. സ്ഥിരം സമിതി ചെയർമാൻ രജീഷ് ഊപ്പാല സ്വാഗതവും നിർവഹണ ഉദ്യോഗസ്ഥ രശ്മി നന്ദിയും പറഞ്ഞു.

പ്ലാസ്റ്റിക്ക് ഉപയോഗിച്ചാൽ ഉദ്യോഗസ്ഥർക്കും പിഴ

നഗരസഭ ചെയർമാൻ വിളിച്ചു ചേർത്ത വിവിധ ഓഫീസ് മേധാവി കളുടേയും സ്കൂൾ - കോളേജ് പ്രധാന അധ്യാപകരുടേയും, മെഡിക്കൽ ഓഫീസർമാരുടേയും യോഗത്തിലാണ് അതാത് സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാനും ഗ്രീൻ പ്രോട്ടോകോൾ കർശനമായി പാലിക്കുവാനും ആവശ്യമായ കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയത്. അതനുസരിച്ച് വിദ്യാലയങ്ങളിൽ ശുചിത്വ അസംബ്ലി, രക്ഷാകർതൃ സംഗമങ്ങൾ , ബോധ വത്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും, മൈനർ ഇറിഗേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തോടുകളുടേയും, ജലാശയങ്ങളുടേയും ശുചീകരണ കർമ്മ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. തെരുവിൽ മാലിന്യം വലിച്ചെറിയുന്നവരെ പിടി കൂടി ശിക്ഷിക്കുന്നതിന് പോലീസ്, നഗരസഭാ ഹെൽത്ത് വിഭാഗം, എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ രാത്രി കാല പട്രോളിങ് ഏർപ്പെടുത്തി. പൊതു തെരുവുകളിൽ മാലിന്യം തള്ളുന്നവരെ കണ്ടെത്തി ഫോണിൽ ദൃശ്യങ്ങൾ പകർത്തി അറിയിക്കുന്നവർക്ക് 2500 രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. അത്തരം സാമൂഹ്യ വിരുദ്ധരെ കണ്ടെത്തുന്നതിന് പൊതുജന ങ്ങളുടെ സഹകരണം ഉറപ്പു വരുത്തി. ഫിഷറീസ്, തീരദേശ പോലീസ് എന്നിവരുടെ നേതൃത്വത്തിൽ തീരപ്രദേശത്ത് ബോധവത്കരണ - ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഓഫീസുകളിൽ ജീവനക്കാർ ഗ്രീൻ പ്രോട്ടോകോൾ പാലിക്കണമെന്നും പ്ലാസ്റ്റിക്ക് ഉൽപനങ്ങൾ ഉപയോഗിക്കുന്ന ജീവനക്കാരെ കണ്ടെത്തി ആദ്യ ഘട്ടത്തിൽ താക്കീത് നൽകുവാനും പിഴ ചുമത്തുന്നതിനും ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകി.

മാലിന്യം കത്തിച്ചാലും വലിച്ചെറിഞ്ഞാലും പിടിവീഴും

പൊന്നാനി നഗരസഭ ഹെൽത്ത് സ്വാഡ് പരിശോധന ശക്തമാക്കി

പൊന്നാനി

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പൊന്നാനി നഗരസഭ ഹെൽത്ത് സ്വാഡ് പരിശോധന ശക്തമാക്കി. പുഴയിലേക്ക് മാലിന്യം വലിച്ചെറിയുകയും കത്തിക്കുകയും ചെയ്യുവർക്ക് പിഴയും ചുമത്തി.

മാലിന്യം കത്തിച്ച മർവ്വ മെഡിക്കൽസ്, ബാബുസ് മെഡിക്കൽസ് എന്നീ സ്ഥാപനങ്ങൾക്കാണ് പിഴ ചുമത്തിയത്. ഏവി സ്കൂളിനു മുൻവശത്തുള്ള കെട്ടിടത്തിന്റെ പുറകിൽ മാലിന്യം കത്തിക്കുന്നുണ്ടെന്ന പരാതിയെ കർമസേനയുടെ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. മാലിന്യം വലിച്ചെറിഞ്ഞ ബ്ലൂ ലീ ബാഗ് ബസാറിനും പിഴയിട്ടു. ക്വാർട്ടേഴ്സുകളിൽനിന്ന് ഹരിതകർമസേനക്ക് മാലിന്യം കൈമാറാതെ



പ്ലാസ്റ്റിക് മാലിന്യം കത്തിച്ച നിലയിൽ

കത്തിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നതായി കണ്ടെത്തിയ ക്വാർട്ടേഴ്സ് ഉടമക്കെതിരെ നിയമ നടപടി ആരംഭിച്ചു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവമാലിന്യം ഹരിതകർമസേനക്ക് നൽകുകയും ചെയ്യാത്തവർക്ക് എതിരെ നടപടിയെടുക്കുമെന്ന് ക്ലീൻ സിറ്റി മാനേജർ സുബ്രഹ്മണ്യൻ പറഞ്ഞു. സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ആരിഫ്, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടറുമായ മുഹമ്മദ് ഹുസൈൻ, പവിത്രൻ, ഷിജി, ശ്രീജു എന്നിവർ പങ്കെടുത്തു.

ആരോഗ്യ ജാഗ്രത സദസ്സ്



മഴക്കാല രോഗ പ്രതിരോധ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുന്നതിൻറെ ഭാഗമായി പൊന്നാനി നഗരസഭ ആരോഗ്യ ജാഗ്രത സദസ്സ് സംഘടിപ്പിച്ചു. നഗരസഭയിലെ മുഴുവൻ വാർഡുകളിലെയും സാനിറ്റേഷൻ കമ്മറ്റി അംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ അംഗനവാടി പ്രവർത്തകർ കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത ആരോഗ്യ ജാഗ്രത സദസ്സ് ഏറെ ശ്രദ്ധേയമായി. ഓരോ വാർഡിലെയും സാനിറ്റേഷൻ കമ്മറ്റികൾ ചിട്ടയായ ശുചികരണ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും അടിയന്തിരപ്രാധാന്യം നൽകി വാർഡുതല സാനിട്ടേഷൻ കമ്മറ്റികളുടെ നേതൃത്വ ത്തിൽ ഗൃഹസന്ദർശനം നടത്തുകയും കുടിവെള്ള കിണറുകളിൽ ക്ലോറിനേഷൻ , വെള്ളം കെട്ടി കിടക്കുന്ന പ്രദേശങ്ങളിൽ കുമ്മായം, ബ്ലീച്ചിംഗ് പൗഡർ എന്നിവ ഉപയോഗിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും സദസ്സ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. ഹരിത കർമ്മ സേന, അയ്യങ്കാളി തൊഴിലാളികൾ തുടങ്ങിയവർക്ക് സദസ്സിൽ വെച്ച് എലിപ്പനി പ്രതിരോധ മരുന്ന് ഡോക്സി സൈക്ലിൻ ഗുളികകൾ വിതരണം ചെയ്തു.

വിഷരഹിത പച്ചക്കറിക്ക് തുടക്കം കുറിച്ച് പൊന്നാനി നഗരസഭ

സംസ്ഥാന സർക്കാറിൻറെ "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി പ്രകാരം പച്ചക്കറി കൃഷി യ്ക്കുള്ള തൈകളുടെ വിതരണം ചെയ്തു. പൊന്നാനി കൃഷിഭവന്റെ കീഴിലുള്ള വാർഡുകളിലേക്ക് വെള്ളരി, പയർ, കയ്പ്പ, വെണ്ട എന്നീ പച്ചക്കറി തൈകളാണ് വിതരണം ചെയ്തത്. ഓണത്തിന് വിഷരഹിത പച്ചക്കറി ഉല്പാദനം ലക്ഷ്യമാക്കി സംഘടിപ്പിക്കുന്ന പദ്ധതിക്ക് നഗരസഭാ പ്രദേശത്തെ കർഷകർക്ക് നടീൽ വസ്തുക്കൾ നൽകുന്നതോടൊപ്പം ആവശ്യമുള്ള പച്ചക്കറി വിത്തുകളും ഇതോടൊപ്പം വിതരണം നടത്തി.



മെഡിക്കൽ ചെക്കപ്പ് വീട്ടുപടിക്കൽ- സാന്ത്വനം പദ്ധതി

ആരോഗ്യ പരിപാലനരംഗത്ത് അനുകരണീയമായ സംരംഭമാതൃകയായി കുടുംബശ്രീയുടെ സാന്ത്വനം പദ്ധതിക്ക് പൊന്നാനി നഗരസഭയിൽ തുടക്കമായി പൊതു ജനങ്ങൾക്കിടയിൽ ജീവിത ശൈലി രോഗങ്ങൾ വർദ്ധിക്കുന്നത് കുറക്കുക എന്ന ഉദ്ദേശത്തോടെയുള്ള പദ്ധതി കുടുംബശ്രീയും, പൊന്നാനി നഗരസഭയും, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിളും ചേർന്ന് സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകയായ രമ്യ ബിനീഷയുടെ നേതൃത്വത്തിലാണ് ഈ മാതൃക സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. സേവനം ലഭിക്കാൻ 9544288346 എന്ന ഫോൺ നമ്പറിൽ വിളിച്ചറിയിച്ചാൽ വീട്ടിലെത്തി പരിശോധിച്ച് റിസൾട്ട് അറിയാവുന്ന രീതിയിലാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിട്ടുള്ളത്.

മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മേശയും, കസേരയും

പൊന്നാനി നഗരസഭ 2022-23 വാർഷിക പദ്ധതി പ്രകാരം മത്സ്യ തൊഴിലാളി കുടുംബങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പഠനസൗകര്യാർത്ഥം മേശയും കസേരയും വിതരണം ചെയ്തു.



ഹരിത വിദ്യാലയം ശുചിത്വ അസംബ്ലി

മാലിന്യ മുക്ത നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ- വിദ്യാലയ ശുചിത്വ അസംബ്ലിക്ക് തുടക്കമായി. തൃക്കാവ് ഗവ: ഹയർസെക്കണ്ടറി സ്കൂളിൽ ചേർന്ന ശുചിത്വ അസംബ്ലി നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം ശുചിത്വസന്ദേശം നൽകി കൊണ്ട് ചടങ്ങിന് തുടക്കം കുറിച്ചു. തൃക്കാവ് ഗവ: ഹയർസെക്കണ്ടറി സ്കൂൾ തനതു പ്രവർത്തനത്തിന്റെ ഭാഗമായി "ചെറുത്തു നിൽക്കാം കരുത്തു നേടാം" എന്ന സന്ദേശമുയർത്തി വിദ്യാർത്ഥികൾ തയ്യാറാക്കിയ മാലിന്യ നിർമ്മാർജ്ജന സർവ്വേ പ്രോജക്ട് റിപ്പോർട്ട് ഹെഡ് മിസ്ട്രസ് ബദറുന്നീസ ടീച്ചർ നഗരസഭ ചെയർമാന് കൈമാറി.



പെൻബോക്സ്

പാതയോരത്തെ കുറ്റിക്കാടിനിടയിൽ ആരും ശ്രദ്ധിക്കാതെ പാഴായി കിടന്ന ഈറപ്പനയുടെ തടി കണ്ടെടുത്ത് വലിയ സിലിണ്ടർ മാതൃകയിൽ കഷ്ണങ്ങളാക്കി , തൻറെ ഭാവനാ പൂർണമായ കരവിരുതിൽ മരത്തടിയിൽ കമനീയമായ പാഴ്പെൻ കൂട് തയ്യാറാക്കി വേറിട്ട മാലിന്യ സംസ്കരണ ഉപാധിയാണ് പൊന്നാനി നഗരസഭ ക്ലീൻ സിറ്റി മാനേജർ ദിലീപ് കുമാർ ചെയ്തത്. തടിയിൽ തീർത്ത പാഴ്പെൻ കൂടുകൾ നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിൻറെ ഭാഗമായി പൊന്നാനി തൃക്കാവ് ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ സ്ഥാപിക്കുന്ന പെൻകൂട് നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം പ്രധാന അദ്ധ്യാപിക ബദറുന്നീസ ടീച്ചർക്ക് കൈമാറി. തുടർന്ന് എഴുതി തീർന്ന പേനകൾ വിദ്യാർത്ഥികൾ മനോഹരമായ പെൻ കൂടിനകത്ത് നിക്ഷേപിച്ചു. **"എഴുതി തീർന്ന സമ്പാദ്യം"** എന്ന സന്ദേശം ഉയർത്തി എല്ലാ വിദ്യാലയങ്ങളിലും പൊതു ഓഫീസുകളിലും പെൻ കൂടുകൾ സ്ഥാപിക്കാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളിൽ ശുചിത്വബോധം ഉണർത്തി എല്ലാ വിദ്യാലയങ്ങളും മാലിന്യമുക്ത ഹരിത വിദ്യാലയമായി പ്രഖ്യാപിക്കാൻ ഒരുങ്ങുകയാണ് നഗരസഭയും വിദ്യാലയങ്ങളിലെ കുട്ടികളുടെ ഹരിതസേനയും .



ഒരു കോടി ഫല വൃക്ഷങ്ങൾ - തൈകളുടെ വിതരണം

കേരള സർക്കാരിൻറെകൃഷി വകുപ്പിൻ കീഴിൽ നടപ്പാക്കുന്ന "ഒരു കോടി ഫലവൃക്ഷങ്ങൾ" എന്ന പദ്ധതിപ്രകാരം പൊന്നാനി നഗരസഭയിലെ കർഷകർക്ക് ഗ്രാഫ്റ്റ് ചെയ്ത ഒട്ടുമാവ്, സപ്പോട്ട, നാരകം , പേരക്ക തുടങ്ങിയ ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു.



സ്നേഹാരാമം

മാലിന്യമുക്ത നവകേരളം പരിപാടിയുടെ ഭാഗമായി സ്കൂളുകളിലെ നേഷണൽ സർവ്വീസ് സ്കീം വളണ്ടിയർമാരായ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ മാലിന്യ കൂമ്പാരമായി മാറിയ പൊതു ഇടങ്ങൾ വൃത്തിയാക്കി സ്നേഹാരാമങ്ങൾ ഒരുക്കുകയാണ് നഗരസഭ.പൊന്നാനി ഹാർബർ പരിസരത്ത് തൃക്കാവ് ഹയർ സെക്കണ്ടറി സ്കൂളിലെ NSS വളണ്ടിയർമാരും നഗരസഭ ശുചീകരണ വിഭാഗം തൊഴിലാളികളും മാലിന്യങ്ങൾ നീക്കം ചെയ്ത് തയ്യാറാക്കിയ സേനഹാരാമം വിദ്യാർത്ഥികൾ നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറത്തിന് കൈമാറി. .എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സ്വപ്നറാണി, വളണ്ടിയർ ക്യാപ്റ്റൻ മാരായ നബീൽ , ആതിര,ആര്യ, അൽത്താബിത്ത് എന്നിവരും പ്രിൻസിപ്പൽ മുഹമ്മദ് അമീൻ പി.ടി.എ പ്രസിഡണ്ട് മണികണ്ഠൻ കടവനാട് എന്നിവരാണ് സ്നേഹാരാമം നഗരസഭയ്ക്ക് കൈമാറിയത്.





ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി - കന്നുകാലികൾക്കുള്ള നാലാംഘട്ട കുളമ്പ് രോഗ പ്രതിരോധ കുത്തിവെപ്പ്

ഡിസംബർ 01 മുതൽ 27 വരെ നീണ്ടു നിൽക്കുന്ന 21 ദിവസത്തെ തീവ്രയജ്ഞ പരിപാടി നഗരസഭ ക്ഷേമ കാര്യ സ്ഥിരം സമിതി അധ്യക്ഷൻ ശ്രീ. രജീഷ് ഊപ്പാല ഉറൂബ് നഗർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെച്ച് ഉദ്ഘാടനം ചെയ്തു. കാറ്റിലൂടെ പകരുന്നതും ചികിത്സയില്ലാത്തതും കന്നുകാലികളുടെ ഉത്പാദനക്ഷമത പാടെ നശിപ്പിക്കുന്നതുമായ വൈറസ് ബാധയാണ് കുളമ്പ് രോഗം. നാലുമാസവും അതിനു മുകളിലും പ്രായമായ പശു, എരുമ വർഗ്ഗങ്ങളിലെ എല്ലാ ഉരുക്കളെയും (ആറു മാസത്തിനു മുകളിൽ ഗർഭമുള്ള പശുക്കൾ ഒഴികെ) പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കേണ്ടതാണ്. തുടർച്ചയായ കുത്തിവെയ്പ്പിലൂടെ മാത്രമേ കുളമ്പ് രോഗം പൂർണമായും തടയാനാകൂ എന്നതിനാൽ ഈ യജ്ഞത്തിൽ എല്ലാ കർഷകരും പങ്കാളികളാകണമെന്ന് സ്വന്തം അനുഭവം മുൻനിർത്തിക്കൊണ്ട് കൊണ്ട് ഉദ്ഘാടകൻ വിശദീകരിച്ചു.

പുളിക്കകടവ് തൂക്കുപാലവും ബിയ്യം കായൽ ടൂറിസം പദ്ധതി പ്രദേശവും നഗരസഭ ഏറ്റെടുത്തു

ഏറെ കാലത്തെ കാത്തിരിപ്പിനൊടുവിൽമാറഞ്ചേരി ഗ്രാമപഞ്ചായത്തിനേയും പൊന്നാനി നഗരസഭയേയും ബന്ധിപ്പിക്കുന്ന യാത്രാ മാർഗ്ഗമായ പുളിക്കക്കടവ് തൂക്കുപാലവും ബിയ്യം കായൽ ടൂറിസം പദ്ധതി പ്രദേശവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ പൊന്നാനി നഗരസഭയ്ക്ക് കൈമാറി. അപകടാവസ്ഥയിലായ തൂക്കുപാലത്തിൻറെ അറ്റകുറ്റപണികൾ നടത്തുന്നതിന് സാങ്കേതിക കാരണങ്ങളാൽ നഗരസഭയ്ക്ക് കഴിയാതിരുന്ന സാഹചര്യത്തിൽ തൂക്കു പാലവും പദ്ധതി പ്രദേശവും നഗരസഭയ്ക്ക് കൈമാറുന്ന മുറയ്ക്ക് ഏറ്റെടുത്ത് തുടർ നടപടികൾ

സ്വീകരിക്കാൻ സന്നദ്ധമാണെന്ന് ജില്ലാ ടൂറിസം കൗൺസിലിനോട് നഗരസഭ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ പൊന്നാനി MLA പി.നന്ദകുമാറിൻറെ ഇടപെടലിൻറെ ഭാഗമായി സംസ്ഥാന ടൂറിസം വകുപ്പ് ഡയറക്ടർ വിളിച്ചു ചേർത്ത യോഗ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നഗരസഭ ആവശ്യപ്പെട്ടതനുസരിച്ച്തൂക്കുപാലവും പദ്ധതി പ്രദേശവും കൈമാറാൻ തീരുമാനിക്കുകയായിരുന്നു. ഇതോടെ അപകട ഭീഷണി നേരിടുന്ന തൂക്കുപാലത്തിൻറെ അടിയന്തിര അറ്റകുറ്റ പണികൾ നടത്തി പാലം യാത്രക്കാർക്കായി തുറന്നു കൊടുക്കാനാവുമെന്ന് നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം അറിയിച്ചു. അതോടൊപ്പം പദ്ധതി പ്രദേശത്ത് പ്രാദേശിക ടൂറിസം സാധ്യതകൾ പരിപോഷിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. ആസ്തി കൈമാറ്റ ചടങ്ങിൽ വെച്ച് ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി വിപിൻ ചന്ദ്ര രേഖകൾ നഗരസഭ ചെയർമാന് കൈമാറി.

പൊന്നാനി നഗരസഭ - ക്ലീൻ ടോയ്ലറ്റ് ക്യാമ്പയിൻ

പൊന്നാനി നഗരസഭയിലെ ബസ് സ്റ്റാൻഡ് പരിസരത്തെ പൊതു ടോയ്ലറ്റ് ശുചീകരണം നടത്തി ക്ലീൻ ടോയ്ലറ്റ് ശുചീകരണം ക്യാമ്പയിൻ പ്രവർത്തനം ആരംഭിച്ചു. പൊതു ടോയ്ലറ്റുകളും സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ടോയ്ലറ്റുകളും, ശുചീകരണ പ്രവർത്തനങ്ങളും മറ്റു മോടിപിടിപ്പിക്കൽ പ്രവർത്തനങ്ങളും നടത്തി ആകർഷകമാക്കി പൊതുജനങ്ങൾക് ഉപയോഗപ്രദ മാകുന്നതിനുള്ള ശുചിമുറി ശുചിത്വ ദേശീയ ക്യാമ്പയിന്റെ ഭാഗമായിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ടോയിലറ്റ് കോംപ്ലക്സ്

പൊന്നാനി നഗരസഭയുടെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളിരി ഗവ. എൽ.പി സ്കൂളിൽ നിർമ്മാണം പൂർത്തീകരിച്ച ടോയ്ലറ്റ് കോംപ്ലക്സ് നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു. എല്ലാ സർക്കാർ സ്കൂളുകളിലും ശുചിത്വമുള്ള ശുചിമുറി സംവിധാനങ്ങൾ പുതുതായി ഒരുക്കാനുള്ള നഗരസഭ ഭരണ സമിതി തീരുമാനത്തിന്റെ ഭാഗമായുള്ള ആദ്യ ടോയ്ലറ്റ് കോംപ്ലക്സാണ് ഉദ്ഘാടനം ചെയ്തത്.

വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ ഫ്രണ്ട് എൻറ് സബ്സിഡി യിൽ ആരംഭിച്ച ബെല്ലേസ സ്റ്റിച്ചിങ് ആൻഡ് ബ്രൈഡൽ ഡിസൈനിങ് സെൻറർ

പൊന്നാനി നഗരസഭ ജനകീയാസൂത്രണം 2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിയായ ഫ്രണ്ട് എൻറ് സബ്സിഡി യിൽ ആരംഭിച്ച ബെല്ലേസ സ്റ്റിച്ചിങ് ആൻഡ് ബ്രൈഡൽ ഡിസൈനിങ് സെന്റർ ബഹു : നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു. പൊന്നാനി നഗരസഭ ജനകീയാസൂത്രണം 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ ഫ്രണ്ട് എൻറ്സബ്സിഡി-യിൽ ആരംഭിച്ച രണ്ടാമത്തെ സംരംഭമായ ജനസേവാ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു.

മത്സ്യസഭ

പൊന്നാനി നഗരസഭയുടെ വാർഷിക പദ്ധതി 2024-25 പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യതൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് മത്സ്യസഭ സംഘടിപ്പിക്കുന്നത്.

പൊന്നാനിയുടെ ടൂറിസം വികസന സാധ്യതകൾ ചർച്ച ചെയ്ത പ്രവാസി സഭ

പൊന്നാനി നഗരസഭയുടെ വാർഷിക പദ്ധതിരൂപീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവാസികളുടെ ക്ഷേമ പദ്ധതികൾ, പ്രവാസി സമൂഹത്തിൻറെ കൂട്ടായ്മയോടെ നടപ്പാക്കാൻ സാധ്യതയുള്ള , നഗര വികസന ടൂറിസം പ്രോജക്ടുകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി പ്രവാസി സഭ ചേർന്നു.

അംഗൻവാടി കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു.

പൊന്നാനി നഗരസഭയിലെ എല്ലാ അങ്കണവാടികൾക്കും പുതിയ കെട്ടിടം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പൊന്നാനി നഗരസഭ ഭരണസമിതിയുടെ പദ്ധതികളുടെ ഭാഗമായി ഉറുബ്

നഗർ വാർഡിലെ 55-ാം നമ്പർ അങ്കണവാടിക്കായി പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം പി.നന്ദകുമാർ MLA നിർവ്വഹിച്ചു. അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങി നൽകിയ പ്രവാസി കൂട്ടായ്മയായ പൊന്നാനി വെൽഫെയർ കമ്മറ്റി പ്രവർത്തകരെ ചടങ്ങിൽ വെച്ച് ഉപഹാരം നൽകി ആദരിച്ചു.

പുതുവർഷത്തിൽ ജനകീയ നഗരാരോഗ്യ കേന്ദ്രം നാടിന് സമർപ്പിച്ചു.

പുതുവർഷ ദിനത്തിൽ പൊന്നാനി നഗരസഭയുടെ കീഴിൽ പ്രവർത്തനം ആരംഭിക്കുന്ന രണ്ടാമത് ഹെൽത്ത്&വെൽനസ് സെൻറർ ചാണാ റോഡിൽ മികച്ച സൗകര്യങ്ങളോടെ സജ്ജമാക്കിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

വെള്ളീരി ജി.എൽ.പിസ്കൂളിൽ കുട്ടികൾക്കായി ഒരുക്കിയ വർണകൂടാരം

സംസ്ഥാന സർക്കാരിൻറെ സമഗ്ര ശിക്ഷാ കേരള"സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളീരി, ജി. എൽ പി സ്കൂളിൽ പ്രീ പ്രൈമറി വിഭാഗത്തിൽ പത്തു ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച 'വർണ്ണക്കൂടാരം' ശ്രീ പി.നന്ദകുമാർ MLA ഉദ്ഘാടനം ചെയ്തു. പതിമൂന്ന് പ്രവർത്തന ഇടങ്ങളാണ് പദ്ധതിയുടെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്നത്. കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യം വെച്ചു കൊണ്ടുള്ള ശാസ്ത്രീയമായ പ്രീ സ്കൂൾ എന്ന കാഴ്ചപ്പാടിൻറെ അടിസ്ഥാനത്തിലാണ് വർണ്ണക്കൂടാരം രൂപപ്പെടുത്തിയിരിക്കുന്നത്.

ടൂറിസം ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ പുതുനിർദ്ദേശങ്ങളുമായി നഗരസഭ - വികസന സെമിനാർ.

നഗരത്തിൻറെ ഇൻഫ്രാസ്ട്രക്ചർ വികസനവും ടൂറിസവും മുൻനിർത്തിയുള്ള നവീനനിർദേശങ്ങളുമായി പൊന്നാനി നഗരസഭയുടെ വികസന സെമിനാർ. ആഭ്യന്തര സഞ്ചാരികളുടെ ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായി മാറിയ നിള ടൂറിസം ഡെസ്റ്റിനേഷനിൽ വഴിയോര വിശ്രമ കേന്ദ്രം, പാർക്ക്, തെരുവ് വിളക്കുകൾ, ക്യാമറ എന്നിവ സ്ഥാപിക്കുക, വയോജനങ്ങൾക്കും, വനിതകൾക്കും വ്യായാമത്തിന് സൗകര്യമൊരുക്കുക തുടങ്ങിയ നിദ്ദേശങ്ങൾ ഉയർന്നു വന്നു. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് രൂപപ്പെടാൻ സാദ്ധ്യതയുള്ള വെള്ളക്കെട്ടുകൾക്ക് പരിഹാരം കാണുക , നഗരത്തിലെ പ്രധാന പാതകളിൽ സ്ഥലനാമ ബോർഡുകളും ദിശാ ബോർഡുകളും സ്ഥാപിക്കുക. കിഫ്ബി പദ്ധതിയിൽ അനുവദിക്കപ്പെട്ട മത്സ്യമാർക്കറ്റ്, താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കുക, താലൂക്ക് ആശുപത്രിയെ സ്പെഷലിസ്റ്റ് ആശുപത്രിയാക്കി ഉയർത്തുക,പുതിയ നഗരസഭാ ബസ്സ്റ്റാൻറ് നവീകരിക്കുമ്പോൾ ടേക്ക് എ ബ്രേക്ക് ഉൾപ്പെടുത്തുക, ബിയ്യം കായൽ ടൂറിസം പദ്ധതി വേഗത്തിലാക്കുക, വായനശാലകളെ ജന സേവന കേന്ദ്രങ്ങളാക്കി ഉയർത്തുക തുടങ്ങിയ നിദ്ദേശങ്ങളും ഉയർന്നു വന്നു. കാർഷിക മേഖലയിൽ പൊന്നാര്യൻ കൊയ്ത്തും പൊന്നാനി പദ്ധതിയുടെ വൈവിദ്ധ്യവത്ക്കരണം, ഊർജ്ജിത പച്ചക്കറി ഉദ്പാദനം, നാളികേര കൃഷിക്ക് ഊന്നൽ, വീടുകൾ കേന്ദ്രീകരിച്ച് മീഡിയം സ്കെയിൽ ആട് വളർത്തൽ പദ്ധതി,വിദ്യാലയങ്ങളിൽ കൃഷിക്കൂട്ടം തുടങ്ങിയ നിദ്ദേശങ്ങളും ഉയർന്നു വന്നു.നിലവിൽ മാലിന്യ സംസ്ക്കരണത്തിന് വീടുകളിൽ നൽകിയ റിങ്ങ് കമ്പോസ്റ്റ്, കിച്ചൺ ബിൻ എന്നിവയിലേക്കാവശ്യമായ ഇനോക്കുലം നഗരസഭയിൽ സംരംഭമെന്ന നിലയിൽ ആരംഭിക്കണം. വനിതകൾക്ക് പ്രത്യേക സാംസ്ക്കാരിക കലാ മത്സരങ്ങൾക്ക് വേദിയൊരുക്കണം, ഹയർ സെക്കണ്ടറി സ്കൂളുകൾ കേന്ദീകരിച്ച് ജലപരിശോധന ലാബുകൾ ആരംഭിക്കുക, പുതുതായി നിർമ്മിക്കുന്ന ഉറൂബ് സാംസ്ക്കാരിക നിലയത്തിലെ ലൈബ്രറി ഡിജിറ്റലൈസ് ചെയ്യുക, റഫറൻസ് ലൈബ്രറിയാക്കി ഉയർത്തുക, പട്ടികജാതി മത്സ്യത്തൊഴിലാളി മേഖലകളിൽ സംരംഭ സ്വയം തൊഴിൽ സാദ്ധ്യതകൾ ഉറപ്പു വരുത്തുക, ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം, വയോജന ഭിന്നശേഷി സംരക്ഷണ പദ്ധതികൾ, ജോബ് ഫെസ്റ്റുകളുടെ സംഘാടനം, ചെറുകിട വ്യവസായ പദ്ധതികൾക്ക് ഇൻഡസ്ട്രിയൽ പാർക്ക്, പൈതൃക കലകളുടെ പഠനവും സംരക്ഷണവും ഉറപ്പു വരുത്തുക എന്നീ നിർദ്ദേശങ്ങളും വികസന സെമിനാർ മുന്നോട്ട് വെച്ചു.

പാലിയേറ്റീവ് ദിനചാരണത്തിനോടാനുബന്ധിച്ച് "ഞാനുമുണ്ട് പരിചരണത്തിന് " എന്ന സന്ദേശം നഗരസഭയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി

മുൻനിർത്തികൊണ്ട് പൊന്നാനി നഗരസഭയിലെ അൻപത്തൊന്നു വാർഡുകളിൽ നിന്നും സന്നദ്ധ സേവനത്തിനു തയ്യാറുള്ള വോളണ്ടിയർമാർക്ക് നഗരസഭയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി. ഓരോ വാർഡുകളിലെയും കിടപ്പിലായ രോഗികൾക്ക് ഒരു സന്നദ്ധപ്രവർത്തകർ എന്ന ആവശ്യകതയെ

മുൻനിർത്തിക്കൊണ്ടാണ് പരിശീലനം നൽകിയത്. കരീം വാഴക്കാട് (ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേവ് കെയർ കേരള സെക്രട്ടറി) പരിശീലനം നൽകിയത്.

പൊന്നാനി നഗരസഭയും കുടുംബശ്രീ ജില്ലാമിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മെഗാ ജോബ് ഫെയർ 2024

വിവിധ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തികൊണ്ടു യുവജനങ്ങൾക്ക് തൊഴിൽ അവസരം ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പൊന്നാനി നഗരസഭയും കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനും സംയുക്തമായി പൊന്നാനി എം ഇ എസ് കോളേജിൽ വെച്ച് മെഗാ തൊഴിൽ മേള സംഘടിപ്പിച്ചു . ചടങ്ങിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ജാഫർ കക്കൂത്ത് പദ്ധതി വിശദീകരണം നടത്തി.

സ്വകാര്യതൊഴിൽ മേഖലയിലെ സ്ഥാപനങ്ങൾ(ബാങ്കിങ്, ഇൻഷുറൻസ്, മാർക്കറ്റിംഗ്, കൺസ്ട്രക്ഷൻ, I T, ഗ്രാഫിക്സ്,വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്രെയിനിങ് സെന്റർ, ഹൈപ്പർമാർകെറ്റ്,ടെക്സ്റ്റയിൽസ്, വാഹന ഷോറും, ഹോസ്പിറ്റലുകൾ, മാർക്കറ്റിംഗ് ഏജൻസിസ്,ETC),പോസ്റ്റൽ ഇൻഷുറൻസ് സർവീസ്, എന്നിവടങ്ങളിലെ തൊഴിലവസരങ്ങളാണ് ENSI GN'24 Job Fai r ലൂടെ നൽകുന്നത്.

60 തൊഴിൽ ദാതാക്കളാണ് ജോബ് മേളയിൽ പങ്കെടുത്തത്. 962 ഉദ്യോഗാർത്ഥികൾ ജോബ് മേളയിൽ ഇൻറർവ്യൂ അറ്റെൻറ് ചെയ്തതിൽ 375 പേർക്ക് തൊഴിൽ ലഭിച്ചു. 312 പേരെ അടുത്ത ഘട്ടത്തിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്തു. മലപ്പുറം ജില്ലയിലെ അഭ്യസ്തവിദ്യരായ പത്താം ക്ലാസ് യോഗ്യതയുള്ള 18 നും 40 നും ഇടയിലുള്ള തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയാണ് കുടുംബശ്രീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് ജോബ് മേളകൾ നടത്തിവരുന്നത്.

2026 ആകുമ്പോളേക്ക് 20 ലക്ഷം പേർക്ക് തൊഴിൽ നൽകാൻ കേരള നോളജ് എക്കണോമി മിഷനും,ഡിഡിയുജികെവൈ - കുടുംബശ്രീ നൈപുണ്യ പരിശീലനങ്ങളും ഏകോപിച്ചാണ് ജോബ് മേള സംഘടിച്ചത്

ജനുവരി 31-നകം ജോബ് മേളയിലേക്കുള്ള തൊഴിൽ ദാതക്കളെ കണ്ടെത്തിയിരുന്നു എന്നതിനാൽ തൊഴിൽ മേളയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ, ഒഴിവുള്ള തസ്തികകൾ, യോഗ്യത മാനദണ്ഡങ്ങൾ എന്നിവ ജോബ് മേളയുടെ അറിയിപ്പ് സാമൂഹ്യ മാധ്യമങ്ങൾ വഴി പൊതു ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചതിനാൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ചുള്ള ജോലികൾ മനസിലാക്കാൻ സാധിച്ചു.

ജോബ് മേളയുടെ ഭാഗമായി സൗജന്യ സ്പോട് രജിസ്ട്രേഷനായിരുന്നു നടപ്പിലാക്കിയിരുന്നത് അതി വേഗം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി തൊഴിൽദായക്കാർക്കും, തൊഴിൽ അന്വേഷകർക്കും പ്രത്യേകം രജിസ്ട്രേഷൻ കൗണ്ടറുകൾ സംഘടകർ ഒരുക്കിയിരുന്നു. ഇതിനാൽ നിമിഷങ്ങൾക്ക് അകം ഓരോ ഉദ്യോഗർത്ഥികളുടെയും രെജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചു. രജിസ്ട്രേഷൻ നടത്തിയ ഓരോ ഉദ്യോഗസ്ഥർത്തിക്കു ഹാൻഡ് ബുക്കും നൽകിയത് പങ്കെടുക്കേണ്ട ഇന്റർവ്യൂ മനസിലാക്കാൻ ഉദ്യോഗർത്ഥികൾക്ക് ഏറെ സഹായകരമായി

ഉയർന്ന യോഗ്യത ഉള്ളവർക്ക് മാത്രം അവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ജോബ് മേളകളിൽ നിന്നും തികച്ചും വ്യത്യാസ്തമായ തൊഴിൽ മേളയായിരുന്നു പൊന്നാനിയിൽ നടന്നത് .എല്ലാ വിദ്യാഭാസയോഗ്യത ഉള്ളവർക്കും, പ്രായ പരിധി പ്രശ്നമാവതെയും തൊഴിൽ നേടാൻ സംഘാടകർ അവസരം ഒരുക്കിയിരുന്നു. തങ്ങളുടെ ജോലിയ്ക്ക് ആവിശ്യമായ യോഗ്യതയും അഭി രുചിയും ഉള്ളവരെ ലഭിച്ചത് തൊഴിൽ ദായകാർക്കും ഏറെ സഹായമായി.

1000 ൽ അധികം ആളുകൾ പങ്കെടുത്ത ജോബ് മേള തികച്ചും പരിസ്ഥിതി സൗഹൃദമയാണ് നടത്തിയത്. കുടുംബശ്രീ വളണ്ടിയർമാർ, നഗര സഭ ആരോഗ്യ വിഭാഗം ജീവനക്കാർ എന്നിവർ ഇതിന് നേതൃത്വം നൽകി.

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

പൊന്നാനി നഗരസഭ സമ്പൂർണ്ണ മാലിന്യ സംസ്കരണ ശുചിത്വ നഗരസഭയായി മാറ്റുന്നതിൻറെ ഭാഗമായി വിവിധ മേഖലകളിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. നഗരത്തിലെ വ്യാപാരികൾ, ഓഡിറ്റോറിയങ്ങൾ, ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ, സർക്കാർ പൊതുമേഖല സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ ക്യാമ്പയിനിൽ പങ്കാളികളായി. മാലിന്യങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അജൈവമാലിന്യങ്ങൾ ഹരിത

കർമ്മസേന വഴി ശേഖരിച്ച് ശാസ്ത്രീയ സംസ്കരണം ഉറപ്പുവരുത്തുന്നതിനും ഉള്ള പദ്ധതികളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിച്ചു.

കിടപ്പുരോഗികളുടെ പരിരക്ഷാ സ്നേഹ സംഗമം

വർഷങ്ങളായി പുറം ലോകം കാണാതെ കിടപ്പിലായ രോഗികളെ, നഗരസഭയുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കി, പൊന്നാനി MES കോളേജ് ഓഡിറ്റോ റിയത്തിൽ അവർക്കിഷ്ടമുള്ള പാട്ടുകളും കലാപരിപാടികളും, സൗജന്യ നേത്ര പരിശോധനാ ക്യാമ്പും ഭക്ഷണവും സമ്മാനവും മധുര പലഹാരങ്ങളും ഒരുക്കി നഗരസഭ ഭരണസമതി അംഗങ്ങളും ആരോഗ്യ പ്രവർത്തകരും പാലിയേറ്റിവ് വോളണ്ടയറർമാരും "ഞാനും ഉണ്ട് പരിചരണത്തിന് " എന്ന സന്ദേശവുമായി സ്നേഹ സംഗമത്തിൽ ഒത്തുചേർന്നു.പൊന്നാനി നഗരസഭ സംഘടിപ്പിച്ച പരിരക്ഷ കിടപ്പ് രോഗികളുടെ സ്നേഹസംഗമം പൊന്നാനി MES കോളേജ് ഓഡിറ്റോറിയത്തിൽ ബഹു കായിക വകുപ്പ് മന്ത്രി ശ്രീ വി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു.

കവുങ്ങിൻ തൈകൾ വിതരണം

പൊന്നാനി നഗരസഭ വാർഷിക പദ്ധതി 2023-24 പ്രോജക്ടിൽ ഉൾപ്പെടുത്തികവുങ്ങിൻ തൈകൾവിതരണം ചെയ്തു. പദ്ധതിക്കായി 266640രൂപയാണ് ചിലവഴിക്കുന്നത്. നഗര സഭപ്രദേശത്തെ കർഷകർക്ക് കാർഷിക ഉദ്പാദനത്തിൽനിന്നുള്ള വരുമാനം വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.കേരളത്തിലെ കാലാവസ്ഥയിൽ ലാഭാകരമായി കൃഷി ചെയ്യാൻ കഴിയുന്നതും ഉല്പാദന ശേഷിയും കീടരോഗ പ്രതിരോധ ശേഷിയുമുള്ള ഇനത്തിൽ പെട്ട മോഹിത് നഗർ ഇനത്തിലുള്ള കവുങ്ങിൻ തൈകളാണ് വിതരണം ചെയ്തത്.

നഗര ജനകീയാരോഗ്യ കേന്ദ്രം

പൊന്നാനി നഗരസഭയും ദേശീയ നഗരാരോഗ്യ മിഷനുംസംസ്ഥാന ആർദ്രകേരളം മിഷനും സംയുക്തമായി നടപ്പാക്കുന്ന അർബ്ബൻ ഹെൽത്ത് &വെൽനസ് സെൻ്റർ പള്ളപ്രം സെൻററിൽ പ്രവർത്തനം ആരംഭിച്ചു.നഗരസഭയിലെ മൂന്നാമത്തെ ജനകിയ നഗരാരോഗ്യ കേന്ദ്രമാണ് പള്ളപ്രം സെൻററിൽ ഉത്ഘാടനം ചെയ്യപ്പെട്ടത്.

ഭിന്നശേഷി സൗഹൃദനഗരസഭ

ബഡ്സ് – ക്ലീനിംഗ് ഉൽപ്പന്നങ്ങൾ

ഉപജീവനത്തിന് ഒരു പൊന്നാനി മാതൃക എന്ന രീതിയിൽ 2019 ജനുവരിയിലാണ് പൊന്നാനി നഗരസഭ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ ആശ്രിതരുടെ സ്വയംതൊഴിൽ സാധ്യതകൾ രൂപപ്പെടുത്താനും ചെറിയതോതിലുള്ള ഉപജീവനമാർഗം എന്ന രീതിയിലും ക്ലീനിംഗ് ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ തീരുമാനമെടുത്തത്. ലിക്വിഡ്ഡിറ്റർജന്റ്, ഡിഷ്വാഷ്, ഹാന്റ്വാഷ്, ഫിനോയിൽ, ടോയിലറ്റ് ക്ലീനർ തുടങ്ങിയവയാണ് ബി.ആർ.സി–യിൽ നിലവിൽ നിർമ്മിക്കുന്നത്. ഉത്പന്നത്തിന്റെ പേര് അന്വർത്ഥമാക്കുന്ന രീതിയിൽ ബഡ്സ് എന്ന ബ്രാൻഡ് നാമത്തിലാണ് ഇവ വിപണിയിലെത്തിച്ചിരിക്കുന്നത്. വ്യവസായവകുപ്പിന്റെ കീഴിൽ ചെറുകിടവ്യവസായ സംരഭമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. (രജി.നം–കെ.എൽ07എ0003796)

ബഡ്സ് – മറ്റ് ഉൽപ്പന്നങ്ങൾ

1. ബഡ്സ് കുട

പൊന്നാനി ബി.ആർ.സി അന്തേവാസികൾക്ക് പൊന്നാനി നഗരസഭയിലെയും കുടുംബശ്രീ ജില്ലാമിഷന്റെയും സഹായത്തോടെ 2023 മെയ് മാസത്തിലാണ് കുട നിർമാണ പരിശീലനം ആരംഭിച്ചത്. ആദ്യം 40 കുടകളാണ് കുട്ടികളും രക്ഷിതാക്കളും ചേർന്ന് നിർമ്മിച്ചത്. ഈ 40 കുടകളും കുട്ടികളും രക്ഷിതാക്കളും ചേർന്ന് വിൽപ്പന നടത്തുകയും, അതിന്റെ ലാഭവിഹിതം കുട്ടികൾക്ക് നൽകുകയും ചെയ്തു. പിന്നീട് കൂടുതൽ കുടകൾ നിർമ്മിക്കുകയും , അത് ഭരണസമിതി അംഗങ്ങൾ തന്നെ വാങ്ങിച്ച് കുട നിർമ്മാണയൂണിറ്റ് വൻവിജയമായി തീർന്നു.

2. തുണിസഞ്ചി

മലപ്പുറം കുടുംബശ്രീ ജില്ലാമിഷന്റെയും, പൊന്നാനി നഗരസഭയുടേയും , രക്ഷിതാക്കളെയും സഹായത്തോടെ 2023 മെയ് മാസത്തിൽ തുണിസഞ്ചിനിർമ്മാണം ആരംഭിക്കുകയും, ഉൽപാദനവും വിപണനവും നടത്തുകയും ചെയ്തു. തുടക്കത്തിൽ 75 തുണിസഞ്ചികൾ നിർമ്മിച്ചു വിപണനം നടത്തി. പൊന്നാനി നഗരസഭയും, കുടുംബശ്രീയും നടത്തുന്ന സ്റ്റാളുകളിൽ തുണിസഞ്ചി വിപണനം നടത്തുകയും, അതിലൂടെ കുട്ടികൾക്ക് മികച്ച വരുമാനം ലഭിക്കുകയും ചെയ്യുന്നു.



3. ബഡ്സ് അഗർബത്തി

2023 മെയ് മാസത്തിൽ കുടുംബശ്രീ ജില്ലാമിഷന്റെയും, പൊന്നാനി നഗരസഭയുടേയും, രക്ഷിതാക്കളുടെയും സഹകരണത്തോടെ ചന്ദനത്തിരി നിർമ്മാണപരിശീലനം നടത്തുകയും, രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ വിപണനം ചെയ്ത് വരുകയും ചെയ്യുന്നു. ആരാധനാലയങ്ങളിലും മറ്റും ചന്ദനത്തിരികൾക്ക് ആവശ്യക്കാർ ഏറെയായതിനാൽ അതിലൂടെ കുട്ടികൾക്ക് മികച്ച വരുമാനം ലഭിക്കുന്നു.

4. ബഡ്സ് നോട്ട്പാഡ്

മലപ്പുറം ജില്ലാകുടുംബശ്രീ മിഷന്റെ പ്രൊജക്ട് ഫണ്ട് ഉപയോഗിച്ച് 2020-ൽ ആരംഭിച്ച നോട്ട് പാഡ് നിർമ്മാണം ഇന്നും വളരെയേറെ പുരോഗതിയിലാണ്. നഗരസഭയുടെ എല്ലാ പരിപാടികളിലും, കുടുംബശ്രീയുടെ പരിപാടികളിലും നോട്ട്പാഡ് വിപണനം നടത്തി വരുന്നു. 2013 ഒക്ടോബർ 27-ന് കുടുംബശ്രീ ജില്ലാമിഷനും, പൊന്നാനി നഗരസഭയും നടത്തുന്ന വിപണനമേളയിൽ 650 നോട്ട്പാഡുകളാണ് അവസാനമായി നിർമ്മിച്ചു നൽകിയത്.



5. ഫോട്ടോ ഫ്രെയിം

2023 ആഗസ്ത് തൊഴിൽപരിശീലനപരിപാടിയുടെ ഭാഗമായി ഫോട്ടോ ഫ്രെയിം നിർമ്മാണം നടത്തുകയും , സ്റ്റാളുകൾ വഴി വിപണനം ചെയ്യുകയും ചെയ്തു.



അഗ്രിതെറാപ്പി

ജില്ലാകുടുംബശ്രീ മിഷനിൽ നിന്ന് അഗ്രിതെറാപ്പിയുടെ ഭാഗമായി ലഭിച്ച അയ്യായിരം രൂപയ്ക്ക് കുറ്റികുരുമുളക് കൃഷി ചെയ്തു. ഫലവൃക്ഷതൈകൾ ആയ പേരയ്ക്ക, സപ്പോട്ട, കടചക്ക തൈകൾ വച്ചുപിടിപ്പിച്ചു. ഇത് മൂലം കുട്ടികളുടെ മാനസികഉല്ലാസത്തിനും ശാരീരിക ക്ഷമതയ്ക്കും അഗ്രി തെറാപ്പി കുട്ടികൾക്ക് വളരെ ഏറെ ഉപകാരപ്പെട്ടു. പച്ചക്കറി കൃഷി ചെയ്തതിലൂടെ സ്കൂളിലേയ്ക്ക് ആവശ്യമായ പച്ചക്കറി ലഭിച്ചു.





ട്രസ്റ്റ് ഷോപ്പ്

2019-ൽ ഉദ്ഘാടനം ചെയ്ത് തുടക്കം കുറിച്ച ട്രസ്റ്റ് ഷോപ്പ് അഞ്ചാം വർഷത്തിലേക്ക് കടക്കുകയും, ട്രസ്റ്റ് ഷോപ്പിന്റെ പ്രതിമാസ വരുമാനം 2000 രൂപ ലഭിക്കുകയും ചെയ്യുന്നു. പൊന്നാനിയിൽ തുടക്കം കുറിച്ച ട്രസ്റ്റ് ഷോപ്പ് എന്ന ആശയം മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നടപ്പിലാക്കിവരുന്നു.



സ്മാർട്ട് ക്ലാസ് റൂം

മലപ്പുറം ജില്ലാ കുടുംബശ്രീമിഷനിൽ നിന്നും ലഭിച്ച രണ്ട് ലക്ഷം രൂപ ഉപയോഗിച്ച് സ്മാർട്ട് ക്ലാസ് റൂം ആരംഭിച്ചു. ഇത് കുട്ടികൾക്ക് പാഠ്യേതരപരിപാടികൾക്കും, മാനസികഉല്ലാസത്തിനും വളരെയധികം പ്രയോജനപ്പെട്ടു



ഭിന്നശേഷിവാരാചരണം

മലപ്പുറം ജില്ലാ കുടുംബശ്രീമിഷനും , പൊന്നാനി നഗരസഭയും ചേർന്ന് നടത്തിയ ഭിന്നശേഷി ദിനവാരാചരണം 2022 ഡിസംബർ 03 മുതൽ 09 വരെ '**സമാരവം'** എന്ന പേരിൽ വിപുലമായി ആഘോഷിച്ചു. ആദ്യദിവസമായ 03-ാം തീയ്യതി തിരൂർ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂളിൽ വച്ച് നടന്ന ഭിന്നശേഷിദിനപരിപാടിയിൽ ബി.ആർ.സി-യിലെ കുട്ടികളും, രക്ഷിതാക്കളും, ജീവനക്കാരും പങ്കെടുത്തു.



ഭിന്നശേഷിദിനവാരാചരണം രണ്ട-ാംദിവസം ക്ഷേമകാര്യകമ്മറ്റി ചെയർമാൻ , സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുടെ നേതൃത്വത്തിൽ സ്പെഷൽ അയൽക്കൂട്ടം കൂടുകയും, നിലവിലുള്ള അയൽക്കൂട്ടത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനെകുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

ഭിന്നശേഷിദിനവാരാചരണം മൂന്നാംദിവസം അഞ്ചാം തീയതി മുനിസിപ്പാലിറ്റിയിൽ വെച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് വേണ്ടി ബോധവൽക്കരണക്ലാസും, പരിശീലനപരിപാടിയും സംഘടിപ്പിച്ചു. സൈക്കോളജിസ്റ്റ് ക്ലാസെടുത്തു.

ഭിന്നശേഷിദിനവാരാചരണം നാലാം ദിവസമായ 06-ാം തീയ്യതി '**ഒന്നാവാം'** എന്ന പരിപാടി എ.വി.എച്ച്.എസ്.എസ് പൊന്നാനിയിൽ വെച്ച് നടന്നു. പരിപാടിയിൽ ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾ, ഭരണസമിതിഅംഗങ്ങൾ എന്നിവർ പങ്കെടുത്തു. എ.വി.എച്ച്.എസ്.എസിലെ കുട്ടികൾ നമ്മുടെ കുട്ടികൾക്ക് വേണ്ടി വിവിധഇനം കലാപരിപാടികൾ നടത്തുകയും, തുടർന്ന് നമ്മുടെ കുട്ടികൾ അവരുടെ കലാപരിപാടികൾ അവതരിപ്പിച്ചു. ഒന്നാവാം എന്ന പരിപാടിയിലൂടെ നമ്മുടെ കുട്ടികൾക്ക് മറ്റുള്ള കുട്ടികളുമായി ഒന്നിച്ച് ഇടപെടാനുള്ള അവസരം ലഭിച്ചു. എ.വി.എച്ച്.എസ്.എസിലെ എച്ച്.എം അടക്കമുള്ള അധ്യാപകരും, പി.ടി.എ മെമ്പേഴ്സും വളരെ താൽപര്യത്തോടെ കുട്ടികളെ സ്വീകരിക്കുകയും പരിപാടിയുടെ അവസാനം വരെ കുട്ടികളോടൊപ്പം ചെലവഴിക്കുകയും ചെയ്തു.

സമാരവം അഞ്ചാംദിനമായ '**അരികെ'** എന്ന പരിപാടിയുടെ ഭാഗമായി പൊന്നാനി ക്ഷേമകാര്യ കമ്മറ്റി ചെയർമാൻ ശ്രീ. രജീഷ് ഊപ്പാല, സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. ധന്യ , ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർ ചേർന്ന് മാറഞ്ചേരി സ്പെക്ട്രം ബഡ്സ് സ്കൂൾ സന്ദർശിക്കുകയും , അവിടെ വച്ച് കേക്ക് മുറിച്ച് ആടിയും പാടിയും **അരികെ** എന്ന പരിപാടി അനശ്വരമാക്കി.

ഭിന്നശേഷിദിനവാരാചരണം ആറാം ദിവസം 08.12.2022-ന് ഈശ്വരമംഗലം ന്യൂ.യു.പി സ്കൂളിലെ ടർഫിൽ വെച്ച് കുട്ടികൾക്ക് സ്പോർട്സ് മത്സരങ്ങൾ നടത്തി. പരിപാടിയിൽ പൊന്നാനി നഗരസഭ ചെയർമാൻ, ക്ഷേമകാര്യകമ്മിറ്റി ചെയർമാൻ എന്നിവർ പങ്കെടുത്തു.

രക്ഷിതാക്കൾക്ക് മത്സരങ്ങൾ നടത്തുകയും, എല്ലാ കുട്ടികൾക്കും **ഒരുമ** കൂട്ടായ്മയുടെ വക സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.



ഭിന്നശേഷിദിനവാരാചരണം സമാപനദിവസമായ 09.12.2022-ന് കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി നിളയിലൂടെ ബോട്ടുയാത്ര സംഘടിപ്പിക്കുകയും, അതിൽ പൊന്നാനി നഗരസഭ ചെയർമാൻ, ക്ഷേമകാര്യകമ്മിറ്റി ചെയർമാൻ, മറ്റ് ഭരണസമിതി അംഗങ്ങൾ എന്നിവർ വളരെ സജീവമായി പങ്കെടുക്കുകയും ചെയ്തു. **'ഉയരെ'** എന്ന പേരിലാണ് ഭിന്നശേഷിക്കാർക്കായി ബോട്ട് യാത്ര സംഘടിപ്പിച്ചത്.



മണിച്ചെപ്പ് സമ്പാദ്യപദ്ധതി

സമാരവം പരിപാടിയുടെ സമാപനദിവസമായ 09.02.2022-ന് **മണിച്ചെപ്പ്** എന്ന പേരിൽ കുട്ടികൾക്ക് വേണ്ടി ഒരു സമ്പാദ്യപദ്ധതിക്ക് തുടക്കം കുറിക്കുകയും, അവിടെവച്ച് ബി.ആർ.സി-യിലെ എല്ലാ കുട്ടികൾക്കും പണകുടുക്ക നഗരസഭ ചെയർമാൻ ശ്രീ ശിവദാസ് ആറ്റുപുറം വിതരണം ചെയ്യുകയും ചെയ്തു. സ്കൂളിൽ വെച്ച് കുട്ടികൾ നിർമ്മിച്ച ക്ലീനിങ് പ്രോഡക്ട് രക്ഷിതാക്കളുടെ സഹായത്തോടെ വിൽപ്പന നടത്തിയതിന്റെ ലാഭവിഹിതം പണകുടുക്കയിൽ നിക്ഷേപിക്കുക എന്ന ലക്ഷ്യത്തോടെയാണ് മണിച്ചെപ്പ് എന്ന സമ്പാദ്യ പദ്ധതിക്ക് തുടക്കമിട്ടത്. ഏറ്റവുമധികം ലാഭവിഹിതം നിക്ഷേപിക്കുന്നവർക്ക് ചെയർമാൻ ശ്രീ ശിവദാസ് ആറ്റുപുറം സമ്മാനം നൽകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.



ഭിന്നശേഷിക്കാർക്ക് സമ്പാദ്യശീലത്തിന് 'മണിച്ചെപ്പ്'

പൊന്നാനി ▸ വിവിധ പരിപാടികളോടെ നഗരസഭയിലെ ഭിന്നശേഷി വാരാചരണത്തിന് സമാപനം. ഭിന്നശേഷിക്കാരുമായി നിളയിലൂടെ നടത്തിയ ബോട്ടുയാത്ര പുത്തനനുഭവമായി. സമ്പാദ്യശീലത്തിനായി 'മണിച്ചെപ്പ്' എന്ന പേരിൽ സമ്പാദ്യപദ്ധതിയും ആരംഭിച്ചു.

നഗരസഭാ ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് വാരാചരണം സംഘടിപ്പിച്ചത്. 'ഉയരെ' എന്ന പേരിലാണ് ഭിന്നശേഷിക്കാർക്കായി ബോട്ടുയാത്ര സംഘടിപ്പിച്ചത്. തുടർന്ന് ഭിന്നശേഷിക്കാർ നിർമിച്ച പട്ടം അവർതന്നെ പറത്തി. ഭിന്നശേഷിപഠിതാക്കളിൽ സമ്പാദ്യശീലം വളർത്താനായി ആരംഭിച്ച സമ്പാദ്യപദ്ധതിയുടെ ഭാഗമായി പണക്കുടുക്ക വിതരണം ചെയ്തു. ബഡ്സിലെ വിദ്യാർഥികളും നിർമിച്ച് വിപണനം ചെയ്യുന്ന ബഡ്സ് ക്ലീനിങ് ഉൽപ്പന്നങ്ങളുടെ ലാഭവിഹിതമാണ് കുടുക്കകളിൽ നിക്ഷേപിക്കുക.

പണക്കുടുക്ക വിതരണോദ്ഘാടനം നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം നിർവഹിച്ചു. വൈസ് ചെയർപേഴ്സൺ ബിന്ദു സിദ്ധാർഥൻ, എം. ആബിദ, രജിഷ് ഊപ്പാല, ഇക്ബാൽ മഞ്ചേരി, ജസീല, റഷീദ് മർവ എന്നിവർ പ്രസംഗിച്ചു.

ഭിന്നശേഷിക്കാർക്കുള്ള പണക്കുടുക്ക വിതരണത്തിന്റെ ഉദ്ഘാടനം പൊന്നാനി നഗരസഭാ ചെയർമാൻ ശിവദാസ് ആറ്റുപുറം നിർവഹിക്കുന്നു

2023 ഒക്ടോബർ 17-ന് പൊന്നാനി ആർ.വി പാലസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ബഡ്സ് ഉൽപന്നങ്ങളുടെ വാർഷികവും, വിപണനഉൽസവവും എന്ന പരിപാടിയിൽ വെച്ച് ചെയർമാൻ ശ്രീ. ശിവദാസ് ആറ്റുപുറം പണകുടുക്ക പൊട്ടിക്കുകയും മുമ്പ് പ്രഖ്യാപിച്ചതനുസരിച്ച് 6 കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

ബഡ്സ് ക്ലീനിംഗ് പ്രോഡക്ട് നിർമ്മാണത്തിൽ ഒരു രക്ഷിതാവിന് തൊഴിൽ നൽകാനും, അതുമൂലം അവർക്ക് ചെറുതല്ലാത്ത ഒരു വരുമാനം ഉണ്ടാക്കാനും സാധിച്ചു. ഭിന്നശേഷികുട്ടികൾക്കും, അവരുടെ രക്ഷിതാക്കൾക്കും ഈ സംരംഭം മൂലം വരുമാനം ഉണ്ടാക്കാൻ സാധിച്ചു എന്നത് എടുത്തുപറയേണ്ടതാണ്.

ഭിന്നശേഷി കലോൽസവം 2023

2023 ജനുവരിയിൽ പൊന്നാനി നഗരസഭ സംഘടിപ്പിച്ച ഭിന്നശേഷി കലോത്സവത്തിൽ ബഡ്സ് ബി.ആർ.സി-യിലെ കുട്ടികൾ മികച്ച കലാപ്രകടനം കാഴ്ച വെച്ചു. കുട്ടികൾ അവതരിപ്പിച്ച മയക്കുമരുന്നിനെതിരെ ഉള്ള സ്കിറ്റ് വളരെയധികം ശ്രദ്ധ ആകർഷിച്ചു. മറ്റു കലാപരിപാടികളായ ഒപ്പന, കോൽക്കളി, നാടോടി നൃത്തം, ഗ്രൂപ്പ് ഡാൻസ്, സിനിമാറ്റിക് ഡാൻസ് എന്നിവയെല്ലാം മികച്ച പ്രകടനം നടത്തി.



സഹവാസക്യാമ്പ് 2023

വളരെയധികം വിഷമതകളോ പ്രയാസങ്ങളും അനുഭവിക്കുന്ന രക്ഷിതാക്കൾക്ക് മാനസികആശ്വാസത്തിനും വേണ്ടി രക്ഷിതാക്കളുടെ ആവശ്യപ്രകാരം തന്നെ ബി.ആർ.സി-യിൽ സ്നേഹക്കൂട് എന്ന പേരിൽ സഹവാസക്യാമ്പ് പൊന്നാനി നഗരസഭയുടെ സഹകരണത്തോടെ നടത്തി. ചെയർമാൻ ശ്രീ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ക്യാമ്പ് ഫയർ പോലുള്ള വ്യത്യസ്തങ്ങളായ പരിപാടികൾ ഉണ്ടായിരുന്നു. രക്ഷിതാക്കളും, കുട്ടികളും അന്നേദിവസം സ്കൂളിൽ താമസിക്കുകയും, പിറ്റെദിവസം നിളയോരപാതയിൽ ഔട്ടിംഗ് നടത്തിയത് കുട്ടികൾക്ക് വളരെയേറെ സന്തോഷം നൽകി.

ബഡ്സ് ഡേ വാരാചരണം 2023

മലപ്പുറം ജില്ലാ കുടുംബശ്രീമിഷനും, പൊന്നാനി നഗരസഭയും ചേർന്ന് നടത്തിയ ബഡ്സ് ഡേ വാരാചരണം പൊന്നാനി ബി.ആർ.സി-യിൽ വിപുലമായി ആഘോഷിച്ചു. ബഡ്സ് ഡേ വാരാചരണത്തിന്റെ ഭാഗമായി 2023 ഓഗസ്റ്റ് 09-ന് **'ഒരു മുകുളം'** വൃക്ഷത്തൈ നടൽ എന്നതിന്റെ ഭാഗമായി പൊന്നാനി അമ്മയും, കുഞ്ഞും ഹോസ്പിറ്റലിൽ പൊന്നാനി നഗരസഭാചെയർമാൻ ശ്രീ. ശിവദാസ് ആറ്റുപുറം കുട്ടികളോടൊപ്പം ഫലവൃക്ഷത്തൈ നടുകയും, പ്രസ്തുത പരിപാടിയിൽ അമ്മയും, കുഞ്ഞും ഹോസ്പിറ്റൽ സൂപ്രണ്ട് ഡോക്ടർ ആശയുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു.



ബഡ്സ് ഡേ വാരാചരണം രണ്ടാം ദിവസം 10.08.2023-ന് പൊതുജനസന്ദർശനത്തിന്റെ ഭാഗമായി നഗരസഭാചെയർമാൻ, ക്ഷേമകാര്യ കമ്മറ്റി ചെയർമാൻ, രക്ഷിതാക്കളും, കുട്ടികളും ചേർന്ന് പൊന്നാനി ഫയർസ്റ്റേഷൻ സന്ദർശിച്ചു. ഫയർസ്റ്റേഷൻ പ്രവർത്തനങ്ങൾ കാണിച്ചുകൊടുത്തത് കുട്ടികൾക്ക് പുതിയ ഒരു അനുഭവമായി.



ബഡ്സ് ഡേ വാരാചരണം മൂന്നാം ദിനമായ 11.08.2023-ന് ഗൃഹ സന്ദർശനത്തിനത്തിന്റെ ഭാഗമായി സ്കൂളിലെ വിദ്യാർത്ഥിയായ മുഹമ്മദ് അബ്ദുൾ മാലിക്കിന്റെ വീട് സന്ദർശിച്ചു. കുറച്ചുകാലമായി സ്കൂളിൽ വരാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അവൻ. ക്ഷേമകാര്യകമ്മറ്റി ചെയർമാൻ മാലികിന് ഒരു വൃക്ഷത്തൈ സമ്മാനമായി നൽകി.



ബഡ്സ് ഡേ വാരാചരണം 15.08.2023-ന് സ്വാതന്ത്ര്യ ദിനാഘോഷവും, രക്ഷാകർത്തൃസംഗമവും നടന്നു. വാർഡ് കൗൺസിലറും, പി.ടി.എ അംഗങ്ങളും കുട്ടികളും, ജീവനക്കാരും ചേർന്ന് പതാക ഉയർത്തി. പായസവിതരണം നടന്നു. നഗരസഭ ചെയർമാൻ ശ്രീ ശിവദാസ് ആറ്റുപുറം പരിപാടി ഉദ്ഘാടനം ചെയ്തു. രക്ഷാകർത്തൃസംഗമത്തിൽ രക്ഷിതാക്കൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. കുട്ടികളുടെയും, രക്ഷിതാക്കളുടെയും കലാപരിപാടികൾ നടത്തുകയും ഉച്ചഭക്ഷണത്തോടു കൂടി പരിപാടി സമാപിച്ചു.

ബഡ്സ് ഡേ വാരാചരണം 16.08.2023-ന് സമാപനപരിപാടിയായ ജില്ലാതല സംഗമ പരിപാടിയിൽ സ്കൂളിൽനിന്ന് കുട്ടികളും രക്ഷിതാക്കളും അധ്യാപകരുമായി 25 പേർ പരിപാടിയിൽ പങ്കെടുത്തു. കുട്ടികൾ ഫാൻസിഡ്രെസ് പരിപാടിയിൽ പങ്കെടുക്കുകയും, സമ്മാനം ലഭിക്കുകയും ചെയ്തു

2023 ജൂലൈ 31-ന് ബി.ആർ.സി-യിലെ കുട്ടികളും, രക്ഷിതാക്കളും, ജീവനക്കാരും ചേർന്ന് **ആകാശം കടന്ന്** എന്ന സിനിമ പൊന്നാനിയിലെ ഐശ്വര്യ തിയേറ്ററിൽ വെച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും അനുഭവങ്ങളാണ് ഈ സിനിമയിലൂടെ ദൃശ്യവൽക്കരിക്കുന്നത്. ഈ സിനിമ കുട്ടികൾക്കും രക്ഷിതാക്കൾക്കും വളരെയധികം ഇഷ്ടപ്പെട്ടു.



2023 ആഗസ്റ്റ് 26-ന് ബി.ആർ.സി-യിലെ കുട്ടികളും, ഭരണസമിതി അംഗങ്ങളും, ജീവനക്കാരും, രക്ഷിതാക്കളും ചേർന്ന് ഓണം വിപുലമായി ആഘോഷിച്ചു. ഓണപ്പൂക്കളം, മാവേലി, ചെണ്ടകൊട്ട് , ഓണപ്പാട്ട് , തിരുവാതിരക്കളി, പുലിക്കളി, ഓണസദ്യ എന്നീ പരിപാടികളോടെ ഓണാഘോഷം ഗംഭീരമാക്കി. വിവിധതരം മത്സരപരിപാടികൾ നടന്നു. 2023 ജൂലൈ മാസത്തിൽ ബലിപെരുന്നാൾ ദിനത്തിൽ ബി.ആർ.സി-യിലെ കുട്ടികളും, ജീവനക്കാരും മൈലാഞ്ചി ഇട്ടും, ഒപ്പന കളിച്ചും, പാട്ടുപാടിയും, ബിരിയാണി കഴിച്ചും വളരെ വിപുലമായി ആഘോഷിച്ചു. റിപ്പബ്ലിക് ഡേ, വിഷു, പരിസ്ഥിതി ദിനം, വായനാദിനം, അധ്യാപകദിനം തുടങ്ങിയ എല്ലാ പ്രധാനപ്പെട്ട ദിനങ്ങളും കുട്ടികളുമായി ആഘോഷിക്കാറുണ്ട്. പ്രചരണവും, വിപണവും എന്ന ലക്ഷ്യത്തോടെ പൊന്നാനി നഗരസഭയുടേയും, കുടുംബശ്രീയുടെയും എല്ലാ പരിപാടികളിലും സ്റ്റാളുകൾ ഇടാറുണ്ട്. കേരളീയം പരിപാടി, നവകേരളം, ഭക്ഷ്യവിപണനമേള, നൈതൽ, നാഞ്ചൽ 2.0 ഈ പരിപാടികൾ പ്രധാനപ്പെട്ടവയാണ്

പൊന്നാനി നഗരസഭ ബഡ്സ് ഉൽപന്നങ്ങളുടെ വാർഷികവും, വിപണനഉൽസവവും

2023 ഒക്ടോബർ 17-ന് ആർ.വി പാലസ് ഓഡിറ്റോറിത്തിൽ വെച്ച് നടന്ന പരിപാടിയിൽ സമ്പാദ്യപദ്ധതിയായ മണിച്ചെപ്പ് തുറക്കൽ, ട്രസ്റ്റ് ഷോപ്പ് വാർഷികം, തുണിസഞ്ചി, ചന്ദനത്തിരി, കുടവിപണനം, ഫോട്ടോ ഫ്രെയിം വിപണനം എന്നിവ നഗരസഭ ചെയർമാൻ ശ്രീ ശിവദാസ് ആറ്റുപുറം ഉദ്ഘാടനം നിർവ്വഹിച്ചു. കുട്ടികളും, രക്ഷിതാക്കളും, ഭരണസമിതി അംഗങ്ങളും, ബി.ആർ.സി ജീവനക്കാരും, പൊതുജനങ്ങളും അടക്കം നാനൂറോളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു. പൊന്നാനിയുടെ പ്രിയങ്കരനായ എം.എൽ.എ ബഹുമാനപ്പെട്ട ശ്രീ. നന്ദകുമാർ അവർകൾ നമ്മുടെ സ്റ്റാൾ സന്ദർശിക്കുകയും ചെയ്തു. ബഡ്സ് ക്ലീനിങ് പ്രോഡക്ടിന്റെ അഞ്ചാം വാർഷികം പ്രമാണിച്ച് 6 ഉൽപ്പന്നങ്ങൾ മികച്ച ഓഫറുകളോട് കൂടി കിറ്റുകളാക്കി വിപണനം നടത്തി. ഇത്തരത്തിലുള്ള 200 കിറ്റുകൾ സ്റ്റാളിൽ വെച്ച് വിൽക്കാൻ സാധിച്ചു. മറ്റ് ഉൽപ്പന്നങ്ങളായ ബഡ്സ് കുട, ചന്ദനത്തിരി, തുണിസഞ്ചി, ഫോട്ടോ ഫ്രെയിം എന്നിവയും വിപണനം നടത്തി.

വിപണനമേളയിലെ പ്രധാന സവിശേഷതയായ മണിചെപ്പ് സമ്പാദ്യപദ്ധതിയുടെ തുറക്കൽ ശ്രദ്ധേയമായി. ബഡ്സ് ഉൽപന്നങ്ങളുടെ വിപണനത്തിലൂടെ ലഭിച്ച ലാഭവിഹിതം എറ്റവും കൂടുതൽ നിക്ഷേപിച്ച കുട്ടികൾക്ക് ശ്രീ ശിവദാസ് ആറ്റുപുറം ക്യാഷ് അവാർഡ് വിതരണം ചെയ്തു. ഒന്നും, രണ്ടും സ്ഥാനങ്ങളിലേയ്ക്കായി 6 കുട്ടികളെയാണ് തെരഞ്ഞെടുത്തത്.

ഒന്നാം സമ്മാനത്തിന് അർഹയായി ശ്രുതിബാലയെ തെരഞ്ഞെടുത്തു. ശ്രുതിബാലയുടെ മണിചെപ്പ് സമ്പാദ്യപദ്ധതിയിൽ 14500 രൂപയുടെ ലാഭമുണ്ടായിരുന്നു. രണ്ടാം സമ്മാനത്തിന് അർഹനായ നവാസിന്റെ മണിച്ചെപ്പ് സമ്പാദ്യപദ്ധതിയിൽ 7600 രൂപയും, മൂന്നാം സമ്മാനത്തിന് അർഹരായ സുജിത്ത്, നവീൻ, ഷഹബാസ്, സാദിഖ് എന്നിവരുടെ സമ്പാദ്യപദ്ധതിയിൽ 2750 രൂപയോളം ഉണ്ടായിരുന്നു.

വിപണനമേളയിൽ പ്രദർശിപ്പിച്ച ഉൽപന്നങ്ങളുടെ വിൽപനയിലൂടെ അരലക്ഷം രൂപയുടെ വിപണനം നടന്നു.



ഭിന്നശേഷി ദിനാചരണത്തിൻറെ ഭാഗമായി നഗരസഭ സംഘടിച്ച കുടുംബ സംഗമം വേറിട്ട അനുഭവമായി.

ഭിന്നശേഷി സൗഹൃദ പൊന്നാനി എന്ന ലക്ഷ്യത്തോടെ പൊന്നാനി നഗരസഭ ആശയം കാലിക്കറ്റ് സർവകലാശാല CDMRP സഹകരണത്തോടെ പൊന്നാനി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്ന കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെൻറ് സെൻറർ ഈ വർഷത്തെ അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം ശലഭങ്ങൾ 2023 ഡിസംബർ 3 ഞായർ, MES കോളേജ് പൊന്നാനിയിലെ വിങ്സ് ഓഫ് ഫയർ എന്ന സംഘടനയോടോത്ത് ആചരിച്ചു. വെല്ലുവിളി നേരിടുന്നവരുടെ സുസ്ഥിരവികസന ലക്ഷ്യത്തിലേക്ക് നമുക്ക് ഒന്നായി അണിചേരാം എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ വർഷത്തെ അന്താരാഷ്ട്ര ഭിന്നശേഷി ദിനം ആചരിക്കുന്നത്.പൊന്നാനി നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. രജീഷ് ഊപ്പാല സ്വാഗതം പറഞ്ഞ ചടങ്ങിൽ പൊന്നാനി നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം അധ്യക്ഷത വഹിച്ചു. ബഹുമാനപെട്ട MLA ശ്രീ.പി. നന്ദകുമാർ ഉദ്ഘാടന കർമ്മം നിർവഹിച്ചു. നിലവിൽ 350 കുട്ടികൾ രജിസ്റ്റർ ചെയ്യുകയും 200 ഓളം കുട്ടികൾ തെറാപ്പി സേവനങ്ങൾ ആശ്രയിക്കുകയും ചെയ്യുന്ന സിഡിഎംസി എന്ന സ്ഥാപനത്തിലെ, പ്രവർത്തനങ്ങൾ, രക്ഷിതാക്കളുടെ രചനകൾ ചേർത്ത് തയ്യാറാക്കിയ കൈപുസ്തകം കൈയ്യൊപ്പ്, MLA ചെയർമാന് നൽകി പ്രകാശനം ചെയ്തു. മുഖ്യഥിതി ശ്രീ. സി. പി മുഹമ്മദ് കുഞ്ഞി സിഡിഎംസിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ ടി. മുഹമ്മ് ബഷീർ, ഡോ. ഷമീർ,ഡോ ആശ,കൗൺസ്ലർമാരായ ഷെഹ്ലാനിസാർ, ഫർഹാൻ,റഷീദ്, ഫർസാന, തസ്നീം എന്നിവർ ആശംസകൾ

അറിയിച പരിപാടിക്ക് I CDSസൂപ്പർവൈസർ രശ്മി എം ടി നന്ദി പറഞ്ഞു. കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത ഗായകൻ കാദർഷാ അവതരിപ്പിച്ച സംഗീത പരിപാടിയും, തുടർന്ന് കുട്ടികളുടെ കലാ പരിപാടികളും വേദിയിൽ അരങ്ങേറി

ആവശ്യങ്ങൾ പങ്കു വെച്ച് ഭിന്നശേഷി വാർഡ് സഭ

പൊന്നാനി നഗരസഭ 2024-25 വാർഷിക പദ്ധതി രൂപീകരണത്തിൻറെ ഭാഗമായി ഭിന്നശേഷി വാർഡ് സഭ സംഘടിപ്പിച്ചു.പൊന്നാനി ആർ. വി. ഹാളിൽ വെച്ച് നടന്ന വാർഡ് സഭ നഗരസഭ ചെയർമാൻ ശ്രീ. ശിവദാസ് ആറ്റുപുറം ഉദ്ഘാടനം ചെയ്തു. വൈസ് ചേർപേഴ്സൺ ശ്രീമതി.ബിന്ദു സിദ്ധാർഥ്ൻ അദ്ധ്യക്ഷയായി. ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. രജീഷ് ഊപ്പാല, ആരോഗ്യം സ്ഥിരം സമിതി ചേർപേഴ്സൺ ഷീന സുദേശൻ, ഐ സി ഡി എസ് സൂപ്പർ വൈസർ. ശ്രീമതി നീന, ഭിന്നശേഷി സംഘടന പ്രതിനിധി ശ്രീരാജ്, സാലിഹ് മാസ്, റഷീദ് മർവ, സി ഡി എസ് പ്രസിഡന്റ് ധന്യ, നഗരസഭ കൗൺസിലർ മാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർ സംബന്ധിച്ചു

വികസനനയവും തന്ത്രവും

- സുസ്ഥിര-വികസനലക്ഷ്യങ്ങൾ കൈവരിക്കുക
- 14-ാം പഞ്ചവത്സരപദ്ധതികാലയളവിൽ പൊന്നാനി നഗരസഭയെ ഒരു സ്ത്രീസൗഹൃദ സംരംഭ നഗരസഭയാക്കി മാറ്റുക
- പരിസ്ഥിതിസംരക്ഷണം ഉറപ്പാക്കികൊണ്ട് സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസന കാഴ്ചപ്പാടുകൾ
- പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസസൗകര്യങ്ങൾ മികവുറ്റതാക്കികൊണ്ടും, ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നൽകികൊണ്ടും മനുഷ്യവിഭവശേഷിയുടെ സാധ്യത വലിയതോതിൽ ഉയർത്തുക
- വളർച്ചയോടൊപ്പം പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിന് മണ്ണും, ജലവും, ഇതര പ്രകൃതിവിഭവങ്ങളും , ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക, സുഭിക്ഷകേരളം പദ്ധതികൾ പ്രോത്സാഹിപ്പിക്കുക
- മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുക
- ഭൂരഹിതരും, ഭവനരഹിതരും, അഗതികളുമായ ദുർബലജനവിഭാഗങ്ങളുടെ പുനരധിവാസം
- തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് സംരംഭകത്വ പ്രോത്സാഹനപരിപാടികൾ നടപ്പാക്കൽ
- നഗരപ്രദേശത്തെ ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക
- ദുരന്തനിവാരണ പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക
- സമഗ്രപട്ടികജാതിവികസനം സാധ്യമാക്കുക

പ്രശ്നവിശകലനവും പ്രശ്നപരിഹാരസാധ്യതകളും

കൃഷി

നിലനിൽക്കുന്ന പ്രശ്നങ്ങൾ

ദ്രുതഗതിയിലുള്ള നഗരവത്ക്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശം എന്ന നിലയിൽ കൃഷിയോട് ആഭിമുഖ്യം കുറയാനിടയുണ്ട്.വർദ്ധിച്ചുവരുന്ന ജനസംഖ്യ കാരണം കൃഷി സ്ഥലങ്ങൾ താമസസ്ഥലങ്ങളായി രൂപാന്തരപ്പെട്ടുവരുന്നു.തോഴിലാളികളുടെ ലഭ്യതക്കുറവും കൂലിയിലെ വർദ്ധനവും നഷ്ടം സഹിച്ചുകൊണ്ട് കൃഷി ഒരു തൊഴിൽ എന്ന രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്.പൊന്നാനി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.പുഴയുടെ മലിനീകരണവും മറ്റൊരു പ്രശ്നമായി നിലനിൽക്കുന്നു.

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

ശക്തമായ ഇടപെടലുകളും വ്യക്തമായ ബോധവത്ക്കരണവും ഈ മേഖലയിൽ ആവശ്യമാണ്.താമസസൗര്യങ്ങളുടെ മറവിൽ കൃഷി ഭൂമികൾ തരം മാറുന്നത് കർശനമായി നിരീക്ഷിക്കപ്പെടണം.നിയമങ്ങളുടെ പ്രായോഗികവത്ക്കരണം ഉറപ്പ് വരുത്തണം.ഈ തൊഴിലിലേർപ്പെടുന്നവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം.സബ്സിഡികൾ യഥാസമയം ലഭ്യമാക്കണം,തൊഴിലാളികളുടെ ലഭ്യതക്കുറവിന് കുടുംബശ്രീ പോലുള്ള ഏജൻസികളെ ഉപയോഗപ്പെടുത്തുകയും വേണം.നഗരപ്രദേശങ്ങളിൽ തുടങ്ങിവെച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രാവർത്തികമാക്കണം.

നെൽകൃഷി വ്യാപനത്തിനായി കൂടുതൽ പാടശേഖര സമിതികൾ രൂപീകരിക്കുക,സമഗ്രതെങ്ങുകൃഷി പദ്ധതി നടപ്പിലാക്കുക,പച്ചക്കറി കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക,സ്കൂൾ കുടുംബശ്രീ തലങ്ങളിൽ ഇത് ഉപയോഗപ്പെടുത്തുക,ടെറസ് പച്ചക്കറി കൃഷി വ്യാപകമാക്കുക,ഹൈടെക് ഫാമിംഗ് സാദ്ധ്യതകൾ പരീക്ഷിക്കുക.

മൃഗസംരക്ഷണം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മുന്നോട്ടുവരുന്ന ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് നൂതന പദ്ധതികളില്ല.

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആവശ്യങ്ങളും

മൃഗാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.അടിക്കടി ഉയരുന്ന മരുന്നുവില നിയന്ത്രിക്കാനായി നഗരസഭയുടെ നേതൃത്വത്തിൽ മരുന്നു വാങ്ങാനുള്ള പദ്ധതി നടപ്പിലാക്കുക.ക്ഷീരകർഷക സഹകരണസംഘങ്ങൾ വ്യാപിപ്പിക്കുക.പുതിയത് രൂപീകരിക്കുക.കുടുംബശ്രീയെ ഉപയോഗപ്പോടുത്തി പാൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുക. കാലിത്തീറ്റ സബ്സിഡി നിരക്കിൽ എല്ലാ കർഷകർക്കും ലഭ്യമാക്കുക.പേപ്പട്ടി ശല്യത്തിന് ശാശ്വത പരിഹാരം കാണുക.തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നഗരസഭ മുൻകൈ എടുത്ത് കുടുംബശ്രീ ബന്ധിത യൂണിറ്റുകൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക

വ്യവസായം

പ്രശ്നങ്ങൾ

* *അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ* തൊഴിലില്ലായ്മ
  *സംരഭകർക്കുള്ള അടിസ്ഥാനസൗകര്യമില്ലായ്മ
* സംരഭകർക്ക് മതിയായ പ്രോത്സാഹനമില്ലായ്മ

കാരണങ്ങൾ

(1)സംരഭകത്വ സംസ്ക്കാരത്തിന്റെ അഭാവം ,വെല്ലുവിളികൾ നേരിടാനുള്ള ശേഷിക്കുറവ്,,മൂലധനം സമാഹരിക്കാൻ കഴിയാത്തത്,വിജയസാധ്യതയുള്ള സംരഭങ്ങൾ തിരഞ്ഞെടുക്കാൻ കഴിയാത്തത്.
(2)വനകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതി, മൂലധനം നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
(3)മതിയായ സബ്സിഡിയുടെ അഭാവം,വ്യവസായയൂണിറ്റുകൾക്ക് കെ.എസ്.ഇ.ബി നൽകിയിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയത്.തദ്ദേശസ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആവശ്യങ്ങളും

വ്യവസായസംരഭങ്ങളിൽ ആകർഷകത്വമുണ്ടാക്കുന്നതിന് ബോധവത്ക്കരണം ആവശ്യമാണ്.
അഭിരുചിക്കനുസരിച്ച് സംരഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന ഉന്നതനിലവാരം പുലർത്തുന്ന ഏജൻസികളുടെ സഹകരണത്തോടെ പരിശീലനപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.
ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത ഇല്ലാതാക്കുന്നതിന് ശക്തമായ ഇടപെടൽ ആവശ്യമാണ്.
നഗരസഭാപ്രദേശം വിവിധ മേഖലകളാക്കിതിരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
വ്യവസായവികസന ഓഫീസിന് നഗരസഭഓഫീസിൽ തന്നെ സ്ഥലം ലഭ്യമാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

ദാരിദ്ര്യലഘൂകരണം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ പ്രധാനപ്രശ്നങ്ങൾ പാർപ്പിടം ,പാർപ്പിടങ്ങളുടെ നിലവാരക്കുറവ്,സ്ഥിരമായ തൊഴിലിന്റെ ലഭ്യതക്കുറവ് എന്നിവയാണ്. കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ നിർമ്മാണമേഖലയിലേക്ക വരേണ്ടിയിരിക്കുന്നു.മൈക്രോസംരഭങ്ങൾക്കുള്ള സാധ്യതയുണ്ട്.അതുപയോഗപ്പെടുത്തിയാൽ തൊഴിലില്ലായ്മ പരിഹരിക്കാനും കുടുംബത്തിന്റെ സാമ്പത്തികഭദ്രത നിലനിർത്തുനാനും സാധിക്കും.

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആവശ്യങ്ങളും

പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുക, ഭൂരഹിത ഭവനരഹിതരുടെ ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുക. കുടുംബശ്രീയുടെയും വ്യവസായവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ മൈക്രോസംരംഭങ്ങൾ ആരംഭിക്കുക. വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകളെ സജ്ജമാക്കുക.വീടുകളുടെ നിലവാരക്കുറവ് പരിഹരിക്കുന്നതിന് ഉയർന്ന പരിധിയിൽ സബ്സിഡികൾ അനുവദിക്കുക.
ആശ്രയ കുടുംബങ്ങളുടെ സർവ്വോന്മുഖമായ ക്ഷേമത്തിന് പദ്ധതി നടപ്പിലാക്കുക. ആശ്രയ കുടുംബങ്ങളുടെ പുന:സർവ്വെ നടത്തി ലിസ്റ്റ് പുതുക്കണം

സാമൂഹ്യക്ഷേമം

പ്രശ്നങ്ങൾ

* ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണം.
* കൈകാലുകൾക്ക് സ്വാധീനക്കുറവുള്ളവർ അംഗവൈകല്യം സംഭവിച്ചവർ എന്നിവരുടെ സംരക്ഷണം

* 60 വയസ്സിനുമുകളിലുള്ള വൃദ്ധരുടെ പരിപാലനം
* വിധവകളുടെ പെൺക്കളുടെ സംരക്ഷണം
* ഭിന്നശേഷിയുള്ളവരുടെ പഠനപിന്നോക്കാവസ്ഥ

പരിഹാരം

* ബഡ്സ് സ്കൂൾ ആരംഭിക്കുക
* ഉപകരണങ്ങൾ
* മുച്ചക്രവാഹനങ്ങൾ,തൊഴിലവസരങ്ങൾ,കച്ചവടബൂത്തുകൾ എന്നിവക്ക് പദ്ധതികൾ
* വയോമിത്രം പദ്ധതി,ഔഷധങ്ങൾ വാങ്ങി നൽകൽ
* വിവാഹധനസഹായം നൽകുക
* സ്കോളർഷിപ്പു നൽകുക

പട്ടികജാതി വികസനം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

പാർപ്പിടപ്രശ്നമാണ് പ്രധാനമായും നിലനിൽക്കുന്നത്. കൂട്ട് കുടുംബങ്ങളിൽ അംഗസംഖ്യ വർദ്ധിക്കുന്ന അവസ്ഥയിൽ മാറി താമസിക്കാൻ ഭൂമി കിട്ടാത്ത അവസ്ഥയുണ്ട്.അധികകുടുംബങ്ങളും 5 മുതൽ 10 സെന്റ് വരെ ഭൂമി മാത്രമുള്ളതാണ്. നഗരസഭയിൽ ഭൂമിയുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നു.
നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളും നിലവാരം കുറഞ്ഞ പാർപ്പിടങ്ങളും കൂടുതലായി കാണുന്നു. വിദ്യാഭ്യാസപരമായ ഉയർച്ച ഈ വിഭാഗത്തിന് കുറവായി കാണുന്നു. ശക്തമായ ബോധവത്ക്കരണത്തിലൂടെ ഇനിയും മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. തൊഴിൽ മേഖലയിലും വേണ്ടത്ര വളർച്ചയില്ല.
പട്ടികജാതി സങ്കേതങ്ങളിലെ മാലിന്യപ്രശ്നം കുടിവെള്ളത്തെയും അതുവഴി ആരോഗ്യരംഗത്തെയും പ്രതികൂലമായി ബാധിക്കുന്നു. വെള്ളക്കെട്ടുകൾ ,സങ്കേതങ്ങളിലെ റോഡുകളിലും വഴികളിലും മാലിന്യപ്രശ്നങ്ങൾക്ക് ഇടവരുത്തുന്നു.

വനിത-ശിശു-വികസനപരിപാടി

നിലനിൽക്കുന്ന പ്രശ്നങ്ങൾ

- സ്വന്തമായി ഭൂമിയില്ലാത്ത അംഗനവാടികളുടെ എണ്ണം കൂടുതൽ
- നഗരം എന്ന നിലയിൽ ഭൂമിയില്ലാത്ത അവസ്ഥ
- അംഗനവാടികളിൽ കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും അഭാവം
- ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിമുഖത

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആവശ്യങ്ങളും

- അംഗനവാടികൾക്ക് സ്ഥലമെടുപ്പിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കുക.
- മാർക്കറ്റ് വില നൽകി സ്ഥലമെടുക്കാനുള്ള ഉത്തരവുകൾ ഉണ്ടാകേണ്ടതുണ്ട്.
- അംഗനവാടികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുക, കുടിവെള്ളത്തിനായി വാട്ടർ കണക്ഷനുകളോ കുഴൽകിണറുകളോ ലഭ്യമാക്കുക
- വനിതകൾക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മോട്ടിവേഷൻ ക്ലാസ്സ് നൽകുക.

ആരോഗ്യം,ശുചിത്വം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

- 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നതിൽ പൂർണ്ണത കൈവന്നിട്ടില്ല.
- ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്നു.
- അന്യസംസ്ഥാനതൊഴിലാളികളുടെ വർദ്ധനവ് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു.
- സബ്സെന്ററുകളുടെ എണ്ണത്തിലുള്ള കുറവ്
- സ്ത്രീകളുടെയും ശിശുക്കളുടെയും കൗമാരക്കാരുടെയും പോഷകക്കുറവ്
- ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് നേരിടുന്ന പ്രയാസങ്ങൾ
- പുഴയോരം,താഴ്ന്ന പ്രദേശങ്ങൾ എന്നിവിങ്ങളിലെ നിവാസികളുടെ കുടിവെള്ള പ്രശ്നം , വെള്ളക്കെട്ട്
- കൊതുകുകളുടെയും തെരുവ് നായ്ക്കളുടെയും ശല്ല്യം
- പുഴയുടെ മലിനീകരണം
- വ്യാപാരസ്ഥാപനങ്ങളുടെ അനാരോഗ്യകരമായ ചുറ്റുപാട്
- നഗരത്തിലെ പൊതുടോയ്ലറ്റുകളുടെ അഭാവം

വിദ്യാഭ്യാസം–സംസ്കാരം,കായികം–യുവജനക്ഷേമം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

* പൊതുമേഖലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.
* പെൺകുട്ടികൾക്ക് മാത്രമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.
* അനൗപചാരിക വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല
* ഉന്നതപരീക്ഷ പരിശീലന കേന്ദ്രങ്ങളുടെ കുറവ്
* പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കുറവ്

കുടിവെള്ളം

നിലനിൽക്കുന്ന പ്രശ്നങ്ങൾ,കാരണങ്ങൾ

* കുടിവെള്ളത്തിന്റെ ശുദ്ധതയില്ലായ്മ
* വെള്ളക്കെട്ട് പ്രദേശങ്ങളിലെ കുടിവെള്ളമലിനീകരണം
* ജലം ദുരുപയോഗം ചെയ്യുന്നത്
* ജലജന്യരോഗങ്ങളുടെ വ്യാപനം
* വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പ്ലൈനുകൾ
* സമഗ്രഅഴുക്ക്ചാൽ പദ്ധതിയുടെ അഭാവം
* പുഴയോരങ്ങൾ,കോളനികൾ എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം

പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ആവശ്യങ്ങളും

- ആവശ്യമായ സ്ഥലങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീമുകൾ ആരംഭിക്കുക.
- പൊതുടാപ്പുകൾ ഒഴിവാക്കി ഗാർഹികകണക്ഷനുകൾ നൽകുക
- നഗരസഭയ്ക്ക് സ്വന്തമായുള്ള കിണറുകൾ സംരക്ഷിക്കുക
- പുഴസംരക്ഷണത്തിനായി പദ്ധതി
- പുഴസംരക്ഷണത്തിനായി പദ്ധതികൾ

വിഭവസമാഹരണം

1. സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി സഹായം
2. സ്വയാർജ്ജിത വരുമാനം ചെലവുകൾക്ക് ശേഷമുള്ള മിച്ചം
3. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കിട്ടുന്ന സഹായം
4. സംസ്ഥാന ആവിഷ്കൃത വിഹിതം
5. എം. എൽ.എ, എം.പി. ഫണ്ടുകൾ
6. ധനകാര്യ സ്ഥാപനങ്ങളുടെ സഹായം-വായ്പയടക്കം
7. പ്രാദേശിക സംഭാവനകൾ-സ്പോൺസർഷിപ്പുകൾ
8. സന്നദ്ധ പ്രവർത്തനം
9. ഗൾഫ് മലയാളികളെ ഉൾപ്പെടുത്തി പങ്കാളിത്ത വികസന പദ്ധതികൾ
10. പൊതുസ്വകാര്യ മേഖലകളുടെ പങ്കാളിത്തം

വിഭവസ്രോതസ്സുകളും, വകയിരുത്തലുകളും

2024-25 വർഷത്തിൽ പൊന്നാനി നഗരസഭയ്ക്ക് ലഭിക്കുന്ന ഫണ്ട്

2024-25 വർഷത്തിൽ പൊന്നാനി നഗരസഭയ്ക്ക് ലഭിക്കുന്ന ഫണ്ട്

1.	സാധാരണവിഹിതം (ജനറൽ)	93858000
2.	എസ്.സി.പി	19518000
	ആകെ	**113376000**

സി.എഫ്.സി

1.	സി.എഫ്.സി ബേസിക് ഗ്രാന്റ്	34100000
2.	സി.എഫ്.സി ടൈഡ് ഗ്രാന്റ്	51150000
	ആകെ	**85250000**

മെയിന്റനൻസ് ഫണ്ട്

1.	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	24944000
2.	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	75951000
	ആകെ	**100895000**

1.	പ്ലാൻ ഫണ്ട്	198626000
2.	മെയിന്റനൻസ് ഫണ്ട്	100895000
3.	മറ്റുള്ളവ	236559000
	ആകെ	**536080000**

വികസനമേഖല

പുതിയ കാലം – പുതിയ പദ്ധതികൾ

പല കാരണങ്ങളാൽ സാമൂഹ്യമായി പിന്നോക്കംപോയ നഗരജനതയാണ് പൊന്നാനി നഗരസഭയിലേത്. അതോടൊപ്പം വിദ്യാഭ്യാസമുൾപ്പെടെയുള്ള മേഖലകളിൽ നഗരസഭ വേഗത്തിൽ മുന്നോട്ട് വന്നിരിക്കുന്നു. ഈ മാറ്റത്തിന്റെ ഗതിവേഗത്തെ സാമൂഹ്യജീവിതത്തിന്റെ ഉത്പാദന പ്രവർത്തനങ്ങളുമായി കണ്ണിചേർക്കുക എന്ന ദൗത്യമാണ് ഈ പതിനാലാം പഞ്ചവത്സരപദ്ധതികാലത്ത് നഗരസഭ ഏറ്റെടുക്കുന്നത്. നഗരസഭ പതിനാലാം പഞ്ചവത്സരപദ്ധതികാലത്ത് താഴെ പറയുന്ന വികസനമേഖലകളിൽ ഉൾപ്പെടുത്തിയ വിവിധ പ്രോജക്ടുകൾക്കാണ് ഊന്നൽ നൽകുന്നത്.

1. കൃഷിയും അനുബന്ധമേഖലയും
2. മൃഗസംരക്ഷണവും ക്ഷീരവികസനവും
3. പ്രാദേശികസാമ്പത്തിക വികസനം
4. ദാരിദ്ര്യ ലഘൂകരണം
5. സാമൂഹ്യനീതി
6. വനിതവികസനം
7. പട്ടികജാതി വികസനം
8. ആരോഗ്യം
9. വിദ്യഭ്യാസം,കല,സംസ്കാരം,കായികം,യുവജനകാര്യം
10. പൊതുമരാമത്ത് , ഊർജ്ജം
11. പാർപ്പിടം
12. കുടിവെള്ളം
13. പൊതുഭരണവും, ധനകാര്യവും
14. നഗരാസൂത്രണം
15. ശുചിത്വം, മാലിന്യസംസ്കരണം
16. മത്സ്യബന്ധനം
17. ജൈവവൈവിധ്യ പരിപാലനം, പരിസ്ഥിതിസംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ദുരന്തനിവാരണം

പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ

പൊതുഭരണം – ഭരണനവീകരണം.

ഈസി ഓഫീസ് : നഗരസഭ ഈ വർഷം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ എക്സ്പ്രസ് കൗണ്ടർ ആധുനീകരിക്കുന്നതിനും, മുഴുവൻ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് തുടക്കം കുറിക്കാനും ഈ ബജറ്റ് പണം വകയിരുത്തും. ഇതിന്റെ ഭാഗമായി ഇ-ഗവേണൻസിലൂടെ നഗരസഭാസേവനങ്ങൾ മൊബൈൽആപ്പിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന പരിഷ്ക്കരണത്തിന് തുടക്കംകുറിക്കും. Easy Office എന്ന പേരിൽ ബഹുവർഷ പദ്ധതിയായി ഇത് നടപ്പിലാക്കും.

ഓഫീസ് നവീകരണം : നഗരസഭാഓഫീസിൽ പൊതുജനങ്ങൾക്ക് വേണ്ടി ലിഫ്റ്റും, പുതിയ ജനറേറ്റർ സ്റ്റേഷനും സ്ഥാപിക്കും. ഓഫീസിൽ ഭിന്നശേഷി സൗഹൃദടോയ്ലറ്റ് നിർമ്മിക്കും.

വാതിൽപ്പടി സേവനം : സർക്കാരിന്റെ വാതിൽപ്പടിസേവനം കാര്യക്ഷമമായി നഗരസഭയിൽ നടപ്പിലാക്കും.കിടപ്പിലായരോഗികൾ, മറ്റ് സഹായങ്ങൾ ലഭ്യമല്ലാത്ത ഭിന്നശേഷിക്കാർ, ഒറ്റക്ക് താമസിക്കുന്ന വയോജനങ്ങൾ എന്നിവർക്ക് എല്ലാ സേവനങ്ങളും .വാതിൽപ്പടിയിൽ എത്തിച്ചു നൽകും.

സോഷ്യൽ ഓഡിറ്റിംഗ് : നഗരസഭയുടെ വാർഷികപദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന്സ്വതന്ത്ര സോഷ്യൽ ഓഡിറ്റിംഗ് ടീമിന് രൂപം നൽകും. ഓരോ മേഖലകളിലും കഴിവ് തെളിയിച്ചവർ, റിട്ടയേർഡ് സർക്കാർജീവനക്കങ്കത,സാമൂഹ്യപ്രവർത്തകർ എന്നിവരെ സോഷ്യൽ ഓഡിറ്റിങ്ങ് ടീമിന്റെ ഭാഗമാക്കും.

1. പുതിയ കാലംപുതിയ നിർമ്മാണങ്ങൾ

ചമ്രവട്ടം ജംഗ്ഷനിൽ ബസ് സ്റ്റാൻഡ് : പൊന്നാനി ദ്രുതവേഗത്തിൽ വികസിച്ചു കൊണ്ടിരിക്കുകയാണ്. ദേശീയപാതവികസനത്തിന്റെ ഭാഗമായി ചമ്രവട്ടം ജംഗ്ഷൻ നഗരത്തിന്റെ ഏറ്റവും തിരക്കേറിയ കേന്ദ്രമായി മാറിക്കഴിഞ്ഞു. നഗരാസൂത്രണ നോട്ടിഫിക്കേഷൻ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ചമ്രവട്ടം ജംഗ്ഷനിൽ ആധുനീകരിച്ച രൂപത്തിൽ പുതിയ ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് പി.പി.പി അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കാൻ ഈ ബജറ്റ് ഒരു കോടി രൂപ നീക്കി വെക്കുന്നു. ബഹുവർഷപദ്ധതിയായി നഗരസഭയ്ക്കിത് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

ബസ് സ്റ്റാന്റ് നവീകരണം : അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.പി.നന്ദകുമാർ അവർകളുടേയും, (ഒരു കോടി) മുൻസ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണന്റേയും ആസ്തിവികസന ഫണ്ടിൽ നിന്നും ലഭിച്ച ഒന്നരക്കോടി രൂപ ഉപയോഗിച്ച് നിലവിലുള്ള ബസ് സ്റ്റാൻഡ് ആധുനീകരിച്ച് പുതുക്കിപ്പണിഞ്ഞ് ഈ വർഷം തന്നെ നാടിന് സമർപ്പിക്കും.

ശിശുസൗഹൃദ അങ്കണവാടികൾ : നഗരസഭയ്ക്ക് പുതുതായി സ്ഥലം വിട്ടുകിട്ടിയതടക്കം 6 അംഗനവാടികൾക്ക് ശിശുസൗഹൃദവും, പുതിയ കാലത്തിന്റെ രൂപഭംഗിയുള്ളതുമായ കെട്ടിടം നിർമ്മിക്കും. നിലവിലുള്ള പത്ത് അംഗനവാടികൾ സ്മാർട്ട് അംഗനവാടികളാക്കി മാറ്റും.

മുഹമ്മദാലി-മൈതാന നവീകരണം : ഖിലാഫത്ത്പ്രസ്ഥാനത്തിന്റെ കാലത്ത് അലി സഹോദരൻമാരിൽ ഒരാളായിരുന്ന മുഹമ്മദാലി പൊന്നാനിയിൽ വന്നപ്പോൾ ജനങ്ങളെ അഭിസംബോധന ചെയ്ത 36 ാം വാർഡിലെ മുഹമ്മദലി മൈതാനം ചിൽഡ്രൻസ് പാർക്കായി നവീകരിക്കും. ചെറിയ പൊതുപരിപാടികൾക്കാവശ്യമായ സൗകര്യം ഒരുക്കുന്ന കാര്യവും പരിഗണിക്കും.

സ്കിൽ പാർക്ക്-ഫിനിഷിംഗ് സ്ക്കൂൾ) : നഗരസഭയിൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് പ്രൊഫഷണൽ നൈപുണികളും, സംരഭകത്വകാഴ്ചപ്പാടുകളും പരിശീലിപ്പിക്കാൻ വിവിധോദ്ദേശ്യ പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിന് ഒരു ഫിനിഷിംഗ് സ്കൂൾ 'പൊന്നാനി നഗരസഭ സ്കിൽ പാർക്ക് ' ആരംഭിക്കും.

വിവിധോദ്ദേശ്യ ബഹുനിലമന്ദിരം
പഴയ നഗരസഭാഓഫീസ് കോമ്പൗണ്ടിൽ വിവിധോദ്ദേശ്യ ബഹുനിലമന്ദിരനിർമ്മാണത്തിന് തുടക്കം കുറിക്കും.

2. നിളയോരപാത- ടൂറിസം വികസനം

നിളയോര പാതയുടെ അരികിൽ അഞ്ച് പ്രധാനപദ്ധതികൾക്കാണ് ഇത്തവണ നഗരസഭ തുടക്കം കുറിക്കുന്നത്.

മോത്തിലാൽഘട്ട് ഓപ്പൺഎയർ ഓഡിറ്റോറിയം : പൊന്നാനിയുടെ സാംസ്കാരികപരിപാടികളുടെ ഇടമാക്കി മാറ്റാവുന്ന തരത്തിൽ മോത്തിലാൽഘട്ട് ഓപ്പൺഎയർ ഓഡിറ്റോറിയം എന്ന പേരിൽ തുടക്കം കുറിക്കും.

ബട്ടർഫ്ലൈസ് ചിൽഡ്രൻസ് പാർക്ക് : പൊന്നാനിയുടെയും, പൊന്നാനിക്ക് പുറത്തുള്ളവരുടേയും വിനോദസഞ്ചാരകേന്ദ്രമായി നിളയോരപാത മാറിക്കഴിഞ്ഞിരിക്കുന്നു. കുട്ടികളോടൊപ്പം കുടുംബസമേതം ഇവിടെയെത്തുന്നവർക്കായി ബട്ടർഫ്ലൈസ് ചിൽഡ്രൻസ് പാർക്ക് ആരംഭിക്കും.

ജെൻട്രൽ ന്യൂട്രൽ ഓപ്പൺജിംനേഷ്യം : സ്ത്രീകൾക്ക് പ്രാമുഖ്യം നൽകി ഒരു ജെൻട്രൽ ന്യൂട്രൽ ഓപ്പൺജിംനേഷ്യം നിളയോര പാതക്കരികിൽസ്ഥാപിക്കുന്നതിന് പണം മാറ്റി വെക്കും.

ടോയ്ലറ്റ് കോംപ്ലക്സ് – പേ പാർക്ക് : സഞ്ചാരികളുടെ കേന്ദ്രമെന്ന നിലയിൽ പുതിയ ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും, പേ പാർക്ക് സംവിധാനവും ഏർപ്പെടുത്തുന്നതിനും പ്രോജക്ട് രൂപീകരിക്കും

ടൂറിസം ഇൻഫോർമേഷൻ കേന്ദ്രം : നിളയോര പാതയ്ക്കരികിലായി നഗരസഭയുടെ പേരിൽ ഒരു ടൂറിസ്റ്റ് ഇൻഫോർമേഷൻ കേന്ദ്രവും, പൊന്നാനി പലഹാരങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന കുടുംബശ്രീ കഫേയും ആരംഭിക്കുന്ന കാര്യവും ബജറ്റ് പരിഗണിക്കുന്നു.

3. സാംസ്ക്കാരിക ഇരിപ്പിടങ്ങൾ (Floor of Harmony)

മറ്റെന്തിനും ഉപരിയായി മനുഷ്യരുടെ നന്മയിൽ വിശ്വാസമർപ്പിച്ച നാടാണ് പൊന്നാനി. ഈ നാടിന്റെ പ്രത്യയശാസ്ത്രം മാനവികതയാണ്. കവിമുറ്റവും , കടൽമുറ്റവും നിർമ്മിച്ച് മാനവികതയുടെ ചേർന്നിരിക്കലിന് (Floor of Harmony) സാംസ്കാരിക ഇരിപ്പിടമൊരുക്കിയ നഗരസഭയാണ് പൊന്നാനി. അതിന്റെ തുടർച്ചകളെ പതിനാലാം പഞ്ചവത്സരപദ്ധതി ഏറ്റെടുക്കും

അഴിമുറ്റം : ഏറെ പ്രകൃതിമനോഹരമായ പുതുപൊന്നാനി ബീവി ജാറത്തിന് സമീപം അഴിമുറ്റം എന്ന പേരിൽ പുതിയ സാംസ്കാരിക ഇരിപ്പിടം നിർമ്മിക്കും.
കായൽമുറ്റം : ബിയ്യം റഗുലേറ്റർ ബ്രിഡ്ജിന് സമീപത്തായി കായൽമുറ്റം എന്ന പേരിൽ സാംസ്ക്കാരിക ഇരിപ്പിടം നിർമ്മിക്കും. നിലവിൽ അവിടെ പ്രവർത്തിക്കുന്ന നാലുമണിപ്പൂക്കൾ എന്ന കുടുംബശ്രീ സംരഭത്തിന് ഈ പദ്ധതി ഉത്തേജനം നൽകും.
പുഴമുറ്റം : നിളയോരപാതയിൽ നിളാമ്യൂസിയത്തിനരികിൽ സംരംഭം എന്ന നിലയിൽ കുടുംബശ്രീ കഫറ്റീരിയയും, അതോടൊന്നിച്ച് പുഴമുറ്റം എന്ന പേരിൽ സാംസ്കാരികഇരിപ്പിടവും ഒരുക്കാൻ ബജറ്റിൽ പണം മാറ്റിവെക്കുന്നു.
നഗരമുറ്റം : കുണ്ടുകടവ് ജംഗ്ഷനിലെ ബസ് കാത്തിരിപ്പ്കേന്ദ്രവും, അതിനോടനുബന്ധിച്ചുള്ള പൊതുസ്ഥലവും നവീകരിച്ച് നഗരമുറ്റം സാംസ്ക്കാരികഇരിപ്പിടവും, അനുബന്ധ സൗകര്യങ്ങളും ഒരുക്കും.
പൊതുമുറ്റം : സിയാറത്ത്പള്ളിക്ക് സമീപം പൊതുഇടത്തിൽകുടുംബശ്രീ സ്നാക്സ് ഷോപ്പും, പൊതുമുറ്റം എന്ന പേരിൽ സാംസ്ക്കാരിക ഇരിപ്പിടവും പുതുതായി സജ്ജീകരിക്കും.
മാപ്പിളപ്പാർക്ക് നവീകരണം : പൊന്നാനി നഗരസഭയുടെ പ്രാചീന സാംസ്കാരികകേന്ദ്രമായി അടയാളപ്പെടുത്തപ്പെട്ട മാപ്പിളപ്പാർക്ക് സാംസ്കാരികഇരിപ്പിടം പദ്ധതിയിൽ നവീകരിക്കും.

4. സ്ത്രീസൗഹൃദ നഗരസഭ

–അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, സംരംഭം –

വിമൻസ് റിഫ്രഷ്മെന്റ് സെന്റർ : പൊന്നാനിയുടെ ഉൾപ്രദേശങ്ങളിൽ നിന്ന് ധാരാളം സ്ത്രീകൾ നമ്മുടെ നഗരസഭാ പരിധിയിൽ പലവിധ ജോലികൾക്കായി എത്തിച്ചേരുന്നുണ്ട്. ഇവർക്ക് വിശ്രമിക്കാനും, റിഫ്രഷ്മെന്റ് നടത്താനും നമ്മുടെ നഗരത്തിന്റെ പ്രധാന പ്രവേശനകവാടമെന്ന നിലയിൽ കുണ്ടുകടവ് ജംഗ്ഷനിൽ സ്ത്രീകൾക്ക് വേണ്ടി **റെസ്റ്റ് ആന്റ് റിഫ്രഷ്** എന്ന പേരിൽ പുതിയ ഒരു കേന്ദ്രം തുടങ്ങും. മികച്ച ടോയ്ലറ്റ് സംവിധാനം, വിശ്രമസ്ഥലം, പത്രമാസികകൾ എന്നീ സൗകര്യങ്ങൾ കേന്ദ്രത്തിൽ ഒരുക്കും. ഒരു സംരംഭമെന്ന നിലയിൽ ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക് ഇവിടെ ഒരു കഫറ്റീരിയ ആരംഭിക്കാനുള്ള സഹായം ലഭ്യമാക്കും.

5. ഷീ സ്കിൽസ് പൊന്നാനി പദ്ധതി

വിവിധ പഠനറിപ്പോർട്ടുകൾ പ്രകാരം തൊഴിലിടങ്ങളിലെ സ്ത്രീസാന്നിദ്ധ്യം കേരളത്തിൽ കുറവാണ്. ഏതൊരു നാടിന്റേയും വികസനത്തിന് അതാത് നാടുകളിലെ സമ്പൂർണ്ണ മാനവവിഭവശേഷിയുടെ സാന്നിദ്ധ്യം

അനിവാര്യമാണ്.പൊന്നാനി നഗരസഭയെ ഹൈ വുമൺവർക്ക്ഫോഴ്സ് പാർട്ടിസിപ്പേഷൻ ഉള്ള മാതൃകാമുനിസിപ്പാലിറ്റിയാക്കി മാറ്റുക എന്നതാണ് ഷീ സ്കിൽസ് പൊന്നാനി പദ്ധതിയുടെ ലക്ഷ്യം. ഇതിനു വേണ്ടി അഞ്ച് പ്രധാന സംരഭകപരിശീലന വിദ്യാഭ്യാസപദ്ധതി പതിനാലാം പഞ്ചവത്സരപദ്ധതിയിൽ രൂപീകരിക്കും

സ്മാർട്ട് ലേഡി : സ്ത്രീകളുടെ സാന്നിദ്ധ്യം ഇലക്ട്രോണിക്സ് പ്രോഡക്ട്സ് ആന്റ് സർവ്വീസസ് മേഖലയിൽവളരെ കുറവാണ്. നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞ മൊബൈൽ ഫോണുകൾ ഏതെങ്കിലും അവസരത്തിൽ റിപ്പയറിന് വേണ്ടി കൊടുക്കുമ്പോൾ, വ്യക്തിപരവും, ഔദ്യോഗികവുമായ വിവരങ്ങൾ ദുരുപയോഗപ്പെടുമോ എന്ന ഭയം എല്ലാവരിലുമുണ്ട്. സ്ത്രീകൾക്ക് അവരുടെ കാര്യങ്ങൾ തുറന്ന് സംസാരിക്കുന്നതിനോ, ഇത്തരം സർവ്വീസ്സെന്ററുകളിൽ ഒറ്റക്ക് പോകുന്നതിനോ അവർക്ക് കഴിയാതിരിക്കുന്നതിന്റെപ്രധാന കാരണം ഇത്തരം സർവ്വീസ് സെന്ററുകളിലെ സ്ത്രീകളുടെ അസാന്നിധ്യമാണ്. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തി, സ്ത്രീകൾക്കു മാത്രമായി സ്മാർട്ട് ലേഡി എന്ന പേരിൽ ഹാന്റ് സെറ്റ് റിപ്പയർ ടെക്നീഷ്യൻ ബാച്ച് ആരംഭിക്കാൻ ഈ ബജറ്റ് പണം വകയിരുത്തുന്നു. അസാപ്പിന്റെ ഇൻഡസ്ട്രി പാർട്ട്ണറുമായി ചേർന്ന് സ്ത്രീകൾ മാത്രമായ കേരളത്തിലെ ആദ്യത്തെ മൊബൈൽ റിപ്പയർ ആന്റ് സർവ്വീസ് സെന്റർ പൊന്നാനി നഗരസഭയിൽ ആരംഭിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വെക്കുന്നത്.

ലേഡി ബേക്കർ : നമ്മുടെ വീട്ടമ്മമാരിൽ ഭൂരിഭാഗത്തിനും പുറത്ത് പോയി ജോലി ചെയ്യാനുള്ള സാഹചര്യങ്ങൾ കുറവാണ്. ഇത്തരക്കാർക്ക് വീട്ടിലിരുന്നുകൊണ്ട് തന്നെവരുമാനമാർഗ്ഗം ഒരുക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിനിർദ്ദേശം ഈ ബജറ്റ് മുന്നോട്ട് വെക്കുന്നു. പാചക കലകളിൽ അഗ്രഗണ്യരായ നമ്മുടെ വീട്ടമ്മമാർക്ക് ക്രാഫ്റ്റ് ബേക്കിങ് മേഖലയിൽ പരിശീലനം നൽകുക വഴി കേക്കുകൾ, പാസ്റ്ററികൾ, മറ്റു ബേക്കറിഉൽപ്പന്നങ്ങൾ എന്നിവ വീട്ടിലെ ഒഴിവുസമയങ്ങളിൽ ഉണ്ടാക്കുവാനും, ഓഫ്ലൈൻ/ഓൺലൈൻ വിൽപ്പനയിലൂടെ സമ്പാദ്യത്തിന് തുടക്കം കുറിക്കാനും കഴിയും. ഇത്തരം ട്രെയിനിങ്ങ് നേടിയവരുടെ ഒരു മൈക്രോയൂണിറ്റ് നഗരസഭയിൽ ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യം വെയ്ക്കും

ഹൈഡ്രോപോണിക്സ് : കാർഷികമേഖലയിൽ സാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിച്ചുവരികയാണ്. കൃഷിയിലേർപ്പെടാൻ ഒരുപാട് ഭൂമി വേണമെന്ന സങ്കൽപ്പം പഴഞ്ചനായി തീർന്നിരിക്കുന്നു. മണ്ണില്ലാതെ ഏത് കാലാവസ്ഥയിലും കൃഷി ചെയ്യാവുന്നതും, മികച്ച വിളവ് ഉറപ്പാക്കുകയും ചെയ്യുന്ന ഹൈഡ്രോപോണിക് കൃഷിരീതി പരിശീലിപ്പിക്കാനും, അതൊരു സംരഭമായി വികസിപ്പിക്കാനും തുക മാറ്റി വയ്ക്കും

വീട്ടമ്മമാർക്ക് ഹലോ ഇംഗ്ലീഷ് : കോവിഡാനന്തരജീവിതത്തിൽ ഓൺലൈൻ മാധ്യമങ്ങളുടെ സാന്നിദ്ധ്യം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ പഠനം മുതൽ വീട്ടുസാധനങ്ങൾ വരെ ഓൺലൈനായി വാങ്ങുന്നതിന് നാം നിർബന്ധിതരായി. കുട്ടികൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നത് മുതൽ ഓൺലൈൻ ബാങ്കിങ്, ഷോപ്പിങ്, സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗം എന്നിവയ്ക്കും ഇംഗ്ലീഷ്ഭാഷയിലെ അടിസ്ഥാന പ്രാവീണ്യം അനിവാര്യമായിരിക്കുന്നു. ഇതില്ലാത്തതിനാൽ മെസ്സേജ് ഫ്രോഡിലും മറ്റും പെട്ട് പണം നഷ്പ്പെടുന്നവരിൽ വീട്ടമ്മമാരുടെ എണ്ണം കൂടുതലാണ്. ഗാമൂഹ്യമാധ്യമങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും ,ഓൺലൈൻ ബാങ്കിങ്ങ് കൂടുതൽ സുരക്ഷിതമായി നടത്താനും, കുട്ടികളുടെ ഓൺലൈൻ പഠനകാര്യങ്ങൾ ശ്രദ്ധിക്കാനും, വീട്ടമ്മമാരെ സഹായിക്കുന്നതിന് 100 മണിക്കൂർ നീണ്ടു നിൽക്കുന്ന ഹലോ ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കാൻ തുക വകയിരുത്തുന്നു

ബ്രിഡ്ജ് ടു ഡിഗ്രി : പ്ലസ്ടുവിന് ശേഷം കോളേജ് പഠനം സാദ്ധ്യമാകാത്ത നിരവധി സ്ത്രീകൾ നമ്മുടെ നഗരസഭയിലുണ്ട്. നീണ്ടഇടവേളക്ക് ശേഷവും ഡിഗ്രിപഠനം ആരംഭിക്കാൻ ആഗ്രഹിക്കുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. കൃത്യമായ ഗൈഡൻസ് ഇല്ലാത്തതിനാലും, പ്രായപരിധിയെ കുറിച്ചുള്ള ആശങ്കകളും ഇവരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്. ഇതിനെ മറികടക്കാൻ പൊന്നാനി നഗരസഭയിലെ സ്ത്രീകൾക്ക് ഈ ബജറ്റ് അവസരമൊരുക്കുകയാണ്. അസാപ് കേരളയും, ശ്രീനാരായണഗുരു ഓപ്പൺയൂണിവേഴ്സിറ്റിയേയും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നഗരസഭ നൽകുന്ന ഒരു ബ്രിഡ്ജ് കോഴ്സ് അറ്റൻഡ് ചെയ്തതിന് ശേഷം അവർക്ക് ശ്രീനാരായണ ഓപ്പൺയൂണിവേഴ്സിറ്റിയിലേക്ക് പ്രവേശനം നൽകുകയും, അതുവഴി അംഗീകൃത തൊഴിൽമേഖലയിലേക്ക് പ്രവേശിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്ന ഈ പദ്ധതി ഏറെ അഭിമാനത്തോടെ നടപ്പാക്കും

6. ഹാപ്പിനെസ്സ് സെന്റർ (EC & RC)

സാമൂഹ്യക്ഷേമമേഖലയിൽ ഈ സാമ്പത്തികവർഷം നാം ഒരു നൂതനപദ്ധതിക്ക് കൂടി തുടക്കം കുറിക്കുകയാണ്. പല കാരണങ്ങളാൽ മാനസികനില തകരാറിലായി തെരുവുകളിൽ അലയുന്നവരെ കണ്ടെത്തി, അവരെ റെസിഡൻഷ്യൽ സൗകര്യത്തോടെ സംരക്ഷിച്ച് സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിന്, ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് നഗരസഭയിൽ ഹാപ്പിനെസ്സ് സെന്റർ എന്ന പേരിൽ എമർജൻസി കെയർ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുകയാണ്.

ബാനിയൻസ് എന്ന എൻ.ജി.ഒ സംഘടനയുടേയും, പൊന്നാനിയിലെ പാലിയേറ്റീവ് മേഖലയിൽ വർഷങ്ങളായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ശാന്തി പെയിൻ ആന്റ് പാലിയേറ്റീവിന്റേയും സഹകരണത്തോട് കൂടിയാണ് നഗരസഭ ഹാപ്പിനെസ്സ് സെന്റർ എന്ന പേരിൽ ഈ കേന്ദ്രം ആരംഭിക്കുന്നത്. കേരളത്തിൽ ആദ്യമായാണ് ഒരു തദ്ദേശസ്വയഭരണസ്ഥാപനം ഇത്തരത്തിൽ ഒരു കേന്ദ്രം ആരംഭിക്കുന്നത്.

വികേന്ദ്രീകൃതാസൂത്രണത്തിന് നിരവധി മാതൃകകൾ നൽകിയ പൊന്നാനി നഗരസഭയുടെ ഈ വർഷത്തെ നൂതന മാതൃകാ പദ്ധതിയായി ഹാപ്പിനെസ്സ് സെന്റർ മാറും എന്നു നഗരസഭ പ്രതീക്ഷിക്കുന്നു.

7. മാനുഷം
പട്ടികജാതി സമഗ്രജീവനോദ്ധാരണ പദ്ധതി

പട്ടികജാതിപിന്നോക്കമേഖലയിലെ പ്രശ്നങ്ങൾ വ്യത്യസ്ത സാമൂഹ്യ ഘടകങ്ങളിലൂടെ മാത്രം പരിഹരിക്കാൻ കഴിയാവുന്ന ഒന്നാണ്. കോളനി എന്ന സങ്കൽപ്പത്തിൽ നിന്നും പുറത്ത് വന്ന് പൊതുസാമൂഹ്യവ്യവസ്ഥയുടെ ഭാഗമായി മാറാൻ പ്രസ്തുത വിഭാഗത്തെ പ്രാപ്തമാക്കാൻ കഴിയാവുന്ന തരത്തിൽ വികേന്ദ്രീകൃതാസൂത്രണപദ്ധതികൾ പുതുക്കിപ്പണിയേണ്ടതുണ്ട്. പ്രധാനമായും അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുക എന്ന സാമൂഹ്യസമീപനത്തിന് ശക്തി പകരണം. അതോടൊപ്പം ഇത്തവണ പൊന്നാനി നഗരസഭ പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് സർക്കാർതൊഴിൽ ലഭ്യമാകുത്തതിന് പ്രത്യേക മത്സരപരീക്ഷ പരിശീലനകേന്ദ്രങ്ങൾ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കാൻ പദ്ധതിയിൽ തുക വകയിരുത്തും

പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽ, ഭവനപുനരുദ്ധാരണം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, കലാകായികപ്രവർത്തനങ്ങൾ, അടിസ്ഥാനപാരമ്പര്യ കലകളുടെ സംരക്ഷണം എന്നിവ സമഗ്രമായി ഉൾച്ചേർത്ത് **മാനുഷം** എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് ബജറ്റിൽ രൂപം നൽകിയിട്ടുണ്ട്. മൈക്രോ പ്ലാനിങ്ങിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് സമഗ്രമായ ഡാറ്റ കളക്ഷൻ അനിവാര്യമാണ്. അതിന്റെഅടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ്, എം.പി, എം.എൽ.എ ആസ്തിവികസന ഫണ്ടുകൾ, നഗരസഭാ പദ്ധതി വിഹിതം, വിവിധ സംഘടനകളുടേയും കമ്പനികളുടേയും സോഷ്യൽ യൂട്ടിലിറ്റി ഫണ്ടുകൾ എന്നിവ സമഗ്രമായി സംയോജിപ്പിച്ച് ബഹുവർഷ പദ്ധതിയായാണ് ഇത് നടപ്പിലാക്കുന്നതിന് ലക്ഷ്യവിടുന്നത്.

8. നഗരാരോഗ്യം

നിലവിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കൂടാതെപുതിയ ചില പദ്ധതികൾ ആരംഭിക്കാൻ ബജറ്റ് പണം മാറ്റിവെക്കുന്നു.

മെഡിലാബ് ടെക് : ലാബ് ടെക്നീഷ്യൻ കോഴ്സ് കഴിഞ്ഞ കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ച് പുതിയ പ്രൊഫഷണൽ കുടുംബശ്രീയൂണിറ്റ് ആരംഭിച്ച്, 'മെഡിലാബ് ടെക് ' എന്ന പേരിൽ മൊബൈൽ ലാബ് സംവിധാനം ഒരുക്കും.

പുതിയ നഗരാരോഗ്യകേന്ദ്രങ്ങൾ : നഗരജനസംഖ്യക്ക് ആനുപാതികമായി , വികേന്ദ്രീകൃത ചികിത്സാ സംവിധാനം ഉറപ്പ് വരുത്തുന്നതിന് ആറ് പുതിയ നഗരാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കും.

പരിരക്ഷ രണ്ടാം യൂണിറ്റ് :പരിരക്ഷപദ്ധതി നിലവിൽ ഒരു യൂണിറ്റാണ് നമുക്കുള്ളത്. അത് വിപുലീകരിച്ച് പരിരക്ഷയുടെ രണ്ടാം യൂണിറ്റ് ആരംഭിക്കും. ഇതിന് വേണ്ടി പുതിയ വാഹനം, ഡോക്ടർ, നേഴ്സ് മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തും.

ഫിസിയോതെറാപ്പി കേന്ദ്രം : നമ്മുടെ നഗരത്തിൽസ്ട്രോക്ക്, പാരാലിസിസ് രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്. സാമ്പത്തികമായി വലിയ ബുദ്ധുമുട്ടുകൾ അനുഭവിക്കുന്നവരാണ് ഇത്തരം രോഗികളിൽ ഭൂരിഭാഗവും. അവരെ സഹായിക്കുന്നതിന് വേണ്ടി നഗരസഭ നേതൃത്വത്തിൽ ഒരു ഫിസിയോതെറാപ്പി കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതിയിൽ പണം മാറ്റിവെക്കുന്നു

ഡയാലിസിസ് സെന്റർ : നഗരസഭാ ഡയാലിസിസ് കേന്ദ്രം നമ്മുടെ അഭിമാന സ്ഥാപനമാണ്. ഡയാലിസിസ് കേന്ദ്രത്തിന് PMJVK കേന്ദ്ര– സംസ്ഥാനഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും. ഡയാലിസിസ് സെന്ററിലെ നഗരസഭാപരിധിയിലെ രോഗികൾക്ക് സർക്കാർ ഉത്തരവനുസരിച്ച് മുഴുവൻ തുകയും കൈമാറാനാവശ്യമായ പണം പതിനാലാം പഞ്ചവത്സരപദ്ധതിയിൽ വകയിരുത്തും

"Live a life @ Dialysis Ponnani " : അതോടൊപ്പം അഭിമാനകരമായ മറ്റൊരു പദ്ധതിക്ക് നാം തുടക്കം കുറിക്കുകയാണ്. നമ്മുടെ നഗരസഭാ ഡയാലിസിസ് സെന്ററിൽ കയ്യിലൂടെയുള്ള ഡയാലിസിസിന് മാത്രമാണ് സൗകര്യമുള്ളത്. ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലൂടെ ഡയാലിസ് ചെയ്യുന്ന നമ്മുടെ നഗരസഭാ പരിധിയിലെ രോഗികൾക്ക് പ്രതിമാസം 4000/– രൂപ ധനസഹായം നൽകുന്ന"Live a life @ Dialysis Ponnani " പദ്ധതിക്ക് തുടക്കം കുറിക്കാൻ ഈ പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്തുന്നു.

സൈൻ @പൊന്നാനി പാലിയേറ്റീവ് : നഗരസഭയുടെ ഭിന്നശേഷി സംരക്ഷണപദ്ധതിയായ അനുയാത്ര, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, നഗരസഭാ ഡയാലിസിസ്കേന്ദ്രം, മാനസികരോഗികൾക്ക് വേണ്ടി നഗരസഭ പുതുതായി ആരംഭിക്കുന്ന ഹാപ്പിനെസ് സെന്റർ (EC&RC), നഗരസഭയുടെ പരിരക്ഷാ , ആശ്രയ പദ്ധതികൾ, എന്നിവയെല്ലാം സംയോജിപ്പിച്ച് സൈൻ@ പൊന്നാനി പാലിയേറ്റീവ് കോ- ഓർഡിനേഷൻ പദ്ധതിക്ക് രൂപം നൽകും.

10. വിദ്യാഭ്യാസം

റീമെച്ചർ ക്ലാസ് റൂം-ഓൾ ആർ ഈകൽ : യു.പി ക്ലാസ് തലം മുതൽ തന്നെക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സഹായത്തോടെ ശാസ്ത്രീയമായ രീതികൾ അവലംബിച്ച് വിദ്യാർത്ഥികളിൽ ജെന്റർ ഇക്വാളിറ്റിയുടെ അവബോധം വളർത്തുന്നതിന് ഓൾ ആർ ഈകൽ റീമെച്ചർക്ലാസ് റൂം പദ്ധതിക്ക് തുടക്കം കുറിക്കും.

ഗണിത കേളി : പ്രൈമറിക്ലാസുകളിലെ വിദ്യാത്ഥികൾക്ക് ഗണിതപഠനം രസകരമായി സ്വായത്തമാക്കാൻ ഗണിതകേളി പദ്ധതിക്ക് തുടക്കം കുറിക്കും.

ഫിസിക്സ് ലാബ് : പൊന്നാനി നഗരസഭയ്ക്ക് കീഴിലുള്ള ഏക സർക്കാർ ഹയർസെക്കണ്ടറിസ്കൂളായ തൃക്കാവ് ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ ആധുനിക സംവിധാനങ്ങളുള്ള ഫിസിക്സ് ലാബ് സ്ഥാപിക്കും
.

പി - ക്യാപ് : വിദ്യാർത്ഥികളുടെ അഭിരുചിയുടെ നിലവാരവും താൽപര്യവുമുള്ള മേഖലയും തിരിച്ചറിയുന്നതിനും, കരിയർ തീരുമാനങ്ങൾ എടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും വേണ്ടി നഗരസഭാ പരിധിയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടി നഗരസഭ ഒരുക്കുന്ന പുതിയ പദ്ധതിയാണ് 'പൊന്നാനി - കരിയർ ആപ്റ്റിറ്റ്യൂഡ് പ്രോഗ്രാം'. അസാപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും പദ്ധതിയിൽ വകയിരുത്തും

നീന്തൽ പരിശീലനം : നഗരസഭാപരിധിയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനത്തിന് നഗരസഭ വേദിയൊരുക്കും.

ഹാപ്പി ഡെയ്സ് ഷീ പാഡ് പദ്ധതി, ടാലന്റ് ലാബ്, ലീപ് ഫോർവേഡ് കായിക പരിശീലനപദ്ധതി എന്നിവ തുടരും. സർക്കാർസ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുന്നു.

11. സാംസ്കാരികം- ഗ്രന്ഥശാലകൾ

പെരുന്നാൾ നിലാവ് : സാംസ്ക്കാരിക മഹോത്സവവും , വാവ് വാണിഭ പൈതൃകമഹോത്സവവും തുടരും. അതോടൊപ്പം പൊന്നാനിയുടെ പഴയകാല അടയാളങ്ങളെ തിരിച്ചെടുക്കുന്ന 'പെരുന്നാൾ നിലാവ് ' സാംസ്ക്കാരിക പരിപാടിക്ക് നഗരത്തിൽ . തുടക്കം കുറിക്കും

ഉറൂബ് സാംസ്കാരികസമിതി : ഉറൂബ് വായനശാലക്ക് കീഴിൽ നഗരസഭ രൂപീകരിച്ച ഉറൂബ് സാംസ്കാരിക സമിതിയെ നഗരസഭയുടെ സാംസ്ക്കാരിക പരിപാടികളുടെ കോ - ഓർഡിനേഷൻ കേന്ദ്രമാക്കി ഉയർത്തും.

ഉറൂബ് വായനശാല : നഗരസഭയുടെ ഉറൂബ് വായനശാലയുടെ കെട്ടിട നിർമ്മാണം ഈ വർഷത്തിൽ പൂത്തീകരിക്കും. വായനശാല ഡിജിറ്റലൈസ് ചെയ്ത് റഫറൻസ് ലൈബ്രറിയുടെ നിലവാരത്തിലേക്ക് ഉയർത്തും. കോട്ടത്തറ സഹൃദയ ഗ്രന്ഥാലയം നഗരസഭ ഏറ്റെടുക്കും.

ജനകീയവിജ്ഞാനകേന്ദ്രം : നഗരസഭാ പരിധിയിലെ വായനശാലകളെ ജനകീയ വിജ്ഞാനകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും, ഭൗതിക സാഹചര്യവികസനത്തിനും സാമ്പത്തിക സഹായം നൽകും.

12. കായികം, യുവജനക്ഷേമം

മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ : നഗരസഭയിലെ കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ടി സർക്കാർ മാർഗ്ഗനിദ്ദേശങ്ങൾ പാലിച്ച് മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന് രൂപം നൽകും.

യൂത്ത് കോർഡിനേറ്റർ : നഗരസഭാപരിധിയിലെ യുവജനക്ഷേമ പ്രവർത്തനങ്ങളെ ഏകോപ്പിപ്പിക്കുന്നതിന് യൂത്ത് കോ-ഓർഡിനേറ്ററെ നിയമിച്ചു.

ഗെയിംസ് ഫെസ്റ്റ് : ഫുട്ബോൾ, കബഡി, ക്രിക്കറ്റ്, ബാഡ്മിന്റൺഇനങ്ങളിൽ നഗരസഭാ തലത്തിൽ ഗെയിംസ് ഫെസ്റ്റ് സംഘടിപ്പിക്കും.

നഗരസഭക്ക് സ്വന്തം ടീമുകൾ : ഈ വർഷം ഫുട്ബോൾ, കബഡി എന്നീ ഇനങ്ങളിൽ നഗരസഭക്ക് സ്വന്തമായി ടീമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ക്ലബ്ബുകൾക്ക് പരിശീലനം : സാമൂഹ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇടപെടാൻ ഉതകുന്ന തരത്തിൽ യുവത്വത്തെ സജ്ജമാക്കുന്നതിന് വേണ്ടി നഗരസഭയിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സോഷ്യൽ ഇൻവോൾവ്മെന്റ് ബിൽഡ്അപ്പിൽ പരിശീലനം നൽകും.

13. കാർഷികം

കാർഷിക കർമ്മസേന – കാർഷികപ്രവർത്തനങ്ങളെ സമഗ്രമായി സംയോജിപ്പിക്കുന്നതിന് വേണ്ടി കാർഷിക കർമ്മസേന രൂപീകരിക്കും. തൊഴിലുറപ്പ്, ഹരിത കർമ്മസേന എന്നിവയെ ഉൾക്കൊള്ളിച്ച് ഒരു തൊഴിൽസേനയായി ഇതിനെ വിപുലീകരിക്കും. തവനൂർ കാർഷികഎഞ്ചിനീയറിങ്ങ് കോളേജ്, അഗ്രിക്കൾച്ചർVHSE വിദ്യാർത്ഥികൾ എന്നിവരുടെ സേവനം പദ്ധതിക്ക് വേണ്ടി ആവശ്യപ്പെടും.

ജൈവവള നിർമ്മാണ യൂണിറ്റ് – കാർഷികകർമ്മസേനയുടെ വിപുലീകരണം എന്ന നിലയിലും, ഈ മേഖലയിലെ പുതിയ സംരംഭം എന്ന നിലയിലും, ജൈവവള നിർമ്മാണ യൂണിറ്റിന് തുടക്കം കുറിക്കാൻ പതിനാലാം പഞ്ചവത്സരപദ്ധതിയിൽ പണം നീക്കിവെക്കുന്നു.

ഫാം ഫ്രഷ് @ ഹോം – ഗൃഹാങ്കണ പച്ചക്കറി തോട്ടം – നഗരസഭയിലെ 500 വീടുകളിൽ ഫാം ഫ്രഷ് @ ഹോം എന്ന പേരിൽ ഗൃഹാങ്കണ പച്ചക്കറിതോട്ടങ്ങൾ നഗരസഭ നിർമ്മിച്ച് നൽകും. തൊഴിലുറപ്പ് ലേബർ ബാങ്കിനെ പദ്ധതിയുമായി സംയോജിപ്പിക്കും.

നഗരസഭ നഴ്സറിയുടെ ആധുനീകരണം– മുനിസിപ്പൽ നഴ്സറി ആധുനീകരിക്കും. തൊഴിൽവിപുലീകരണം ലക്ഷ്യമിട്ട് നഗരസഭാനഴ്സറിയെ സംരംഭകകേന്ദ്രം എന്ന നിലയിൽ ഉയർത്തും. സമീപ പഞ്ചായത്തുകളിലെ കാർഷിക പദ്ധതികൾ ഏറ്റെടുക്കുന്ന തരത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാനും, പുതിയ തൊഴിൽ ഉറപ്പ് വരുത്താനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കും. നഗരസഭാ നഴ്സറിയ്ക്ക് പുതിയ ഭരണസമിതി രൂപീകരിക്കും.

കർഷക പാർലിമെന്റ് – കാർഷിക ഉൽപ്പന്നങ്ങളുടെ വിളവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി വ്യത്യസ്തമേഖലകളിലുള്ള കർഷകരുടെ കൂട്ടായ്മ കർഷക പാർലിമെന്റ് എന്ന പേരിൽ വിളിച്ചുചേർക്കും. നെല്ല്, തേങ്ങ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഗൃഹാങ്കണ പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടേയും, കൃഷിക്കാരുടേയും സംയുക്തമായ കൂടിച്ചേരലും പ്രായോഗികപദ്ധതികളുടെ ആവിഷ്കരണവുമാണ് കർഷക പാർലമെന്റ് ലക്ഷ്യം വെക്കുന്നത്.

പൊന്നാനിയുടെ അഭിമാനമായ പൊന്നാര്യൻ കൊയ്യും പൊന്നാനി പദ്ധതിയും മറ്റ് കാർഷിക പദ്ധതികളും തുടരും.

14. മൃഗസംരക്ഷണം

എഗ്ഗ് ഷോപ്പി

നഗരസഭയിലെ മൃഗാശുപത്രികൾ, അർബൻ കിയോസ്ക്കുകൾ എന്നിവ കേന്ദ്രീകരിച്ച് ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക് നാടൻ കോഴിമുട്ടകൾ ഉൾപ്പെടെയുള്ളവ സംഭരിക്കാനും വിൽക്കാനുമുള്ള എഗ്ഗ് ഷോപ്പി കേന്ദ്രങ്ങൾ ആരംഭിക്കും.

ആട് – കോഴി വളർത്തൽ

വ്യാവസായികാടിസ്ഥാനത്തിൽ ആട്, നാടൻ കോഴി എന്നിവ വളർത്തുന്ന സംരഭത്തിന് മുന്നോട്ട് വരുന്നവർക്ക് NULM മുഖേന ബാങ്ക് വായ്പ ഉറപ്പ് വരുത്തുകയും പലിശ സബ്സിഡി അനുവദിക്കുന്നതിനും തുക മാറ്റി വെക്കുന്നു.

15.പാർപ്പിടം – മാലിന്യ സംസ്ക്കരണം

സ്കീം ഓഫ് വർക്ക്

നഗരസഭക്ക് പുതുതായി അനുവദിച്ച DPR ലെ ഭവന നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് സ്കീം ഓഫ് വർക്ക് തയ്യാറാക്കും. പഴയ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്കുള്ള കുടിശ്ശിക നൽകാൻ തുക വകയിരുത്തും.

റിങ്ങ് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്

മാലിന്യസംസ്കരണത്തിന്റെ ഭാഗമായി 10000 റിങ്ങ് കമ്പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യും. ഇതിന്റെ ഭാഗമായി ഹരിത കർമ്മസേനക്ക് പ്രാമുഖ്യം നൽകി പുതിയ റിംഗ് കമ്പോസ്റ്റ് നിർമ്മാണയൂണിറ്റ് പുതിയ സംരംഭം എന്ന നിലയിൽ ആരംഭിക്കും.

മിനി എം.സി.എഫ്

നഗരസഭയിലെ 51 വാർഡിലും മിനി എം.സി.എഫ് കേന്ദ്രങ്ങൾ ആരംഭിക്കും.

വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണസംവിധാനങ്ങൾ ഉറപ്പു വരുത്തും.

പത്ത് വാർഡുകളെ മാതൃകാശുചിത്വവാർഡുകളാക്കി മാറ്റാൻ പുതിയ പദ്ധതി തയ്യാറാക്കും.

16. മണ്ണ്–ജലം–പരിസ്ഥിതി

ജലസമൃദ്ധം

നഗരസഭാപരിധിയിലെ അഞ്ച് വലിയ കുളങ്ങൾ പരിഷ്കരിച്ച് സംരക്ഷിക്കുന്നതിനും, പൊതുകിണറുകൾ സമാനരൂപഭംഗിയോടെ നവീകരിക്കുന്നതിനും ജലസമൃദ്ധം എന്ന പേരിൽ പദ്ധതി നടപ്പിലാക്കും.

ജൽ ജീവൻമിഷൻ

എല്ലാ വീടുകളിലും കുടിവെള്ളം നേരിട്ടെത്തിക്കുന്ന ജൽജീവൻമിഷൻ പദ്ധതി നഗരസഭയിൽ സമഗ്രമായ അർത്ഥത്തിൽ നടപ്പിലാക്കും. ഇത് ബഹുവർഷ പദ്ധതിയായി മാത്രമേ നമുക്ക് പൂർത്തീകരിക്കാൻ കഴിയൂ.

വാട്ടർ എ.ടി.എം

നഗരത്തിലെ പ്രധാനപ്പെട്ട അഞ്ച് കേന്ദ്രങ്ങളിൽ ഒരു രൂപക്ക് ഒരു ലിറ്റർ ശുദ്ധജലം തണുപ്പിച്ചും അല്ലാതെയും ലഭിക്കുന്ന അഞ്ച് വാട്ടർഎ.ടി.എം.–കൾസ്ഥാപിക്കും.

ജൈവവൈവിദ്ധ്യ ഉദ്യാനം

നഗരസഭയുടെ ആസ്തിയിലുള്ള നൈതല്ലൂരിലെ സ്ഥലത്ത് ജൈവവൈവിദ്ധ്യഉദ്യാനത്തിന് തുടക്കം കുറിക്കും. ഇതും ബഹുവർഷ പദ്ധതിയായി മാത്രമേ നമുക്ക് ഏറ്റെടുക്കാൻ കഴിയൂ.

17. ദുരന്തനിവാരണം

ദുരന്തനിവാരണസേന

അടിയന്തിരസാഹചര്യങ്ങളിലെ പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിന് ദുരന്തനിവാരണസേനക്ക് രൂപം നൽകും. ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പണം വകയിരുത്തും.

സ്നേക് റെസ്ക്യൂ ടീം

പലപ്പോഴും പാമ്പുൾപ്പെടെയുള്ള ക്ഷുദ്രജീവികളെ പിടിക്കാൻ ഒരുപാട് ദൂരെ നിന്ന് റെസ്ക്യൂവേഴ്സിനെ കാത്തിരിക്കേണ്ട അവസ്ഥ നിലവിലുണ്ട്. ദുരന്തനിവാരണസേനയുടെ ഭാഗമായി പാമ്പുപിടുത്തപരിശീലനം വനം വകുപ്പുമായി യോജിച്ച് നടപ്പിലാക്കും. സ്നേക്ക് റെസ്ക്യൂ എന്ന പേരിൽ ഇതൊരു പദ്ധതിയായി നടപ്പിലാക്കാൻപണം വകയിരുത്തും.

18. ഭിന്നശേഷി വിഭാഗം

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ വിദ്യാർത്ഥികളുടെ തൊഴിൽ പരിശീലന സാദ്ധ്യതയെ കുറിച്ച് പഠനം നടത്തും. ഇതിനു വേണ്ടി വിശദമായ ശിൽപ്പശാല സംഘടിപ്പിക്കും.ഭിന്നശേഷി കലോത്സവം സംഘടിപ്പിക്കും. നഗരസഭയുടെ നൂതനപദ്ധതികളിൽ ഒന്നായ അനുയാത്ര പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കും. ആവശ്യമായ തസ്തികളിലേക്ക് നിയമനം നടത്തും.

ഭിന്നശേഷിക്കാരിൽസാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകൾ നിർമ്മിക്കും.

19. മത്സ്യ മേഖല

ഡ്രെയിൻ മാപ്പിംഗ്

തീരദേശമേഖലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സമഗ്രതീരദേശഅഴുക്കുചാൽ പദ്ധതിക്ക് തുടക്കം കുറിക്കും.

പെൺകുട്ടികൾക്ക് സൈക്കിൾ

സംസ്ഥാനസർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യും.

ലാപ്ടോപ്പ്

ഡിഗ്രി, പി.ജി , പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ലാപ്ടോപ് നൽകുന്ന പദ്ധതി തുടരും.

ജീവൻരക്ഷാഉപകരണങ്ങൾ

രജിസ്റ്റർ ചെയ്ത യന്ത്രവത്കൃത യാനങ്ങളിലെ തൊഴിലാളികൾക്ക് ജീവൻരക്ഷാ ഉപകരണങ്ങൾ നൽകും.

ഫിഷ് ബൂത്ത്

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പുഴ-കായൽ മത്സ്യങ്ങളുടെ വിപണന ബൂത്ത് ആരംഭിക്കുന്നതിന് സംരംഭകത്വ സഹായം നൽകും

പൊന്നാനി ഫിഷ്

കുടുംബശ്രീയൂണിറ്റുകൾ തയ്യാറായി വരുന്ന മുറക്ക് മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണയൂണിറ്റ് സംരംഭകത്വപദ്ധതിയിൽ ആരംഭിക്കുന്നതിന് നഗരസഭ സഹായം നൽകും

പ്രതിഭാതീരം

മത്സ്യത്തൊഴിലാളിമേഖലയിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രതിഭാതീരം പഠനപരിപോഷണ പദ്ധതി നടപ്പിലാക്കും.

20. മണൽതൊഴിലാളി ഇൻഷുറൻസ്

മണൽതൊഴിലാളി ഇൻഷുറൻസ്

കേരളത്തിന് മാതൃകയായി നാം രൂപം കൊടുത്ത പൊന്നാനി മോഡൽ മണൽഖനനപദ്ധതി നമ്മുടെ നാടിന് അഭിമാനമായി നിലകൊള്ളുകയാണ്. നിലവിൽ ഈ മേഖലയിൽ നഗരസഭാ തൊഴിലാളികളായി ജോലി ചെയ്യുന്ന 323 പേരെയും ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ തുക വകയിരുത്തും.

21. സാക്ഷരത

തീരസാക്ഷരത – കടലോരമേഖല കേന്ദ്രീകരിച്ച് 4,7 തുല്യതപരിശീലനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും

കലോൽസവം – തുടർസാക്ഷരത പഠിതാക്കൾക്ക് സാക്ഷരതാകലോൽസവം സംഘടിപ്പിക്കും.

തുല്യത ഊർജ്ജിതം – തുടർസാക്ഷരത പദ്ധതിയുടെ പ്രചാരണം വർദ്ധിപ്പിച്ച് വനിതകൾക്ക് എല്ലാ തുടർസാക്ഷരതപദ്ധതിയും സൗജന്യമാക്കി തുല്യത ഊർജ്ജിതം എന്ന പേരിൽ പദ്ധതി നടപ്പിലാക്കും

22. പ്രവാസി – സംരംഭം – പരിശീലനം

മഹാമാരിയുടെ കാലത്ത് പല കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ച് വന്ന പ്രവാസികളുടെ എണ്ണം ഏറെ കൂടുതലാണ്. പ്രവാസിക്ഷേമപദ്ധതികൾ പൂർണ്ണമായും സംസ്ഥാനസർക്കാർ നേരിട്ട് നോർക്കറൂട്ട്സിലൂടെയാണ് നിർവ്വഹിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ടുള്ള സമാശ്വാസ പദ്ധതികൾക്ക് പരിമിതികളുണ്ട്. എങ്കിലും പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായ ഇടപെടലുകൾ നടത്താൻ നഗരസഭ ആഗ്രഹിക്കുന്നു.

സ്റ്റാർട്ട് അപ് സ്റ്റേഷൻ.

നഗരസഭയുടെ NULM വിഭാഗത്തെ വിവിധസംരഭങ്ങളുടെ സ്റ്റാർട്ട് അപ് സ്റ്റേഷനാക്കി പുനക്രമീകരിക്കും. താലൂക്ക് വ്യവസായകേന്ദ്രം, നോർക്ക റൂട്സ് എന്നിവയുടെ സഹായം സ്റ്റാർട്ട് അപ് സ്റ്റേഷനിൽ ലഭ്യമാക്കും. ബാങ്ക് വായ്പഉൾപ്പെടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സംരഭകത്വക്ലിനിക്കായി സ്റ്റാർട്ടപ്പ് സ്റ്റേഷനെ മാറ്റും.

തൊഴിൽമേള

അഭ്യസ്തവിദ്യരായവർക്ക് തൊഴിലുകൾ സംഘടിപ്പിച്ചു നൽകാൻവിവിധ കമ്പനികളുമായി ചേർന്ന് തൊഴിൽമേള സംഘടിപ്പിക്കും. ഇതിന്റെ ആദ്യപടിയായി നഗരസഭയിൽ പ്രൊഫഷണൽ ഡാറ്റബാങ്ക് രൂപീകരിക്കും.

ലേബർ ബാങ്ക്

അനുബന്ധമായി അൺസ്കിൽഡ് തൊഴിലാളികളുടെ വിവരശേഖരണം പൂർത്തീകരിച്ച് ഭാവിയിൽ നഗരസഭയുടെ ലേബർബാങ്കാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളെ ഏറ്റെടുക്കും.

22 നൂതനപരിശീലനപദ്ധതികൾ

ഡിജിറ്റൽ മാർക്കറ്റിങ്

അഭ്യസ്തവിദ്യർക്കും വിദേശത്ത് തൊഴിൽ നേടാൻആഗ്രഹിക്കുന്നവർക്കും വേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികളിൽ ഒന്നാണിത്. ആധുനിക ടെക്നോളജിയിൽ പരിശീലനം നേടിയ ഒരു സ്കിൽഡ് പൂൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്തൃവിഹിതത്തോടെ ഗവ.സർട്ടിഫിക്കറ്റ് ഉറപ്പുനൽകുന്ന പരിശീലനപദ്ധതിയായാണ് ഇത് നടപ്പാക്കുന്നത്. തൊഴിൽ ഉറപ്പുനൽകുന്ന പരിശീലനപദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

ഫുൾസ്റ്റാക്ക് ഡവലപ്പർ

ഐ.ടി. കോഴ്സുകൾ പാസായിട്ടുള്ള നിരവധി അഭ്യസ്തവിദ്യർ നമ്മുടെ നാട്ടിലുണ്ട്. ഇവർക്ക് എളുപ്പത്തിൽ തൊഴിലിലേക്ക് പ്രവേശിക്കാനുള്ള പരിശീലന പദ്ധതിയായാണ് ഫുൾസ്റ്റാക്ക് ഡവലപ്പർ പരിശീലനപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തൊഴിൽ ഉറപ്പു നൽകുന്ന മറ്റൊരു പരിശീലനപദ്ധതിയാണ് ഇത്. അഭ്യസ്തവിദ്യരെ ഹൈലി ടാലന്റഡ് ജോബ് റോളുകളിലേക്ക് എത്തിക്കലാണ് പരിശീലനത്തിന്റെയും പദ്ധതിയുടേയും ലക്ഷ്യം.

വായ്പാബന്ധങ്ങൾ

നിലവിൽ രൂപീകരിക്കപ്പെട്ട പദ്ധതിയിൽ വായ്പാബന്ധം സൃഷ്ടിക്കുന്നതിന്റെ ആവശ്യകത ഇല്ലെങ്കിലും നവകേരളമിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന ലൈഫ് മിഷൻ , പണി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, ലൈഫ് മിഷൻ ഭൂരഹിതരായ വ്യക്തികളുടെ ഭവനനിർമ്മാണം എന്നീ പദ്ധതികൾക്കായി ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനും ടി തുക വാർഷികപദ്ധതിയിലുൾപ്പെടുത്തി അടവാക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. നഗരസഭാകെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി കെ.യു.ആർ.ഡി.എസ്.സി–യിൽ നിന്നും എടുത്ത വായ്പ വാർഷികപദ്ധതിയിൽ തുക വകയിരുത്തി തിരിച്ചടവാക്കുന്നുണ്ട്.

സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

കാർഷികമേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.നഗരസഭയിൽ ഉപഗ്രഹസഹായത്തോടുകൂടി പാടശേഖര സർവ്വേനടത്തി തരിശു നിലങ്ങൾ കണ്ടെത്തി അവ കൃഷി യോഗ്യമാക്കുന്നതിന് ഹരിതകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.ഇത് കാർഷികമേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന ഒരു പദ്ധതിയായി മാറുമെന്ന് നിസ്സംശയം പറയാം.പൊൻചാമ്പ വിളയും പൊന്നാനി, കിഴങ്ങ് വർഗ്ഗ വിത്തുവിതരണം,പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ എന്നിവ ഈ മേഖലയിൽ വികസന പദ്ധതികൾക്ക് പുതിയ കാഴ്ച്ചപ്പാടുകൾ സൃഷ്ടിക്കുമെന്ന് പ്രത്യാശിക്കാം

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കനോലി കനാലിന്റെ ശുചീകരണ പ്രക്രിയക്കാവശ്യമായ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ മേഖലയുടെ സമഗ്രമായ വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം കുട്ടികളുടെ പഠനനിലവാരവും മാനസികനിലവാരവും ഉയർത്തക്കവിധത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനത്തിന് വനിതകൾക്ക് പുതിയതൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതുമായ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സമീപനങ്ങൾ മാതൃകാപരമാണ്.പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിനും വീടുകൾ നിർമ്മിക്കുന്നതിനും വീടുകളുടെ അറ്റകുറ്റപ്പണിക്കും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.അങ്കണവാടികൾ,ആശുപത്രികൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ പൊതുസ്ഥിതി മെച്ചപ്പടുത്തുന്നതിനും സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും മത്സ്യമേഖലയുടെ വികസനത്തിനുതകുന്ന തരത്തിലുള്ള പ്രോജക്റ്റുകളും ഉൾപ്പടുത്തിയിട്ടുണ്ട്.റോഡുകളും മറ്റുപശ്ചാത്തല സൗകര്യങ്ങൾ, കുടിവെള്ള വിതരണം എന്നിവ മെച്ചപ്പടുത്തുന്നതിനാവശ്യമായ പദ്ധതികളുമുണ്ട്.

ഇത്തരത്തിൽ കാർഷികവിളകളുടെ അഭിവൃദ്ധിക്കും സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരുടെ സാമൂഹ്യസുരക്ഷിതത്വത്തിനും ഫലപ്രദമായ ഇടപെടലുകൾ വിഭാവനം ചെയ്യുന്ന തരത്തിൽ പദ്ധതികൾ സംയോജിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടെന്ന് പറയാം.